RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



Vol. 12 2021 February No. 02

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 12 ഫെബ്രുവരി - 2021 ലക്കം 02**

ഒറ്റപ്രതി 10 രൂപ വാര്‍ഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................................... | 05 |
| ഇടയലേഖനം ........................................................... | 12 |
| *പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ...* | 20 |
| രൂപതാകച്ചേരി വാർത്തകൾ ........................................ | 26 |
| വൈദികരുടെ മാസധ്യാനം.......................................... | 28 |
| മതബോധനരംഗം ..................................................... | 32 |
| ചെറുപുഷ്പ മിഷൻലീഗ് .............................................. | 34 |
| *Department of Youth Ministry* ...................................... | 44 |
| കെ.സി.വൈ.എം ........................................................ | 51 |
| കുടുംബപ്രേഷിതത്വം ................................................... | 59 |
| സീയോൻ വാർത്തകൾ ................................................ | 66 |
| വിൻസന്റ് ഡി പോൾ സൊസൈറ്റി.................................. | 67 |
| സാമൂഹ്യ സേവനരംഗം (WSSS)..................................... | 69 |
| ബയോവിൻ അഗ്രോ റിസർച്ച്........................................ | 74 |
| നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി............................ | 79 |
| കത്തോലിക്കാ കോൺഗ്രസ്സ് ........................................ | 82 |
| ജനസംരക്ഷണ സമിതി .............................................. | 84 |
| റേഡിയോ മാറ്റൊലി ................................................... | 86 |
| ജയിൽ മിനിസ്ട്രി ......................................................... | 88 |
| വിദ്യാഭ്യാസ മേഖല ..................................................... | 89 |

# സർക്കുലർ

***Circular Letter No. 01/2021***
***Prot. No. 24257/2021***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ,

കേരളത്തിലെ ക്രൈസ്തവരുടെ അഥവാ ക്രൈസ്തവ സമുദായത്തിന്റെ ജീവിതവും വെല്ലുവിളികളും പ്രതിസന്ധികളും വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന കാലമാണല്ലോ ഇത്. ഈ വിഷയവും അനുബന്ധ വിഷയങ്ങളും സമൂഹ മാധ്യമങ്ങളിൽ ചർച്ച ചെയ്യാനുള്ള സാദ്ധ്യതകൾ ഇന്ന് ഏവരുടേയും മുമ്പിലുണ്ട്. സാമുദായിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വെല്ലുവിളികൾ തിരിച്ചറിയുന്നതിനും നീതിനിഷേധങ്ങൾ ചോദ്യം ചെയ്യുന്നതിനും യുവജനങ്ങൾ തന്നെ മുന്നോട്ടു വന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. വിവിധ ക്രൈസ്തവ സമൂഹങ്ങളിൽപ്പെട്ടവർ നവമാധ്യമങ്ങളിലും സഭാവൃത്തങ്ങളിലും നിരന്തരമായി നടത്തുന്ന ചർച്ചകളും പഠനങ്ങളും സർക്കാരിൽ നിന്ന് തന്നെ ലഭിക്കുന്ന വിവരങ്ങളും വിരൽ ചൂണ്ടുന്നത് ക്രൈസ്തവ സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിലേയ്ക്കാണ്.

കേരളത്തിലെ ക്രൈസ്തവ സമുദായത്തിന് ഇത്തരമൊരു പിന്നോക്കാവസ്ഥയുണ്ടോ എന്ന് നമുക്ക് സംശയം തോന്നാം. എന്നാൽ ലഭ്യമായ പഠനങ്ങളും സർക്കാരിന്റെ കാലാകാലങ്ങളിലുള്ള സെൻസസും സ്ഥിതിവിവര കണക്കുകളും പരിശോധിക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സാമൂഹികവും സാമ്പത്തികവുമായ പല മേഖലകളിലും മുന്നിട്ടു നിന്നിരുന്ന ക്രൈസ്തവർ അതിനുശേഷം ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ എല്ലാ മേഖലകളിലും തന്നെ പിന്നോട്ടു പോയി എന്നു കാണാം. മാത്രമല്ല ആ പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കേരള സർക്കാരിന്റെ 'കേരള മൈഗ്രേഷൻ സ്റ്റഡീസ് 2018' (Kerala Migration Studies - KMS) വിശകലനം ചെയ്യുമ്പോൾ ക്രൈസ്തവർ

പ്രത്യേകിച്ച് സീറോ മലബാർ സമുദായാംഗങ്ങൾ സാമ്പത്തികവും സാമൂഹികവുമായ പരാധീനതകൾ ധാരാളമായി അനുഭവിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ബാങ്കുകളിൽ നിന്നും മറ്റും വായ്പകളെടുത്തവരെ മതവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ തിരിക്കുമ്പോൾ ഏറ്റവും മുന്നിൽ നിൽക്കുന്നത് (37.42%) സീറോ മലബാർ സമുദായാംഗങ്ങളാണ്. ജനസംഖ്യാനുപാതത്തിൽ വിഭജിക്കുമ്പോൾ ഒരു സീറോ മലബാറുകാരന്റെ കടം ഏകദേശം 130000 – ഒരുലക്ഷത്തിമുപ്പതിനായിരം – രൂപയാണ്. മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവരുടെ കടബാദ്ധ്യതകൾ ഇതിലും വളരെ താഴെയാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ കഴിഞ്ഞ അറുപത് വർഷക്കാലത്തെ ജനസംഖ്യാ പഠനമനുസരിച്ച് 1951 ൽ കേരളത്തിൽ 20.86% ഉണ്ടായിരുന്ന ക്രൈസ്തവർ 2011–ൽ 18.38% ആയി കുറയുകയാണുണ്ടായത്. കേരളത്തിലെ തന്നെ പ്രബലമായ മറ്റൊരു ന്യൂനപക്ഷസമുദായം ഇത്രയും കാലംകൊണ്ട് ഏതാണ്ട് പത്ത് ശതമാനത്തോളം വർദ്ധിക്കുകയാണുണ്ടായത് എന്നതും നാം തിരിച്ചറിയണം. ജനസംഖ്യയിലുണ്ടായിരിക്കുന്ന ഈ കുറവ് പല കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണ്.

ജനനനിരക്കിൽ ക്രൈസ്തവസമുദായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. കേരളസർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ (Economic and Statistics Division) ഓരോ വർഷവും ഇറക്കുന്ന വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് (Vital Statistics Report) അനുസരിച്ച് 2017 ൽ കേരളത്തിൽ ജനിച്ച നൂറ് കുട്ടികളിൽ 14.96 കുട്ടികളാണ് ക്രിസ്തീയ സമുദായത്തിൽ നിന്നുള്ളവർ. 2012 ൽ അത് 18.6 ആയിരുന്നു. ഹിന്ദു, മുസ്ലീം സമുദായങ്ങളിൽ ഓരോ വർഷവും ജനനനിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ സമുദായത്തിൽ മാത്രം കുട്ടികളുടെ ജനനനിരക്ക് കുറയുന്നുവെന്നത് ചില അപകട സൂചനകൾ നല്കുന്നുണ്ട്.

ഒരു ജനതയോ സംസ്കാരമോ സമുദായമോ നിലവിലുള്ള സ്ഥിതിയിലെങ്കിലും തുടർന്ന് നിലനിൽക്കണമെങ്കിൽ 2.11 (ഒരു കുടുംബത്തിൽ) എന്ന ജനനനിരക്ക് ഉണ്ടായിരിക്കണം എന്ന് ജനസംഖ്യാ വിദഗ്ധരും സാമൂഹ്യശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നു. ജനനനിരക്ക് ഒരു കുടുംബത്തിന്റേത് 1.9 ആണെങ്കിൽ നിലവിലുള്ള സ്ഥിതി നിലനിർത്തുക എന്നത് അതീവ ദുഷ്കരമാണെങ്കിലും തിരിച്ചുവരവിനുള്ള സാധ്യതകളുണ്ട്. എന്നാൽ അത് 1.3 ആയി താഴ്ന്നു കഴിഞ്ഞാൽ തിരിച്ചുവരവ് അസാധ്യമാകും. കണക്കുകളനുസരിച്ച് കേരളത്തിലെ

ക്രൈസ്തവസമുദായത്തിലെ ഇപ്പോഴത്തെ ജനനനിരക്ക് കേവലം ഒന്ന് (1) മാത്രമാണ്. അതായത് നമ്മുടെ നിലനില്പ് ഒരു അപകടാവസ്ഥയിൽ എത്തി നില്ക്കുന്നു എന്ന് മനസ്സിലാക്കണം.

ജനനനിരക്ക് കുറയുന്നു (14.96%) എന്നതിനോടൊപ്പം തന്നെ മരണനിരക്ക് (20%) വർദ്ധിക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. മാത്രവുമല്ല പ്രായമായവരുടെ എണ്ണവും സമുദായത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ജോലി ചെയ്യുകയും സമ്പാദിക്കുകയും ചെയ്യുന്നവരുടെ തലമുറയിൽ എണ്ണം കുറയുകയും പ്രായമായവർ എണ്ണത്തിൽ കൂടുകയും ചെയ്യുമ്പോൾ വാർദ്ധക്യകാല ആശ്രിതരുടെ എണ്ണം തൊഴിൽ ചെയ്യുന്ന സമുദായാംഗങ്ങൾക്ക് താങ്ങാവുന്നതിലും അധികമായിരിക്കും. നാം അടുത്തകാലങ്ങളിൽ അഭിമുഖീകരിക്കുവാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയും ഇതുതന്നെയാണ്.

ജോലി ചെയ്യാൻ പറ്റുന്നവരും യുവതീയുവാക്കളും ഇന്ത്യയുടെ തന്നെ മറ്റ് ഭാഗങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും പഠനത്തിനും ജോലിക്കും മറ്റുമായി കുടിയേറുന്നത് ക്രൈസ്തവരുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ത്വരിതഗതിയിലാക്കും. കാരണം ഇവിടെ തുടരുന്നവർ കൂടുതലും മക്കളുണ്ടാകുന്ന പ്രായം കവിഞ്ഞവരും കുടിയേറുന്നവർ നേരെ മറിച്ചുള്ളവരും ആയിരിക്കും. അപ്പോൾ ഇവിടെ എണ്ണം കുറയും എന്നത് സ്വാഭാവികമാണ്.

കൂടുതലായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സീറോ മലബാർ ക്രൈസ്തവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം ലഭിച്ചപ്പോൾ അവർ കൃഷിയിൽ വിമുഖരാകുകയും ജോലി തേടി മറ്റ് സ്ഥലങ്ങളിലേക്കും രാജ്യങ്ങളിലേയ്ക്കും പോകേണ്ട സ്ഥിതി സംജാതമാകുകയും ചെയ്തു. ക്രൈസ്തവർ ധാരാളമായി സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കേരളത്തിലെ തൊഴിൽ സംസ്കാരത്തിന്റെയും ഒരു പാർശ്വഫലമാണിത്. കേരളത്തിൽ നിലനില്ക്കുന്ന തൊഴിൽത്തർക്കങ്ങളും സമരങ്ങളും ചുവപ്പുനാട സംസ്കാരവും കൈക്കൂലിയും മറ്റും ഇവിടെ ജോലിസാധ്യതകൾ സൃഷ്ടിക്കുന്ന വ്യവസായങ്ങളും വ്യവസായേതര സംരംഭങ്ങളും സ്വന്തം നാട്ടിൽ തുടങ്ങുന്നതിൽ നിന്ന് അവരെ പിൻതിരിപ്പിക്കുകയും ചെയ്യുന്നു.

പ്രായമേറിയുള്ള വിവാഹശീലവും നല്ല വിദ്യാഭ്യാസം ലഭിക്കാത്തവരെ വിവാഹം കഴിക്കാനുള്ള യുവതീ യുവാക്കളുടെ വൈമുഖ്യവും എല്ലാം മറ്റ് പാർശ്വഫലങ്ങളാണ്. അതോടൊപ്പം തന്നെ വിവാഹമോചന

ങ്ങൾ, വേർപിരിഞ്ഞ് താമസിക്കുന്നവർ, ആത്മഹത്യാനിരക്ക് എന്നിവയും ക്രൈസ്തവസമുദായത്തിൽ താരതമ്യേന കൂടുതലാണ് എന്നതും ശാസ്ത്രീയാപഗ്രഥനത്തിലൂടെ നാം തിരിച്ചറിയുന്നു.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ച് മറ്റൊരു പരാധീനത കൂടിയുണ്ട്. കേരളത്തിലെ ഒട്ടുമിക്ക സമുദായ ങ്ങൾക്കും സർക്കാർ ജോലികളിലും സാമ്പത്തികാനുകൂല്യങ്ങളിലും സംവരണവും മറ്റ് പരിഗണനകളും ഉള്ളപ്പോൾ അവയില്ലാത്ത ചുരുക്കം ചില സമുദായങ്ങളിൽ അവർ പെട്ടിരിക്കുന്നു എന്നതാണ്. ഇവിടെ സംവരണം സാമ്പത്തിക നിലവാരത്തിന്റെയല്ല പ്രത്യുത ജാതിയുടെ അടിസ്ഥാനത്തിലാണ് എന്നതാണ് അതിന്റെ കാരണം. ഇത്തരം കാര്യ ങ്ങൾ തീരുമാനിക്കപ്പെടുന്ന സർക്കാർ വേദികളിൽ ക്രൈസ്തവർ കാര്യ മായി പ്രതിനിധാനം ചെയ്യപ്പെടാത്തതുകൊണ്ട് നമുക്കനുകൂലമായി ഒന്നും തീരുമാനിക്കപ്പെടുന്നുമില്ല. പൊതുവേ രാഷ്ട്രീയ കാര്യങ്ങളി ലുള്ള നമ്മുടെ വിമുഖതയും ചെറിയ സർക്കാർ ജോലി ചെയ്യാനുള്ള താത്പര്യക്കുറവും അതിന് കാരണമായി പറയാം. നമ്മുടെ ഇംഗ്ലീഷ് മീഡിയം സംസ്കാരവും ഇവിടെ പരിഗണിക്കപ്പെടേണ്ട വിഷയം തന്നെ യാണ്.

മേൽപ്പറഞ്ഞവയും അവയിലുൾപ്പെടാത്തതുമായ വിവിധ മേഖല കളെ പരിഗണിച്ചുകൊണ്ട് ക്രൈസ്തവസമുദായത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കണമെന്ന ആവശ്യം സർക്കാരിന് മുമ്പിൽ നാം പല തവണ ഉയർത്തിയിട്ടുണ്ട്. അതിന്റെയെല്ലാം ഫല മായി വിദ്യാഭ്യാസം, സാമ്പത്തികം, ന്യൂനപക്ഷം എന്നീ മേഖലകളിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച പ്രശ്ന ങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് ജെ.ബി. കോശി അധ്യക്ഷനായുള്ള കമ്മീഷൻ ഏതാനും നാൾ മുമ്പ് കേരളസർക്കാർ രൂപീകരിച്ചു. ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് (റിട്ട. ഐ.എ.എസ്.) ജേക്കബ് പുന്നൂസ് (റിട്ട. ഐ.പി.എസ്.) എന്നിവർ പ്രസ്തുത കമ്മീഷ നിലെ അംഗങ്ങളുമാണ്. പ്രസ്തുത കമ്മീഷൻ മുമ്പാകെ നാം അഭിമു ഖീകരിക്കുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും കൃത്യമായ വിവരങ്ങ ളുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കണം.

കമ്മീഷൻ ജില്ലാ അടിസ്ഥാനത്തിലായിരിക്കും സിറ്റിംഗ് നടത്തി സമുദായ പ്രതിനിധികളിൽ നിന്ന് അഭിപ്രായം ശേഖരിക്കുന്നത്. നമ്മുടെ രൂപത കേരളത്തിലെ വയനാട്, കണ്ണൂർ, മലപ്പുറം എന്നീ മൂന്ന് ജില്ല കളിലായി വ്യാപിച്ചു കിടക്കുന്നതിനാൽ നമ്മളുടെ പ്രതിനിധികൾ ഈ

മൂന്ന് ജില്ലകളിലും പ്രതിനിധാനം ചെയ്യപ്പെടണം. നീലഗിരി ജില്ലയും നമ്മുടെ രൂപതയുടെ ഭാഗമാണെങ്കിലും കമ്മീഷനെ നിയമിച്ചിരിക്കുന്നത് കേരള സർക്കാരായതിനാൽ അതിന്റെ പ്രവർത്തനം കേരളത്തിൽ മാത്ര മായി ഒതുങ്ങുന്നു.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ നല്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഭാവിയിൽ കേരള സർക്കാർ നമ്മുടെ സമുദായത്തിനാവശ്യമായ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നത്. അതുകൊണ്ട് കമ്മീഷന്റെ മുമ്പിൽ കേവലം ഒരു മെമ്മോറാണ്ടം അവതരിപ്പിച്ചതുകൊണ്ട് പ്രയോജനമില്ല. നമ്മുടെ ശരിയായ ജന സംഖ്യാ വിവരങ്ങളും പിന്നോക്കാവസ്ഥയെ വെളിവാക്കുന്ന പഠനങ്ങളും ശാസ്ത്രീയമായി നടത്തി അവതരിപ്പിക്കണം. ഇപ്പോഴത്തെ സർക്കാ രിന്റെ കാലാവധി തീരാൻ ഇനി അധികം കാലം ഇല്ലാത്തതിനാൽ കമ്മീ ഷന്റെ സിറ്റിംഗ് താമസംവിനാ ആരംഭിക്കാനാണ് സാദ്ധ്യത. അപ്പോ ഴേക്കും നമ്മൾ മേല്പ്പറഞ്ഞ സ്ഥിതിവിവര കണക്കുകൾ ശാസ്ത്രീയ മായി പഠിച്ച് തയ്യാറാക്കണം. അതൊരു ഭഗീരഥ പ്രയത്നമാണ് എന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ എല്ലാവരുടേയും കൂട്ടായ ഒരു തീവ്രപരി ശ്രമം അതിനുണ്ടാകണം. കുറേപ്പേർ സഹകരിക്കാതെ മാറിനിന്നാൽ അല്ലെങ്കിൽ അലംഭാവം കാണിച്ചാൽ കമ്മീഷനും തദ്വാരാ സർക്കാരിനും കിട്ടാൻ പോകുന്നത് നമ്മുടെ സമുദായത്തെപ്പറ്റി അപൂർണമായ വിവര ങ്ങളായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചാൽ അവയുടെ ഫലം അർഹിക്കുന്ന പലർക്കും കിട്ടാതെ പോകാം എന്നത് വ്യക്തമാണല്ലോ. നമ്മൾക്ക് കിട്ടിയ അവസരം പാഴാക്കിയിട്ട് പിന്നെ സർക്കാരിനെ പഴിച്ചിട്ട് പ്രയോ ജനമുണ്ടാകുകയില്ല.

ആയതിനാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നല്കാനുള്ള സ്ഥിതിവിവരക്കണക്കുകളുടെ ശാസ്ത്രീയമായ ശേഖരണം മാനന്തവാടി രൂപതയിൽ ഓരോ ഇടവക കേന്ദ്രീകരിച്ചും നടത്താൻ തീരുമാനിച്ചി ട്ടുണ്ട്. മാനന്തവാടി രൂപതയുടെ പബ്ലിക് അഫയേഴ്സ് കും വിജിലൻസ് കമ്മറ്റിയാണ് (Public Affairs cum Vigilance Committee) ഈ പഠന ത്തിന് നേതൃത്വം നല്കുന്നത്. ബഹുമാനപ്പെട്ട ജോസ് കൊച്ചറക്കലച്ചൻ കൺവീനറും അഡ്വ. ജിജിൽ കിഴക്കരക്കാട്ട് ജനറൽ സെക്രട്ടറിയുമായി രിക്കുന്ന ഈ കമ്മറ്റിയിൽ 15 അംഗങ്ങളാണ് ഉള്ളത്. ഇതിനകം തന്നെ

അവർ പലവട്ടം മീറ്റിംഗുകൾ കൂടുകയും സ്ഥിതിവിവര കണക്ക് ശേഖരിക്കാനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. നമുക്ക് ലഭിച്ചിട്ടുള്ള സമയം വളരെ കുറവായതിനാൽ എല്ലാം ദ്രുതഗതിയിൽ മുന്നോട്ട് നീക്കേണ്ടതുണ്ട്.

ഈ പഠനത്തിന് നേതൃത്വം നല്കുന്നതിന് എല്ലാ ഫൊറോനായിലും ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചൻ ചെയർമാനായ ഒരു ടീം ഉണ്ടായിരിക്കും. അതുപോലെ ഇടവകകളിൽ കൊ ഓർഡിനേറ്റർമാരും ഉണ്ടായിരിക്കും. ഇടവകകളിൽ നിന്നുള്ള കോ ഓർഡിനേറ്റർമാർ ഫൊറോന തലത്തിലുള്ളവരുമായി ബന്ധപ്പെട്ട് ആശയവ്യക്തത വരുത്തുകയും മീറ്റിംഗുകൾ, വിവരശേഖരണം, അവലോകനം എന്നിവ നടത്തുകയും വേണം. ഈ പഠനത്തോട് എല്ലാവരും, പ്രത്യേകിച്ച് കുടുംബക്കൂട്ടായ്മാ ഭാരവാഹികൾ, സഹകരിക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സമയബന്ധിതമായ ഒരു സംരംഭമായതുകൊണ്ടുതന്നെ പബ്ലിക് അഫയേഴ്സ് കമ്മറ്റി നിർദ്ദേശിക്കുന്ന തീയതികൾക്കുള്ളിൽ നിശ്ചിത ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാനും എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരുടേയും സമർപ്പിതരുടേയും ഇടവകജനങ്ങളുടേയും പൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു.


സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിന് പ്രത്യേകമായി ഒരു കമ്പ്യൂട്ടർ പ്രോഗ്രാമും മൊബൈൽ ആപ്പും ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾ കൊടുക്കുന്ന വിവരങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് പലർക്കും ആശങ്കകളുണ്ടാകാം. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ട്. മാത്രമല്ല നിങ്ങൾ കൊടുക്കുന്ന വിവരങ്ങൾ മറ്റാർക്കും കൈമാറുന്നതുമല്ല. ഇത്തരം വിഷയങ്ങളിൽ വിവാദങ്ങൾ ഉണ്ടാക്കാൻ എളുപ്പമാണെന്നതിനാൽ അതിനൊന്നും ആരും വശപ്പെടരുത് എന്നഭ്യർത്ഥിക്കുന്നു. കാരണം ആത്യന്തികമായി നഷ്ടം നമുക്ക് തന്നെയായിരിക്കും.

കമ്മീഷൻ കേരളത്തിൽ മാത്രമാണ് സിറ്റിംഗുകൾ നടത്തുന്നതെങ്കിലും നമ്മുടെ രൂപതയിൽപെടുന്ന തമിഴ്നാട്ടിലെ, നീലഗിരി ജില്ലയിലെ ഇടവകകളിൽ നിന്നും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നുണ്ട്. കാരണം നമ്മുടെ രൂപതയുടെ മാത്രം അവസ്ഥയെപ്പറ്റി ചോദിച്ചാൽ നീലഗിരി ജില്ലയിലേതും കൊടുക്കണമല്ലൊ. തമിഴ്നാട്ടിലും

പല ആവശ്യങ്ങൾക്കും അവ ആവശ്യമായി വരുകയും ചെയ്യാം. അതിനാൽ അവിടെയുള്ള ബന്ധപ്പെട്ടവരും ഈ പ്രക്രിയയിൽ ആത്മാർത്ഥമായി സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ സ്ഥിതിവിവര കണക്കെടുപ്പ് തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകൾ ഒരുമിച്ചാണ് ചെയ്യുന്നത്. മറ്റ് രണ്ട് രൂപതകൾക്കും സാങ്കേതിക സഹായം നല്കുന്നതും നമ്മുടെ രൂപതാ ടീമാണ് എന്നതും നമുക്ക് അഭിമാനത്തിന് വക നല്കുന്നു. പബ്ലിക് അഫയേഴ്സ് കം വിജിലൻസ് കമ്മിറ്റിയേയും സ്ഥിതിവിവര കണക്കുകൾ ശേഖരിക്കാൻ രൂപീകരിച്ചിട്ടുള്ള വിവിധ സമിതികളിലെ എല്ലാ അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുകയും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. അതുപോലെ തന്നെ ബൃഹത്തായ ഈ യത്നം വിജയിപ്പിക്കാൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2021 ജനുവരി മാസം 11 ന് നൽകപ്പെട്ടത്.



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

*NB: ഈ സർക്കുലർ എല്ലാ ഇടവകകളിലും യുക്തമായ മറ്റ് സ്ഥലങ്ങളിലും വി.കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്. ഇതിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങളിലേയ്ക്ക് കുടുംബകൂട്ടായ്മാ ഭാരവാഹികളുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.*



# ഇടയലേഖനം

**_Pastoral Letter No. 01/2021_**
**_Prot. No. 24277/2021_**

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അത്മായ സഹോദരങ്ങൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ ആഗോള സഭയിൽ വി. യൗസേപ്പ് പിതാവിനെ അനുസ്മരിക്കുന്ന പ്രത്യേക വർഷ മായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുക യാണല്ലോ. വിശുദ്ധ യൗസേപ്പ് പിതാവിനെ സഭയുടെ സംരക്ഷകനായി 1870 ഡിസംബർ 8 ന് ഒമ്പതാം പീയൂസ് മാർപാപ്പ പ്രഖ്യാപിച്ചതിന്റെ നൂറ്റി അൻപതാമത് (150) വാർഷികദിനമാണന്ന്.

വി.യൗപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് എഴുതിയത് *'പാത്രിസ്സ് കോർദെ' (Patris corde)* – പിതാവിന്റെ ഹൃദ യത്തോടെ – എന്ന അപ്പസ്തോലിക ലേഖനം 2020 ഡിസംബർ 8 ന് പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ പരിശുദ്ധ പിതാവ് എഴുതി:

*സർവ്വശക്തന്റെ പുത്രൻ വലിയ ദുർബലാവസ്ഥയിലാണ് നമ്മുടെ ലോകത്തിൽ പിറന്ന് വീണത്. അതുകൊണ്ട് യൗസേപ്പ് ശത്രുക്കളിൽ നിന്ന് അവിടുത്തെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും അവി ടുത്തെ പരിപാലിക്കുകയും വളർത്തുകയും ചെയ്യേണ്ടതുണ്ടായിരുന്നു. മറിയം യൗസേപ്പിനെ വിശ്വസിച്ചതുപോലെ ദൈവവും അദ്ദേഹത്തെ വിശ്വസിച്ചു. സ്വന്തം ജീവൻ മാത്രമല്ല, തന്നെയും തന്റെ പുത്രനെയും എപ്പോഴും പരിപാലിക്കുന്ന ഒരാളെ അവൾ (പരിശുദ്ധ കന്യാമറിയം) അദ്ദേഹത്തിൽ (വി.യൗസേപ്പിൽ) കണ്ടെത്തി. ഈ അർത്ഥത്തിൽ, വി.യൗസേപ്പിന് സഭയുടെ കാവല്ക്കാരനാകാതിരിക്കാൻ കഴിയില്ല, കാരണം ചരിത്രത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ തുടർച്ചയാണ് സഭ. മറിയത്തിന്റെ മാതൃത്വം സഭയുടെ മാതൃത്വത്തിൽ പ്രതിഫലിക്കു ന്നതുപോലെ തന്നെയാണത്. സഭയുടെ തുടർച്ചയായ സംരക്ഷണ ത്തിൽ യൗസേപ്പ് പുത്രനെയും അമ്മയേയും സംരക്ഷിക്കുന്നത്*

*തുടരുന്നു, സഭയോടുള്ള നമ്മുടെ സ്നേഹത്താൽ നാമും പുത്രനെയും പിതാവിനെയും സ്നേഹിക്കുന്നു (ഖണ്ഡിക 48).*

കാലാകാലങ്ങളിൽ ഈ ലോകത്തിൽ ജനിച്ച് ജീവിച്ച് മരിക്കുന്ന മനുഷ്യർക്കായി കർത്താവിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കേണ്ടത് അവിടുത്തെ ശിഷ്യസമൂഹത്തിന്റെ അഥവാ സഭയുടെ ദൗത്യമാണ്. സഭയുടെ അടിസ്ഥാന ഘടകം കുടുംബമാണ്. അതിനാൽ അവിടെയാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതി ആരംഭിക്കുന്നത്. ഇത് പഴയ നിയമത്തിൽ നിന്ന് തന്നെ തുടങ്ങിയ പ്രക്രിയയാണ്. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കാര്യത്തിൽ ഇതാണ് സംഭവിച്ചത്. യോഹന്നാൻ മാംദാനയുടെ മാതാപിതാക്കളായ സക്കറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിലും ദൈവത്തിന്റെ ഇടപെടലിലൂടെയാണ് രക്ഷകന് വഴിയൊരുക്കാൻ വന്ന യോഹന്നാൻ മാംദാനയുടെ ജനനം നടക്കുന്നതും.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിർവഹണത്തിനുള്ള അവബോധവും ആത്മബോധവും പരിശീലനവും ലഭിക്കേണ്ടതും കുടുംബത്തിൽ നിന്ന് തന്നെയാണ്. അതിനായി ഈശോയേപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും മക്കൾ വളർന്നു വരേണ്ടതുണ്ട്. അക്കാര്യത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് നിർണ്ണായകമാണ്. മാതാപിതാക്കളുടെ മേല്പ്പറഞ്ഞ ഉത്തരവാദിത്വം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പൊതു പൗരോഹിത്യദൗത്യത്തിന്റെ ഭാഗം തന്നെയാണ്.

പുറപ്പാടിന്റെ പുസ്തകത്തിൽ ദൈവം അരുളിച്ചെയ്യുന്നു: *നിങ്ങൾ... എനിക്ക് പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും* (19:6). ഇക്കാര്യം ആവർത്തിച്ചുറപ്പിച്ചുകൊണ്ട് വി. പത്രോസ് എഴുതുന്നു: *യേശുക്രിസ്തു വഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാകുകയും ചെയ്യട്ടെ* (1 പത്രോസ് 2:5). അദ്ദേഹം വീണ്ടും പറയുന്നു: *എന്നാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്* (1 പത്രോസ് 2:9). വെളിപാട് പുസ്തകം പറയുന്നു: *നീ അവരെ നമ്മുടെ ദൈവത്തിന് ഒരു രാജ്യവും പുരോഹിതന്മാരും ആക്കി* (5:10). മാതാപിതാക്കൾ മക്കൾക്ക് വേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളും ഈ പുരോഹിത ദൗത്യനിർവഹണം തന്നെയാണ്. പ്രവാസകാലത്ത് ദൈവാലയമില്ലാതിരുന്ന ഇസ്രായേൽക്കാർക്ക് ദൈവം തന്നെയായിരുന്നു ദൈവാലയം (എസ 11:16). അതുപോലെ മക്കൾക്ക് കുടുംബം ദൈവാലയവും മാതാപിതാക്കൾ പുരോഹിതരുമാണ്. ആ ദൈവാലയത്തിലാണ് മക്കൾ കൂടുതൽ സമയവും വ്യാപരിക്കുന്നത്.

കൊറോണാ വൈറസ് ബാധയെത്തുടർന്ന് ദൈവാലയങ്ങളെല്ലാം അടഞ്ഞുകിടന്നപ്പോഴും ഗാർഹിക ദൈവാലയത്തിനും അവിടുത്തെ പുരോഹിതർക്കും വലിയ പ്രസക്തിയുണ്ട്.

ഒരുതരത്തിൽ പറഞ്ഞാൽ ക്രൈസ്തവ കുടുംബം പള്ളിയിൽ പോകുകയല്ല. കുടുംബം തന്നെയാണ് പള്ളി. രണ്ടാം വത്തിക്കാൻ സൂനഹദോസ് കുടുംബത്തെ വിശേഷിപ്പിക്കുന്നത് ഗാർഹിക സഭ എന്നാണ് (ജനതകളുടെ പ്രകാശം 11). വി. തോമസ് അക്വീനാസിന്റെ ആശയത്തെ അനുസ്മരിച്ചുകൊണ്ട് വി. ജോൺ പോൾ രണ്ടാമൻ കുടുംബത്തെപ്പറ്റിയുള്ള തന്റെ അപ്പസ്തോലിക പ്രബോധനമായ ഫമിലിയാരിസ് കൊൺസോർസിയൊ (Familiaris consortio) യിൽ പറയുന്നത് പള്ളിയിൽ പുരോഹിതന്മാർ ചെയ്യുന്ന അതേ പ്രവൃത്തി തന്നെയാണ് കുടുംബത്തിൽ മാതാപിതാക്കൾ ചെയ്യുന്നതെന്നാണ് (നമ്പർ 38). കുടുംബത്തിലാണ് നമ്മൾ ആദ്യമായി ദൈവം ആരാണെന്നറിയുന്നതും പ്രാർത്ഥനാപൂർവ്വം അവിടുത്തെ ഹിതം തിരിച്ചറിയുന്നതും എന്നാണ് അതിനർത്ഥം.

എന്തുകൊണ്ടായിരിക്കാം ദൈവം വി.യൗസേപ്പിനെ തന്റെ പുത്രന്റെ നയ്യാമിക പിതാവാകാൻ തെരഞ്ഞെടുത്തത്? തെരഞ്ഞെടുക്കപ്പെട്ട വംശമായ ഇസ്രായേലിലെ ഒരംഗമെന്ന നിലക്ക് തനിക്ക് കിട്ടിയ പുരോഹിത ദൗത്യം ആത്മാർത്ഥതയോടെയും സത്യസന്ധമായും അദ്ദേഹം നിർവഹിക്കും എന്നുള്ള ദൈവത്തിന്റെ ഉറപ്പാണ് ആ തെരഞ്ഞെടുപ്പിന് ആധാരം. ഏതൊരു വ്യക്തിയേയും പോലെ രക്ഷകൻ ഒരു കുടുംബത്തിൽ ജനിക്കേണ്ടിയിരുന്നു. തന്റേതായി അറിയപ്പെട്ട ആ മകനെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തി വലുതാക്കണമായിരുന്നു. അതിന് നീതിബോധവും ദൈവാശ്രയബോധവും ദൈവിക വെളിപ്പെടുത്തലുകളോടുള്ള പരിപൂർണ്ണ വിധേയത്വവും ഉള്ള ഒരാൾ തന്നെ വേണമായിരുന്നു. ആ പുണ്യങ്ങളെല്ലാം വി. യൗസേപ്പിൽ വിളങ്ങിയിരുന്നു.

കാര്യങ്ങൾ ഇങ്ങനെയൊക്കെയായിരുന്നെങ്കിലും വി.യൗസേപ്പിനെപ്പറ്റി വളരെ കുറച്ച് പരാമർശങ്ങളെ വി. ഗ്രന്ഥത്തിൽ കാണുന്നുള്ളു. ഇതേപ്പറ്റി പരിശുദ്ധ ഫ്രാൻസീസ് പിതാവ് എഴുതുന്നു: *വി.യൗസേപ്പിനെപ്പോലെ പൊതുജനശ്രദ്ധയിൽ നിന്ന് മറഞ്ഞിരിക്കുന്നവർക്കും അല്ലെങ്കിൽ അണിയറക്കുള്ളിൽ ആയിരിക്കുന്നവർക്കും രക്ഷാകര ചരിത്രത്തിൽ താരതമ്യങ്ങൾക്കതീതമായ പങ്ക് വഹിക്കാൻ കഴിയും. അതിനാൽ നമ്മൾ അവരോട് നന്ദിയുള്ളവരായിക്കണം. കാരണം വി.യൗസേപ്പിനെപോലെയുള്ളവർ അവരുടെ ജീവിതം ഒരു ശുശ്രൂഷാബലിയായി ജീവിച്ചു.*

ബലിവസ്തുക്കൾ യാതൊരു കുറ്റവും കുറവും ഇല്ലാത്തതായിരിക്കണം എന്ന് ലേവ്യ നിയമം അനുശാസിക്കുന്നു. അതുപോലെ തന്നെ വി. യൗസേപ്പ് യാതൊരു കുറ്റവും കുറവും ഇല്ലാത്ത ഒരു ബലിവസ്തുവായി. തനിക്ക് മനസിലാകാത്ത കാര്യങ്ങൾ അറിയിക്കുന്ന ദൈവത്തിന്റെ മുമ്പിൽ അദ്ദേഹത്തിന് പൂർണ്ണ അനുസരണം മാത്രമാണ് ശരണമായി ഉണ്ടായിരുന്നത്. അതിലൂടെ അദ്ദേഹം തനിക്കുണ്ടായ എല്ലാ പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചു.

വി. യൗസേപ്പിന് പരിശുദ്ധ കന്യാമറിയവുമായി ഉണ്ടായിരുന്ന ബന്ധത്തെപ്പറ്റി ഫ്രാൻസീസ് പാപ്പ പരാമർശിതമായ അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു: *യൗസേപ്പ് മറിയത്തെ നിരുപാധികമായി സ്വീകരിച്ചു. അദ്ദേഹം മാലാഖയുടെ വാക്കുകളെ വിശ്വസിച്ചു. യൗസേപ്പിന്റെ ഹൃദയത്തിലെ കുലീനത അത്തരത്തിലുള്ളതാണ്, അദ്ദേഹം നിയമത്തിൽ നിന്ന് പഠിച്ച കാര്യങ്ങൾ, പരസ്നേഹത്തിന്റെ അച്ചിലിട്ട് പുതിയൊരു രൂപം കൊടുത്തു. ഇന്ന്, നമ്മുടെ ലോകത്ത്, സ്ത്രീകളോടുള്ള മാനസികവും വാക്കാലുള്ളതും ശാരീരികവുമായ അതിക്രമങ്ങൾ പ്രകടമാകുന്നിടത്ത്, യൗസേപ്പ് മാന്യനും പരിശുദ്ധ കന്യാമറിയത്തിന്റെ ജീവിതത്തെ സഹാനുഭൂതിയോടു കൂടി സമീപിക്കുന്ന ഭർത്താവുമായി പ്രത്യക്ഷപ്പെടുന്നു. കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതി അദ്ദേഹത്തിന് പൂർണ്ണമായി മനസ്സിലായില്ലെങ്കിലും പരിശുദ്ധ കന്യാമറിയത്തിന്റെ സൽപ്പേര് നിലനിർത്താൻ അദ്ദേഹം തീരുമാനിച്ചു.* തനിക്ക് തന്നെ ഹാനികരമായേക്കാം എന്ന അവബോധത്തോടെ തന്നെയാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ആ മനോഭാവം അദ്ദേഹം പ്രകടിപ്പിച്ചതുകൊണ്ടാണ് അദ്ദേഹത്തെ നീതിമാൻ എന്ന് വി. ഗ്രന്ഥം വിശേഷിപ്പിക്കുന്നത്. ഭാര്യാഭർത്താക്കന്മാർക്ക് ഉത്തമ മാതൃകയാണ് വി. യൗസേപ്പ്.

യൗസേപ്പിനായി തയ്യാറാക്കപ്പെട്ട ദൈവത്തിന്റെ പദ്ധതി ഒരു യുവഭർത്താവിനെ സംബന്ധിച്ചിടത്തോളം അംഗീകരിക്കാൻ അത്ര എളുപ്പമായിരുന്നില്ല. ഇതേപ്പറ്റി പരിശുദ്ധ പിതാവ് പറയുന്നു: *ചില സമയങ്ങളിൽ ദൈവം നമ്മെ സഹായിക്കുന്നില്ലെന്ന് തോന്നിയാലും നാം ഉപേക്ഷിക്കപ്പെട്ടുവെന്ന് ഇതിനർത്ഥമില്ല. പകരം ആസൂത്രണം ചെയ്യാനും സൃഷ്ടിപരമായി ചിന്തിക്കാനും സ്വയം പരിഹാരങ്ങൾ കണ്ടെത്താനും കഴിവുള്ളവരുമാണ് നമ്മൾ എന്ന ബോധ്യം ദൈവത്തിനുള്ളതുകൊണ്ടാണത്.*

ആരാണ് ഒരു നല്ല പിതാവ് എന്നതിനെപ്പറ്റിയും മാർപാപ്പ പരാമർശിക്കുന്നുണ്ട്: *ആരും പിതാവായി ജനിക്കുന്നില്ല, പകരം അവർ സൃഷ്ടിക്കപ്പെടുന്നു. ഒരു കുട്ടിക്ക് ജന്മം കൊടുത്തതുകൊണ്ട് മാത്രം ഒരു മനുഷ്യൻ പിതാവാകുന്നില്ല. ആ വ്യക്തി ആ കുട്ടിയെ പരിപാലി*

*ക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് ഒരു പിതാവാകുന്നു. ഒരു മനുഷ്യൻ മറ്റൊരാളുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴെല്ലാം, അയാൾ ആ വ്യക്തിക്ക് ഒരു പിതാവാകുന്നു... പിതാവായിരിക്കുക എന്നതിനർത്ഥം അവൻ ജീവിതത്തെയും യാഥാർത്ഥ്യത്തെയും കുട്ടികളെ പരിചയപപ്പെടുത്തുന്നു എന്നാണ്. സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും അവരെ പ്രാപ്തരാക്കിയാണ് അദ്ദേഹം അത് ചെയ്യുന്നത്.* പരിശുദ്ധ പിതാവിന്റെ ഭാഷയിൽ അമിത സംരക്ഷണം നല്ല പിതാക്കന്മാരുടെ ലക്ഷണമല്ല. നേരെ മറിച്ച് ആദ്യം പറഞ്ഞ വിഭാഗത്തിൽ പെട്ട പിതാക്കന്മാരെയാണ് ഇന്നത്തെ ലോകത്തിന് ആവശ്യമെന്ന് അദ്ദേഹം എടുത്ത് പറയുന്നു. അതുപോലെ തന്നെ സർവാധിപതികളായ പിതാക്കന്മാരെയും ലോകത്തിന് ആവശ്യമില്ല.

തൊഴിലാളികളുടെ മദ്ധ്യസ്ഥനാണ് വി. യൗസേപ്പ് പിതാവ്. ഈ പ്രഖ്യാപനം നടത്തിയത് 1955 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പയാണ്. മെയ് ഒന്നാം തീയതി തൊഴിലാളി ദിനത്തിൽ വി. യൗസേപ്പ് പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. ഫ്രാൻസീസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനത്തിൽ പ്രസ്താവിക്കുന്നു: *രക്ഷയുടെ പ്രവർത്തനത്തിൽ പങ്കാളികളാകാനുള്ള ഒരു മാർഗ്ഗമാണ് ജോലി, ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനും നമ്മുടെ കഴിവുകളും അഭിരുചികളും വികസിപ്പിക്കാനും അങ്ങനെ അവയെ സമൂഹത്തിന്റെ സേവനത്തിലും സാഹോദര്യ കൂട്ടായ്മയിലും ഉൾപ്പെടുത്താനുമുള്ള അവസരമാണ് ജോലി നൽകുന്നത്.* ഇത് വ്യക്തി വളർച്ചയ്ക്ക് മാത്രമല്ല സമൂഹത്തിന്റെ പ്രാഥമിക ഘടകമായ കുടുംബത്തിന്റെ വളർച്ചയ്ക്കുള്ള ഉപകരണവുമായി മാറുന്നു. ജോലി ഇല്ലാത്ത ഒരു കുടുംബം ബുദ്ധിമുട്ടുകൾ, പ്രത്യേകിച്ച് പിരിമുറുക്കങ്ങൾ, വിവാഹ വേർപിരിയൽ എന്നിവയ്ക്ക് അടിപ്പെടാൻ സാധ്യത ഏറെയാണ്. എല്ലാവർക്കും മാന്യമായ ജീവിതം നയിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രവർത്തിക്കാതെ നമുക്ക് എങ്ങനെ മാനുഷിക അന്തസ്സിനെക്കുറിച്ച് സംസാരിക്കാൻ കഴിയും?

മാർപാപ്പ തുടർന്ന് പ്രസ്താവിക്കുന്നു: കോവിഡ് 19 ന്റെ ഫലമായി നമ്മുടെ അനേകം സഹോദരീസഹോദരന്മാർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതി വിശേഷം നമ്മുടെ മുൻഗണനകളിൽ മാറ്റം വരുത്താനുള്ള ഒരു ക്ഷണമാണ്. ആരും, അവർ വ്യക്തികളോ കുടുംബങ്ങളോ ആകട്ടെ ജോലിയില്ലാതെ ഉണ്ടാകരുത് എന്ന് ഉറപ്പിക്കാനുള്ള വഴികൾ കണ്ടെത്താൻ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം തേടാം. ഇപ്രകാരം

നമ്മൾ പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ തൊഴിൽ സംസ്കാരത്തിൽ മാറ്റം വരുത്താനുള്ള മാനസികാവസ്ഥയും നമുക്കുണ്ടാകണം എന്നോർക്കേണ്ടതുണ്ട്. ശാന്തിയും സമാധാനവും നിറഞ്ഞ അന്തരീക്ഷത്തിൽ മാത്രമേ ജോലി സാധ്യതകൾ വർദ്ധിക്കുകയുള്ളു. അടിക്കടിയുള്ള ബന്ദുകളും ഹർത്താലുകളും തൊഴിൽ രംഗത്തെ അനാശാസ്യ പ്രവണതകളും എല്ലാം നമ്മുടെ നാട്ടിലെ ജോലി സാധ്യതകൾ ഇല്ലാതാക്കിയെന്നത് ഖേദകരമാണ്. ഈ ദുരവസ്ഥയ്ക്ക് പ്രധാന കാരണം നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന കൈക്കൂലിയും അഴിമതിയും അതുപോലെയുള്ള മറ്റ് തിന്മകളുമാണ് എന്ന് നാം മനസിലാക്കണം. കേവലം നിയമനിർമ്മാണം കൊണ്ട് മാത്രം തുടച്ച് മാറ്റാൻ കഴിയുന്ന തിന്മകളല്ല അവ. വി. പൗലോസ് പറയുന്നു: *നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും* (റോമ 12:2).

വി. യൗസേപ്പ് പിതാവിന്റെ വർഷം അവസാനിക്കുന്നത് 2021 ഡിസംബർ 8 ന് ആണെന്ന് ആരംഭത്തിൽ പറഞ്ഞല്ലോ. ഈ വർഷം ഫലപ്രദമായി ആചരിക്കാൻ ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. അവ ചില പൊതു നിർദ്ദേശങ്ങൾ മാത്രമാണ്. ഓരോ ഇടവകയിലും സമർപ്പിതസമൂഹത്തിലും കുടുംബത്തിലും യുക്തമെന്ന് തോന്നുന്നവ കൂട്ടിച്ചേർക്കാവുന്നതാണ്.

1. വി. യൗസേപ്പിന്റെ വർഷാചരണം ഇനിയും തുടങ്ങാത്ത സ്ഥലങ്ങളിൽ ഫെബ്രുവരി 7 ന് ഞായറാഴ്ച തുടങ്ങേണ്ടതാണ്. ഇടവകകളിൽ ഞായറാഴ്ച ആദ്യത്തെ വി. കുർബാനയ്ക്ക് ശേഷം വി. യൗസേപ്പ് പിതാവിന്റെ ചിത്രം അനാഛാദനം ചെയ്തുകൊണ്ട് വർഷം ആരംഭിക്കാം. വി. യൗസേപ്പിന്റെ തിരുസ്വരൂപം മിക്ക സ്ഥലങ്ങളിലും ഉണ്ടാകുമല്ലോ. അങ്ങനെയുള്ളിടത്ത് രൂപത്തിന്റെ മുമ്പിൽ ആഘോഷമായി തിരി തെളിച്ച് വർഷം ആരംഭിക്കാം. ദിവസം മുഴുവൻ കത്തിനിൽക്കത്തക്ക രീതിയിൽ ഒരു എണ്ണവിളക്ക് രൂപത്തിന്റെ മുമ്പിൽ തെളിയിക്കുന്നത് ഉചിതമായിരിക്കും. സമർപ്പിതഭവനങ്ങളിലും കുടുംബങ്ങളിലും ഇപ്രകാരം ചെയ്യുന്നത് നന്നായിരിക്കും.
2. എല്ലായിടത്തും രൂപതയിൽ നിന്ന് തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥന ചൊല്ലുക. അച്ചടിക്കാനും വിതരണം ചെയ്യാനും മറ്റുമുള്ള പ്രയാസം പരിഗണിച്ച് പ്രാർത്ഥന ഡിജിറ്റൽ രൂപത്തിൽ പ്രചരിപ്പിക്കാവുന്നതാണ്. താൽപര്യമുള്ളവർക്ക് അത് പ്രിന്റെടുത്ത് ഉപയോഗിക്കാം.

3. എല്ലാ കുടുംബങ്ങളിലും സന്ധ്യാസമയത്തുള്ള കുടുംബപ്രാർത്ഥന കൃത്യമായും ക്രമമായും ഭക്തിപൂർവ്വം എല്ലാ കുടുംബങ്ങളുടെയും പങ്കാളിത്തത്തോടെ നടത്തുക.

4. മാർച്ച് മാസം മുഴുവൻ എല്ലാ കുടുംബങ്ങളിലും സമർപ്പിതഭവനങ്ങളിലും സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബാന അർപ്പിക്കപ്പെടുന്ന പള്ളികളിലും വി. യൗസേപ്പ് പിതാവിന്റെ വണക്കമാസം ഭക്തിപൂർവ്വം ചൊല്ലുക. വി. ഗ്രന്ഥവായനയും കൂടുതലായി നടത്തുക.

5. സാധിക്കുന്നിടത്ത് താല്പര്യമുള്ള കുടുംബനാഥന്മാർക്ക് കുർബാനയ്ക്ക് ശുശ്രൂഷികളാകാനും വി. ഗ്രന്ഥവായനകൾ നടത്താനും അവസരം കൊടുക്കുക.

6. ഞായറാഴ്ചകളിൽ കുടുംബനാഥന്മാർ കാഴ്ചവെപ്പ് നടത്തുക.

7. വർഷാചരണം തീരുന്നതുവരെ എല്ലാ ഞായറാഴ്ചയും ഇടവകയിലെ ഒരു കുടുംബനാഥൻ തന്റെ മക്കളെ ദൈവോന്മുഖരായി വളർത്തുന്നതിൽ സ്വീകരിച്ച രീതിയെപ്പറ്റിയും അതിന്റെ ഫലത്തെപ്പറ്റിയും പതിനഞ്ച് മിനിറ്റിൽ കൂടാതെ മദ്ബഹായിൽ നിന്ന് തന്റെ അനുഭവം പങ്ക് വയ്ക്കുക. അതിനായുള്ള സമയം അതാത് ഇടവകയുടെ സൗകര്യമനുസരിച്ച് ക്രമീകരിക്കാവുന്നതാണ്. എങ്കിലും സുവിശേഷ പ്രഘോഷണസമയത്ത് അപ്രകാരം ചെയ്യുന്നത് ഉചിതമല്ല.

8. എല്ലാ മാസവും ഒരു ദിവസം ഇടവകയിൽ നിന്നോ ഇടവകയ്ക്ക് പുറത്ത് നിന്നോ ഒന്നോ രണ്ടോ ദമ്പതിമാരെ വിളിച്ച് കുടുംബനാഥന്മാർക്കായി വർത്തമാന കാലഘട്ടത്തിൽ മക്കളെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അതിനുള്ള രീതികളെപ്പറ്റിയും ക്ലാസ്സുകൾ കൊടുക്കുക.

9. മാതാപിതാക്കൾ, ഭാര്യമാർ, ഭർത്താക്കന്മാർ, മക്കൾ എന്നിവരെ സംബന്ധിച്ച് വി. ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള വചന ഭാഗങ്ങൾ തുടർച്ചയായി വായിക്കുക.


10. 2021 ഡിസംബർ 5 ന് ഞായറാഴ്ച വി. യൗസേപ്പ് പിതാവിന്റെ അസാധാരണ ഓർമ്മദിനമായി ആചരിക്കുകയും വർഷാചരണം ആഘോഷമായ വി. കുർബാനയോടെ ഔദ്യോഗികമായി അവസാനിപ്പിക്കുകയും ചെയ്യുക.

വി. യൗസേപ്പ് പിതാവിന്റെ വർഷം കുടുംബനവീകരണ വർഷമായി നമുക്ക് ആചരിക്കാം. അതായത് കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ച് വളരുന്നതിനും കുടുംബത്തിൽ ക്രൈസ്തവ സ്നേഹത്തിന് നിരക്കാത്ത രീതിയിൽ എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അവ

പരസ്പരം സംസാരിച്ച് കുടുംബത്തിൽ സ്നേഹത്തിന്റെയും കൂട്ടായ്മ യുടെയും അരൂപി പുനഃസ്ഥാപിക്കാനും ഈ വർഷം നമുക്ക് പ്രയോ ജനപ്പെടുത്താം.

വിശുദ്ധ യൗസേപ്പ് പിതാവിന്റെ ദൈവാശ്രയബോധവും ദൈവ ത്തിന്റെ വെളിപ്പെടുത്തലുകളോടുള്ള തുറവിയും എന്തു വിലകൊടുത്തും അവയെ അനുസരിക്കാനുള്ള ആത്മധൈര്യവും തങ്ങളുടെ മക്കളെ ക്രൈസ്തവവിശ്വാസത്തിൽ വളർത്താനുള്ള അറിവും വിവേകവും എല്ലാ കുടുംബനാഥന്മാർക്കും ഉണ്ടാകാൻ പുണ്യവാന്റെ മാധ്യസ്ഥം യാചിക്കാം. അതുപോലെ തന്നെ തങ്ങളുടെ കുടുംബങ്ങളെ വേണ്ട വണ്ണം സംരക്ഷിക്കാനുള്ള സന്മനസ്സും എല്ലാ മാതാപിതാക്കൾക്കും ഉണ്ടാകട്ടെ. അങ്ങനെ നമ്മുടെ കുടുംബങ്ങൾ നസ്രത്തിലെ തിരു ക്കുടുംബം പോലെ സ്നേഹത്തിലും കൂട്ടായ്മയിലും വളരട്ടെ. അപ്പോൾ നമ്മുടെ ഇടവകകളും സഭയും സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയ ഭവനമായി പടുത്തുയർത്തപ്പെടും (1 പത്രോസ് 2:5). കർത്താ വിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2021 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2021 ജനുവരി മാസം 31 ന് വി. കുർബാന മദ്ധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ട താണ്.**

# ദൈവകൃപയുടെ കാര്യസ്ഥതാജീവിതം

**മല്പാൻ മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: 1 പത്രോ 4,1-19)**

പത്രോസ്ശ്ലീഹായുടെ ഒന്നാം ലേഖനം നാലാം അദ്ധ്യായം ക്രിസ്തീയവിശ്വാസത്തിൽ സ്ഥിരതയോടെ നില്ക്കാൻ സഭാംഗങ്ങൾക്കു നല്കുന്ന ഉപദേശമാണ്. ക്രിസ്തീയവിശ്വാസം ദൈവത്തിന്റെ ദാനമാണ്; കൃപാവരമാണ്. ഈ കൃപാവരത്തിൽ നിലനില്ക്കുന്നവരും, ആ കൃപാവരത്തിന്റെ കാര്യസ്ഥരായി വർത്തിക്കുന്നവരും ആകാനുള്ള വിളിയാണ് എല്ലാ ക്രൈസ്തവർക്കുമുള്ളത്. സഭയിൽ വിശ്വാസപരിശീലനം നല്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരെന്ന നിലയിൽ പുരോഹിതർക്ക് ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ട്. ഈ വചനഭാഗത്തെ താഴെപ്പറയുംവിധം വിഭജിക്കാം:

1. ദൈവഹിതാനുസൃതജീവിതം (4,1-6)
2. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം (4,7)
3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം (4,8-11)
4. മിശിഹായുടെ സഹനത്തിൽ പങ്കുചേരുന്ന ജീവിതം (4,12-16)
5. സഹനമദ്ധ്യേ നന്മ ചെയ്യുന്ന ജീവിതം (4,1-6)

**1. ദൈവഹിതാനുസൃതജീവിതം**

"ശരീരത്തിൽ പീഡനമേറ്റ മിശിഹായുടെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ, ശരീരത്തിൽ സഹിച്ചിട്ടുള്ളവൻ പാപത്തോടു വിടവാങ്ങിയിരിക്കുന്നു. അവൻ ശരീരത്തിൽ ജീവിക്കുന്നിടത്തോളംകാലം മാനുഷികവികാരങ്ങൾക്ക് അടിമപ്പെട്ടല്ല, ദൈവഹിതത്തിനൊത്താണ് ജീവിക്കുന്നത്" (4,1-2).

ക്രിസ്തീയധാർമ്മികത മിശിഹായിലുള്ള വിശ്വാസത്താൽ പ്രേരിതമായിരിക്കണം. മാമ്മോദീസാ സ്വീകരിക്കുന്നതിലൂടെയാണല്ലോ ക്രിസ്തീയവിശ്വാസത്തിലേക്കു നാം പ്രവേശിക്കുന്നത്. വിശ്വാസം ഒരു വെളിച്ചമാണ്. ഈശോ സ്വയം വിശേഷിപ്പിച്ചതും, താൻ ലോകത്തിന്റെ വെളിച്ചമാണെന്നാണല്ലോ. ജന്മനാ അന്ധനായ മനുഷ്യനു കാഴ്ച നല്കിക്കൊണ്ടാണ് താൻ വെളിച്ചമാണെന്ന് അവിടുന്നു പ്രഖ്യാപിച്ചത് (യോഹ 9,5). അതുകൊണ്ട് മിശിഹായിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് വിശ്വാസികൾ എപ്പോഴും ജീവിക്കേണ്ടത്. മിശിഹായിലുള്ള വിശ്വാസത്തിന്റെ കേന്ദ്രബിന്ദു അവിടുത്തെ മരണവും ഉത്ഥാനവുമാണ്.

ക്രിസ്തീയജീവിതം ശരീരത്തിന്റെ ദുരാശകളെ കീഴടക്കുന്ന, അതിജീവിക്കുന്ന, ജീവിതമാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം അത് അവശ്യം സഹനമുളവാക്കുന്ന ജീവിതമാണ്. അപ്രകാരം

ജീവിക്കാൻ നിത്യപ്രചോദനമായിത്തീരുന്നത് മിശിഹായുടെ മരണോത്ഥാനങ്ങളാണ്. മാമ്മോദീസാ മുങ്ങുമ്പോൾ നാം പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്നവരായി മാറുന്നു. പക്ഷേ, ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം ശരീരത്തിന്റെ ദുരാശകൾ നമ്മെ കീഴടക്കുവാൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കും. മിശിഹാ വചനം മാംസമായി അവതരിച്ച വ്യക്തി എന്ന നിലയിൽ നിരന്തരം തന്റെ പിതാവിന്റെ ഹിതം നിറവേറ്റിക്കൊണ്ടാണ് ജീവിച്ചിരുന്നത് (യോഹ 4,34). ആ ഹിതപ്രകാരമാണ് അവിടുന്ന് മരിച്ച് ഉത്ഥാനം ചെയ്തതും. അതുകൊണ്ട് അവിടുത്തെ മരണോത്ഥാനങ്ങളാണ് ക്രൈസ്തവർക്കും വചനാധിഷ്ഠിതജീവിതത്തിന് പ്രേരകമാകുന്നത്. ക്രൈസ്തവർക്കെല്ലാം ഇതു പ്രസക്തമെങ്കിൽ പുരോഹിതർക്ക് എത്രയധികം പ്രസക്തമാണ്!

**2. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം**

"സകലത്തിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ സമചിത്തരും പ്രാർത്ഥനയിൽ ജാഗരൂകരും ആയിരിക്കുവിൻ" (4,7).

ക്രിസ്തീയജീവിതം അവശ്യം അന്ത്യാത്മകമാണ്. കർത്താവിന്റെ രണ്ടാം ആഗമനം പ്രതീക്ഷിച്ചു മുന്നോട്ടുനീങ്ങുന്ന ഒരു ജീവിതമാണ് ക്രൈസ്തവന്റേത്. 'മാറാനാത്താ' എന്ന പ്രാർത്ഥന ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയാണ്. വെളിപാടു പുസ്തകം അവസാനിക്കുന്നത് ഈ പ്രാർത്ഥനയോടുകൂടിയാണ്: "ഇതു സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു. അതേ ഞാൻ വേഗം വരുന്നു. ആമ്മേൻ; കർത്താവായ ഈശോയേ, വരണമേ" (വെളിപാട് 22,20). കർത്താവ് അന്ത്യവിധിക്കായി വരുമ്പോൾ അവിടുത്തെ സ്വർഗ്ഗീയമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രതീക്ഷയാണ് ക്രൈസ്തവജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത്. എന്നാൽ വിശ്വാസജീവിതം നയിക്കാതെ, ശാരീരികാഭിലാഷങ്ങൾക്കടിമപ്പെട്ടു ജീവിക്കുന്നവർക്ക് കർത്താവിന്റെ രണ്ടാമാഗമനം ഭയം ജനിപ്പിക്കുന്നതാണ്. കാരണം അത് അന്ത്യവിധിയുടെ നിമിഷമാണ്. സ്വർഗ്ഗമോ നരകമോ എന്ന് നിർണ്ണായകമായി നിശ്ചയിക്കപ്പെടുന്ന നിമിഷമാണ്. അതുകൊണ്ട് വിശ്വാസജീവിതം നയിക്കുന്നവർക്ക് കർത്താവിന്റെ രണ്ടാം ആഗമനം സന്തോഷവും പ്രത്യാശയും നല്കുന്ന ഒന്നാണ്. അതിനാൽ സമചിത്തതയോടുകൂടെ ഈലോകജീവിതം നയിക്കുവാൻ അവർക്കു കഴിയും.

ശാന്തതയോടൊപ്പം പ്രാർത്ഥനയിൽ ജാഗരൂകരായിരിക്കേണ്ട ജീവിതവുമാണെന്ന് പത്രോസ്ശ്ലീഹാ വിശ്വാസികളെ ഉപദേശിക്കുന്നു. കർത്താവിന്റെ രണ്ടാമാഗമനം അവിടുത്തെ ഒന്നാമാഗമനത്തിന്റെ പൂർത്തീകരണമാണ്. നമ്മുടെ മാമ്മോദീസാ ഈശോമിശിഹായുടെ ഒന്നാമാഗമനമാണെന്നു പറയാം. മിശിഹാ നമ്മുടെ ജീവിതത്തിലേക്ക് ആദ്യമായി കടന്നുവരുന്നത് നമ്മുടെ മാമ്മോദീസായിലൂടെയാണ്.

മാമ്മോദീസായിൽ നാം മിശിഹായോടൊത്തുള്ള ജീവിതത്തിന് ആരംഭം കുറിക്കുന്നു. അതേത്തുടർന്ന് പരിശുദ്ധ കുർബാന, കൂദാശകൾ, പ്രാർത്ഥനകൾ എന്നിവയിലൂടെ ഈ ആഗമനം തുടർന്നുകൊണ്ടിരിക്കുക യാണ്. അതുകൊണ്ട് ഈ ആഗമനാനുഭവത്തിൽ നാം നിലനില്ക്കേണ്ടത് പ്രാർത്ഥനാജീവിതത്തിലൂടെയാണ്. “പ്രലോഭനത്തിൽ ഉൾപ്പെടാതിരി ക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ” (ലൂക്കാ 22,46) എന്ന് ഈശോ ശിഷ്യർക്കു നല്കുന്ന നിർദ്ദേശം ഈ വസ്തുതയെ സൂചിപ്പി ക്കുന്നതാണ്. എല്ലാ വിശ്വാസികൾക്കും ഇതു പ്രസക്തമാണെങ്കിൽ അവർക്കു വിശ്വാസപരിശീലനം നല്കേണ്ട പുരോഹിതർക്ക് ഇത് എത്ര മാത്രം പ്രസക്തമാണെന്ന് പറയേണ്ടതില്ല. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതമില്ലെങ്കിൽ പുരോഹിതശുശ്രൂഷ ഫലപ്രദ മാകുകയില്ല.

**3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം**

“സർവ്വോപരി നിങ്ങൾക്ക്, ഗാഢമായ പരസ്പരസ്നേഹം ഉണ്ടാ യിരിക്കട്ടെ; കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു. പിറുപിറുപ്പുകൂടാതെ നിങ്ങൾ പരസ്പരം ആതിഥ്യമര്യാദ പാലിക്കുവിൻ. ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാന ങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കുംവേണ്ടി ഉപയോഗിക്കട്ടെ” (4,8-10).

ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര പരസ്പരസ്നേഹമാണ്. പുതിയ ഉടമ്പടിയുടെ പ്രമാണമായി ഈശോ നല്കിയത് പരസ്പര സ്നേഹത്തിന്റെ കല്പനയാണ്. പഴയ ഉടമ്പടിയിൽ ‘അയൽക്കാരനെ സ്നേഹിക്കുക’ എന്നായിരുന്നത്, പുതിയ ഉടമ്പടിയിൽ ‘പരസ്പരം സ്നേഹിക്കുക’ എന്നായിത്തീർന്നു (യോഹ 13,34-35). സഭാസമൂഹം പരസ്പരം സ്നേഹിക്കുന്നവരുടെ സമൂഹമായിരിക്കണം. സഭ ത്രിത്വാ ത്മക കൂട്ടായ്മയായതുകൊണ്ട് സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹമാണ് സഭയുടെ മുഖമുദ്ര. അതുവഴി മാത്രമേ സഭയ്ക്ക് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും കഴിയുകയുള്ളു. അതുകൊണ്ട് സഭാസമൂഹം പരസ്പരസ്നേഹത്തിൽ നിലനില്ക്കണം. ‘സ്നേഹം നിരവധി പാപ ങ്ങളെ മറയ്ക്കുന്നു’ എന്ന പ്രസ്താവനയെക്കുറിച്ച് പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നല്കപ്പെടുന്നുണ്ട്. എങ്കിലും സ്നേഹം വിശുദ്ധിയുടെ അടിസ്ഥാനമായി കാണുകയായിരിക്കും ശരി. സ്നേഹം നമ്മിലുളവാക്കു ന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാ വാണ്. ‘റൂഹാദക്കുദ്ശാ’ എന്ന സുറിയാനിവാക്കിന്റെ അർത്ഥം ‘വിശുദ്ധി യുടെ അരൂപി’ എന്നാണ്. അരൂപി പ്രവർത്തിക്കുന്നിടത്ത് പാപത്തിനു

സ്ഥാനമില്ല. ക്രൈസ്തവജീവിതം അവശ്യം പരിശുദ്ധാരൂപിയിലുള്ള ജീവിതമായതുകൊണ്ട്, അത് വിശുദ്ധിയുടെ അഥവാ സ്നേഹത്തിന്റെ ജീവിതമാണ്.

സ്നേഹത്തോടൊപ്പം ശുശ്രൂഷയും ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്രയാണ്. കാരണം മിശിഹായുടെ സ്നേഹം ശുശ്രൂഷാസ്വഭാവ മുള്ളതായിരുന്നു. സ്നേഹത്തിന്റെ പുതിയ കല്പന ഈശോ നല്കി യത് 'പാദം കഴുകൽ' ശുശ്രൂഷ നിർവഹിച്ചതിനുശേഷമാണ് (യോഹ 13,1-11). പാദം കഴുകി സ്നേഹിച്ചതിനുശേഷം ശിഷ്യരും അപ്രകാരം സ്നേഹിക്കണമെന്ന് അവിടുന്നു കല്പിക്കുകയും ചെയ്തു (യോഹ 13,12-14). അതുകൊണ്ട് സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹം പരസ്പര ശുശ്രൂഷയിൽ പ്രകടമാകണം. നമുക്കുള്ള നന്മകളെല്ലാം പരസ്പര ശുശ്രൂഷയ്ക്കായി ദൈവം നല്കിയിട്ടുള്ളതാണ്. അക്കാരണത്താലാണ് നാം അവയുടെ കാര്യസ്ഥരായി നമ്മെത്തന്നെ കരുതണമെന്നുകൂടി ശ്ലീഹാ ഉപദേശിക്കുന്നത്. നമുക്കുള്ള നന്മകളുടെ ഉടമസ്ഥൻ ദൈവ മാണ്. ദൈവഹിതത്തിനനുസൃതമായി അവ പരസ്പര ശുശ്രൂഷ യ്ക്കായി ഉപയോഗിക്കണം. പുരോഹിതന്റെ മുഖമുദ്ര അജപാലനസ്നേ ഹവും അജപാലനശുശ്രൂഷയുമാണല്ലോ. അതുകൊണ്ട് ക്രിസ്തീയസമൂ ഹത്തിന്റെ സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും സവിശേഷത, അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ പുരോഹിതൻ വിളിക്കപ്പെട്ടിരി ക്കുന്നു.

**4. മിശിഹായുടെ സഹനത്തിൽ പങ്കുചേരുന്ന ജീവിതം**

"പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. മിശിഹായുടെ പീഢകളിൽ നിങ്ങൾ പങ്കുകാരാകുന്ന തിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്ത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും. മിശിഹായുടെ നാമം നിമിത്തം നിന്ദിക്ക പ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ, മഹത്ത്വത്തിന്റെ ആത്മാവ്, അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു" (4,12-14).

ക്രിസ്തീയജീവിതത്തിലെ വേദനകളെ മിശിഹായുടെ സഹനത്തി ലുള്ള പങ്കാളിത്തമായി മനസ്സിലാക്കണമെന്നാണ് പത്രോസ്ശ്ലീഹാ ഉപ ദേശിക്കുന്നത്. സമാഗതമാകുന്ന വിധിയെക്കുറിച്ച് (4,7.17) നല്കുന്ന സൂചനയുടെ വെളിച്ചത്തിലാണ് ഈ പ്രസ്താവനയും മനസ്സിലാ ക്കേണ്ടത്. ആദിമസഭയ്ക്കു നേരിടേണ്ടിവന്ന മതമർദ്ദനപശ്ചാത്തലവും ഇവിടെ കാണാവുന്നതാണ്. 'പരിഭ്രമിക്കരുത്' എന്ന ഉപദേശം 4, 4 ൽ വിജാതീയരുടെ മനോഭാവത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. വിശ്വാസവെളിച്ചമില്ലാത്ത വിജാതീയർ പരിഭ്രമം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ സത്യമറിയാവുന്ന ക്രൈസ്തവർ കഷ്ടതകൾക്കുമുമ്പിൽ പരി

ഭ്രമിക്കേണ്ടതില്ല. സഹനങ്ങളെ, സ്ഫുടം ചെയ്യുന്ന അഗ്നിയോടാണ് ശ്ലീഹാ ഉപമിക്കുന്നത് (1,7; 4,12). മിശിഹായുടെ സഹനത്തെ വിശ്വാസികളുടെ സഹനത്തിന്റെ മാതൃകയും രക്ഷയുടെ ഉറവിടവുമായി കാണണം. നമ്മുടെ സഹനം മിശിഹായുടെ സഹനത്തിലുള്ള കൂട്ടായ്മയായി മനസ്സിലാക്കണം. അപ്രകാരം സഹനത്തിലൂടെ മിശിഹായുടെ മഹത്ത്വത്തിൽ നമുക്കു പങ്കാളിത്തം ലഭിക്കും. യുഗാന്ത്യത്തിൽ മിശിഹായുടെ മഹത്ത്വം വെളിപ്പെടുമ്പോൾ നമുക്ക് സമ്പൂർണ്ണ ആനന്ദം സംജാതമാകുകയും ചെയ്യും.

മിശിഹായുടെ സഹനത്തിലും മഹത്ത്വത്തിലും പങ്കുചേർന്നുള്ള ജീവിതം ആത്മാവിന്റെ ശക്തിയാലുള്ള വിശ്വാസമായിട്ടാണ് പത്രോസ് ശ്ലീഹാ അവതരിപ്പിക്കുന്നത് (4,14-16). പരിശുദ്ധാത്മാവിനെ ഉന്നതത്തിൽനിന്നുള്ള ശക്തിയായിട്ടാണല്ലോ സുവിശേഷങ്ങളും അവതരിപ്പിക്കുന്നത്: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1,35); "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാനയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). സഹനങ്ങളുടെ മദ്ധ്യേ അന്തിമമഹത്ത്വം കാത്തിരിക്കുന്ന വിശ്വാസികളുടെ ഉള്ളിൽ മഹത്ത്വത്തിന്റെ ആത്മാവായ പരിശുദ്ധാരൂപി വസിക്കുന്നുണ്ട് (4,13-14). പുരോഹിതന്റെ ജീവിതം വിവിധങ്ങളായ സ്വകാര്യ ദുഃഖങ്ങളുള്ള ജീവിതമാണെന്നുള്ളതിന് സംശയമില്ല. അപ്പോഴെല്ലാം മിശിഹായുടെ സഹനത്തിലും മഹത്ത്വത്തിലും പങ്കുചേരുന്നു എന്നു വിശ്വസിക്കുവാനും അരൂപിയിൽ ശക്തി പ്രാപിച്ച് അവയെ നേരിടുവാനും പുരോഹിതനു കഴിയണം.

**5. സഹനമദ്ധ്യേ നന്മചെയ്യുന്ന ജീവിതം**

"എന്തെന്നാൽ, വിധിയുടെ സമയം സമാഗതമായിരിക്കുന്നു. ദൈവത്തിന്റെ ഭവനത്തിലായിരിക്കും അത് ആരംഭിക്കുക. അതു നമ്മിലാണ് ആരംഭിക്കുന്നതെങ്കിൽ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും! നീതിമാൻ കഷ്ടിച്ചുമാത്രം രക്ഷപെടുന്നുവെങ്കിൽ, ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും! ആകയാൽ, ദൈവഹിതമനുസരിച്ചു സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളുടെ ആത്മാക്കളെ ഭരമേല്പിക്കട്ടെ" (4,17-19).

യുഗാന്ത്യത്തിലെ ശിക്ഷാവിധിയുടെ കാഠിന്യമാണ് ഈ വാക്കുകളിലെ പ്രമേയം. യുഗാന്ത്യസമയത്തെ സൂചിപ്പിക്കുന്ന 'കയ്റോസ്' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതായത്

ഈശോയിൽ പൂർത്തീകരിക്കപ്പെടുന്ന സമയം. ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന സഹനങ്ങൾ യുഗാന്ത്യവിധിയുടെ ഭാഗമായി കരുതുവാനാണ് ശ്ലീഹാ ആവശ്യപ്പെടുന്നത്. ദൈവത്തിന്റെ വിധി ആരം ഭിക്കുന്നത് 'ദൈവഭവനത്തിലാണ്' എന്ന മുന്നറിയിപ്പ് ശ്രദ്ധേയമാണ്. 'ദൈവഭവനം' സഭയെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ സ്വന്തം ജനമാണ് 'ദൈവഭവനം'. സഭയിലുള്ളവരും സഭയ്ക്കു പുറത്തുള്ളവരും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ എടുത്തുകാണിക്കുന്നത്. സഭയ്ക്കു പുറമേയുള്ളവർ (മതമർദ്ദകർ) യുഗാന്ത്യത്തിൽ അനുഭവിക്കേണ്ടിവരുന്ന കഠിനശിക്ഷയുമായി താരതമ്യം ചെയ്യുമ്പോൾ അവർമൂലം വിശ്വാസി കൾ ഇപ്പോൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകൾ നിസ്സാരമായി നാം കരുതണം.

ഈ പശ്ചാത്തലത്തിൽ രണ്ടു കാര്യങ്ങൾ നാം ശ്രദ്ധിക്കണം. ഒന്നാമതായി സകലത്തിനെയും നീതിയോടും കാരുണ്യത്തോടുംകൂടി പരി പാലിക്കുന്ന സർവ്വശക്തനിൽ അടിയുറച്ചു വിശ്വസിക്കണം. രണ്ടാമതായി, ദൈവത്തിന്റെ നീതിയിലും കാരുണ്യത്തിലും വിശ്വസിക്കുന്ന വരെന്ന നിലയിൽ, നന്മ ചെയ്യുന്നതിൽ വീഴ്ച വരുത്താതെ നാം ജീവി ക്കണം. സഹനം അതിൽത്തന്നെ ദൈവഹിതമാണെന്നു പറയുന്നില്ല. അതേസമയം ഉണ്ടാകുന്ന സഹനങ്ങളെ ദൈവഹിതാനുസൃതമായിരി ക്കണം നാം നേരിടേണ്ടത്. അതോടൊപ്പം ഈശോയെപ്പോലെ എപ്പോഴും നന്മ ചെയ്യുന്നവരായി നാം ജീവിക്കുകയും വേണം. പുരോ ഹിതരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രസക്തമാണ്. പ്രതീക്ഷി ക്കാത്ത സഹനങ്ങൾ പുരോഹിതജീവിതത്തിലുണ്ടാകും. എങ്കിലും നന്മ മാത്രം ചെയ്യുന്നവരായി തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ പുരോ ഹിതർ ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. എല്ലാ ജീവിതസാഹചര്യങ്ങളിലും ദൈവഹിതത്തിനു വിധേയപ്പെട്ടു ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. എപ്പോഴും സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം ഞാൻ നയിക്കുന്നുണ്ടോ?
3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം നയിക്കു വാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ജീവിതസഹനങ്ങളെ മിശിഹായുടെ സഹനങ്ങളിലുള്ള പങ്കുചേര ലായി സ്വീകരിക്കാൻ എനിക്കു സാധിക്കുന്നുണ്ടോ?
5. സഹനമദ്ധ്യേ നന്മ ചെയ്യുന്ന ജീവിതം നയിക്കുവാൻ എനിക്ക് എത്ര മാത്രം സാധിക്കുന്നുണ്ട്?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**തിരുബാലസഖ്യ ദിനം - ഫെബ്രുവരി 14**

ഫെബ്രുവരി 14 ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാൻ രൂപതാകേന്ദ്രത്തിലേക്ക് എത്തിക്കുമല്ലോ.

**മനസ്സമ്മതം ഒഴിവാക്കിയുള്ള വിവാഹം**

കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗൗരവതരമായ കാരണങ്ങൾ ഉള്ളപ്പോൾ മനസ്സമ്മതം ഒഴിവാക്കി വിവാഹം ആശീർവ്വദിക്കുവാനുള്ള അനുവാദം രൂപതാ കേന്ദ്രത്തിൽ നിന്ന് നൽകിയിരുന്നുവല്ലോ. എന്നാൽ ഇപ്പോൾ എല്ലാവരും തന്നെ മനസ്സമ്മതം ഒഴിവാക്കി വിവാഹം നടത്തുവാൻ താൽപ്പര്യപ്പെടുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. സാധിക്കുന്ന എല്ലാ അവസരത്തിലും ആഘോഷങ്ങൾ പരമാവധി ഒഴിവാക്കി ലളിതമായ രീതിയിൽ മനസ്സമ്മതം നടത്തുവാൻ വിവാഹാർത്ഥികളോട് ബഹു. വികാരിയച്ചന്മാർ ആവശ്യപ്പെടേണ്ടതാണ്. മനസ്സമ്മതവുമായി ബന്ധപ്പെട്ടുള്ള ആഘോഷങ്ങൾ പ്രചാരത്തിലായിട്ട് അധികം കാലമായില്ല എന്ന വസ്തുതയും ഓർക്കേണ്ടതാണ്. അതുകൊണ്ട് ഗൗരവതരമായ കാരണങ്ങൾ ഉള്ളപ്പോൾ മാത്രമേ മനസ്സമ്മതം ഒഴിവാക്കിയുള്ള വിവാഹത്തിന് അപേക്ഷ സമർപ്പിക്കാവൂ. ഇപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ, വിവാഹാർത്ഥികൾ രണ്ടുപേരുടെയും അപേക്ഷയോടൊപ്പം രണ്ടു വികാരിയച്ചന്മാരുടേയും ശുപാർശയും ഉൾക്കൊള്ളിച്ചിരിക്കണം.

# Forane Level Vocation Promoters

| | | |
|---|---|---|
| Fr Sunil Madathil | - | Chugakkunnu |
| Fr Justin Muthanikkattu | - | Dwaraka |
| Fr Joby Mukkattukavungal | - | Kallody |
| Fr Thomas Kachirayil | - | Kalpetta |
| Fr Georgekutty Kanippillil | - | Mananthavady |
| Fr Biju Thondipparambil | - | Manimooly |
| Fr Jose Kottaram | - | Mullenkolly |
| Fr Vinod Pakkanikuzhiyil | - | Nadavayal |
| Fr Sebin Aikkarathazhath | - | Nilambur |
| Fr Jithin Edachilath | - | Payyampally |
| Fr Pratheesh Kizhakkenputhupally | - | Bathery |
| Fr John Perumattikunnel | - | Thariode |
| Fr Anish Alumkal | - | Nilgiri Region |

**അഭിനന്ദനങ്ങൾ**

കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സന്യാസിനി സമൂഹത്തിന്റെ (വിൻസെന്റ്ഗിരി) സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട റവ.സി. ഫിലോ മൂലക്കരയിലിനും ജനറൽ ടീമിനും മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും.

## New Convent

സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് പുതിയ ഭവനം കൂളിവയൽ ഇടവകയിൽ ആരംഭിച്ചു. 2021 ജനുവരി 21 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പുതിയ കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. (**Address -** Sr. Superior, St. Joseph's Convent, Koolivayal, Cherukattoor. P.O., Panamaram - 670721 - Ph: 9562110485)

## New Phone Number - Samaritan Bhavan, Mananthavady

Mob. No. - 9544669795

Whatsapp - 9778228231

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## മണിമൂളി

മണിമൂളി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജനുവരി 5 ന് പാലാങ്കര ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. ഫാ. തോമസ് പ്ലാശനാൽ ഏവർക്കും സ്വാഗതം ആശം സിച്ചു. ബഹു. ഫാ. അബ്രാഹം CST വചനചിന്തകൾ പങ്കു വച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും, കുമ്പസാരവും നടന്നു. തുടർന്ന് നടന്ന മീറ്റിംഗിൽ ഫൊറോനയിലെ പൊതുപ്രവർത്തന ങ്ങൾ ഫൊറോന വികാരി ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ വിലയിരുത്തുകയും ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. ജനുവരി 3 ന് നാമഹേതുകതിരുനാളും ജന്മദിനവും ആഘോഷിക്കുന്ന ഫൊറോന വികാരി ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചനും, പൗരോഹിത്യസ്വീകരണത്തിന്റെ ജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ച ബഹു. സജി കോട്ടായിൽ അച്ചനും ബഹു. മാത്യു കറുത്തേടത്ത് അച്ചൻ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരു ത്തുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. മണിമൂളി - നിലമ്പൂർ റീജിയണൽ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ രൂപതയിൽ നിന്നുള്ള നിർദ്ദേശങ്ങൾ പങ്കു വച്ചു. കോവിഡ് രോഗികളുടെ മൃതസംസ്കാര ശുശ്രൂഷകൾക്കു നേതൃത്വം കൊടുക്കുന്ന മേഖലയിലെ KCYM ന്റെ നേതൃത്വ ത്തിലുള്ള സമരിറ്റൻസ് ടീമിന്റെ പ്രവർത്തനങ്ങൾക്ക് അഭിനന്ദന ങ്ങൾ നേർന്നു. ദീപിക പത്രത്തിന്റെ ഫൊറോന കോർഡിനേറ്റർ ആയി പ്രിൻസ് തെക്കേതിൽ അച്ചനെ തിരഞ്ഞെടുത്തു. ബഹു. ഫാ. ബിജു തൊണ്ടിപറമ്പിൽ ഏവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം പാലേമാട് ഇടവകയിൽ വച്ച് നടത്താൻ തീരുമാനി ക്കുകയും ചെയ്തു.

**ഫാ. പ്രിൻസ് തേക്കേതിൽ**
സെക്രട്ടറി

## കൽപ്പറ്റ

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം 2021 ജനുവരി 12 ന് കളത്തുവയൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക കൂട്ടായ്മയിലേക്ക് ബഹു. വികാരി ജയിംസ് ചെമ്പക്കര അച്ചൻ

എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ബാബു മുരുങ്ങയിൽ RCJ അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു.

മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. സോമിയച്ചൻ വൈദികകൂട്ടായ്മയിലേക്ക് പുതിയതായി കടന്നുവന്ന ബഹു. വൈദികർക്ക് സ്വാഗതം ആശംസിച്ചു. ഒപ്പം ഒരു വർഷത്തെ സേവനത്തിനുശേഷം സ്ഥലം മാറി പോകുന്ന ബഹു. അജിൻ ചക്കാലക്കൽ അച്ചന് നന്ദി പറയുകയും പുതിയ സ്ഥലത്ത് എല്ലാവിധ മംഗളങ്ങൾ നേരുകയും ചെയ്തു. തുടർന്ന് ബഹു. സോമി അച്ചൻ രൂപത യിൽ നിന്നുള്ള നിർദ്ദേശങ്ങൾ യോഗത്തെ അറിയിച്ചു. ബഹു. ജോഷി പെരിയപ്പുറം അച്ചൻ ക്രൈസ്തവ സമൂഹത്തിന്റെ വിവിധ മേഖല കളിലെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനാവശ്യമായ സർവ്വേയെക്കുറിച്ചും, അതിന് നേതൃത്വം നൽകുന്നവർക്കുള്ള ഫൊറോന തലത്തിലുള്ള ട്രെയിനിംഗിനെക്കുറിച്ചും സംസാരിച്ചു. യോഗത്തിൽ വിവിധ മേഖല ഡയറക്ടമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. അതിനുശേഷം ദീപിക ദിനപത്രം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചും അതിൽ നിന്നും കരകയറാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. ബഹു. തോമസ് കച്ചിറയിൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം ഫെബ്രുവരി 9 ന് വാഴവറ്റ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## നീലഗിരി റീജിയൻ

നീലഗിരി റീജിയനിലെ വൈദികരുടെ മാസധ്യാനവും വി. ചാവറ കുര്യാക്കോസ് ഏലിയാസിന്റെ തിരുനാളും സംയുക്തമായി ജനുവരി 5 ന് കുന്നലാടി CMI Holy Family Bhavan ൽ വച്ച് നടന്നു. ആശ്രമം സുപ്പീരി യർ ഫാ. ജോസ് തെങ്ങാടിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, "ആത്മീയ നേതൃത്വവും വിവേചനവും" എന്ന വിഷയത്തെക്കുറിച്ച് ധ്യാനചിന്തകൾ പങ്കുവച്ചു. റീജണൽ ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുര അച്ചൻ മീറ്റിംഗിന് അധ്യക്ഷത വഹിക്കുകയും, ബഹു. ജനറാളച്ചന് ആശംസ കൾ അർപ്പിക്കുകയും ചെയ്തു. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. വിൻസന്റ് കൊരട്ടിപ്പറമ്പിൽ അച്ചന് ജൂബിലി യുടെ ആശംസകൾ നേർന്നു. മേഖല മതബോധന ഡയറക്ടർ

ഫാ.വിൻസന്റ് കൊരട്ടിപ്പറമ്പിൽ, കാലിക്കറ്റ് സർവ്വകലാശാല Plus One, Plus Two പരീക്ഷകൾ ജനുവരി 10–ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 11 മണി വരെയും, പത്താം ക്ലാസ്സിലെ കുട്ടികളുടെ പരീക്ഷ ജനുവരി 31–ാം തീയതിയും, ഒന്നു മുതൽ ഒൻപതു വരെയുള്ള കുട്ടികളുടെ പരീക്ഷ ഫെബ്രുവരി 7–ാം തീയതിയുമാണ് എന്നറിയിച്ചു. CML നീലഗിരി മേഖലയുടെ ആഭിമുഖ്യത്തിൽ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ദൈവവിളി സെമിനാർ ജനുവരി 14–ാം തിയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 pm മുതൽ 4 pm വരെ Google classromm app – ലൂടെ നടത്തുവാൻ തീരുമാനിച്ചു. KCYM നീലഗിരി മേഖല സമിതി രൂപീകരിച്ച കാര്യം ഫാ. റോബിൻ പടിഞ്ഞാറയിൽ അറിയിച്ചു. മാതൃവേദിയുടെ രൂപതാവാർഷികത്തെ കുറിച്ച് ഡയറക്ടർ ഫാ. അഗസ്റ്റിൻ താന്നിയിൽ സംസാരിച്ചു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ, സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹിക – സാമ്പത്തിക അവസ്ഥ സംബന്ധിച്ച പഠനങ്ങളും രേഖകളും ഇടവക അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. NDS ന്റെ നേതൃത്വത്തിൽ നടത്തുന്ന അടുക്കള പച്ചക്കറിത്തോട്ട മത്സരത്തിൽ ഓരോ യൂണിറ്റിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിച്ച്, ഏറ്റവും മികച്ച പച്ചക്കറിത്തോട്ടം കണ്ടെത്തി ജനുവരി 20–ാം തീയതിക്കുള്ളിൽ അത് മേഖലയിൽ അറിയിക്കണം എന്ന് അഭ്യർത്ഥിച്ചു. തുടർന്ന് വി. ചാവറ കുര്യാക്കോസ് ഏലിയാസിന്റെ തിരുനാൾ ആഘോഷിക്കുന്ന CMI അച്ചന്മാർക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് ഫാ. ബിനോയി കാശാംകുറ്റിയിൽ സംസാരിച്ചു. ബഹു. ജനറാളച്ചൻ മേഖലയിലെ എല്ലാ അച്ചന്മാർക്കും അവരുടെ അജപാലന പ്രവർത്തനങ്ങൾക്ക് നന്ദി പറഞ്ഞു. ബഹു. ഫാ. ചാക്കോ ഇല്ലിപറമ്പിൽ എല്ലാവർക്കും നന്ദി പറയുകയും ഫെബ്രുവരി 9 ന് അരുൾനിലയത്തിൽ വച്ചു നടക്കുന്ന അടുത്ത മാസധ്യാനത്തിലേയ്ക്ക് ഏവരേയും ക്ഷണിക്കുകയും ചെയ്തു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജനുവരി 5–ാം തീയതി ചെവ്വാഴ്ച്ച കമില്ലസ് സെമിനാരിയുടെ നേതൃത്വത്തിൽ കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച്

നടത്തപ്പെട്ടു. ബഹു. സണ്ണി മഠത്തിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഫാ. സെബാസ്റ്റ്യൻ അരീച്ചാലിൽ OCD ധ്യാന ചിന്തകൾ പങ്കുവച്ചു. പൗരോഹിത്യജീവിതത്തിൽ വിശുദ്ധിയോടെ വ്യാപരിക്കാൻ ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കണം എന്നും ദൈവം ആഗ്രഹിക്കാത്ത വഴികളിൽ നിന്ന് മാറി നടക്കണമെന്നും സെബാസ്റ്റ്യൻ അച്ചൻ വ്യക്തമാക്കി.

ആരാധനയ്ക്കുശേഷമുള്ള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. സണ്ണി മഠത്തിൽ അച്ചൻ നേതൃത്വം നൽകി. കമില്ലസ് സെമിനാരി റെക്ടർ ഫാ. ജോഫ്രി എല്ലാവരേയും സ്വാഗതം ചെയ്തു. കഴിഞ്ഞ മാസങ്ങളിലും ജനുവരി മാസത്തിലും നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ ദീപിക പത്രത്തിന്റെ വായനക്കാരുടെ എണ്ണം കൂട്ടുന്നതിനായി ഇടവകകളിൽ പ്രൊമോട്ടർമാരെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു, ക്രൈസ്തവ സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ചു പഠിക്കാനായി നടത്തുന്ന സർവ്വേയുടെ ഫൊറോന കൺവീനറായി മാനന്തവാടി ഫൊറോന വികാരി ഫാ.സണ്ണി മഠത്തിലും ഫൊറോനാ ടീമിന്റെ കോഡിനേറ്റേഴ്സിന് നേതൃത്വം നൽകാൻ ഫാ. ജസ്റ്റിൻ മൂന്നാനാൽ അച്ചനെയും നിയോഗിച്ചതായി അറിയിച്ചു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഇടവക തിരുനാളുകൾ എങ്ങനെ നല്ലരിതീയിൽ നടത്താം എന്നതിനേക്കുറിച്ച് ചർച്ച നടത്തി. 11, 12 ക്ലാസുകളിലെ കുട്ടികൾക്കുള്ള വേദപാഠ പരിക്ഷയുടെ ക്രമീകരണങ്ങളെക്കുറിച്ച് മേഖലാ ഡയറക്ടർ ഫാ.ജോസഫ് കുടക്കച്ചിറ നൽകിയ സന്ദേശം എല്ലാവരെയും അറിയിച്ചു. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് മാതൃസംഘത്തിന്റെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സണ്ണി കൊല്ലാർത്തോട്ടം അച്ചൻ സംസാരിച്ചു. ഫാ.നിഷ്വിൻ തേൻപള്ളി കെ. സി. വൈ. എം. മാനന്തവാടി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും തുടർപ്രവർത്തനങ്ങളെക്കുറിച്ചും അറിയിച്ചു. ഫാ. ആന്റോ മമ്പള്ളി AKCC യുടെ കർഷക സമരവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. ഫാ. ജോർജ്ജ്കുട്ടി കണിപ്പള്ളിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഫാ. ജിനോജ് പാലത്തടത്തിൽ എല്ലാവർക്കും ഹൃദ്യമായ നന്ദി അർപ്പിച്ചു.

**ഫാ. ജോഫിൻ മുളകൊടിയാങ്കൽ**
സെക്രട്ടറി

# മതബോധനരംഗം

'വചനം പ്രഘോഷിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും'(2തിമോ.4:2) പ്രതികൂലസാഹചര്യങ്ങൾ രൂക്ഷമായിരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസപരിശീലനം ഏറ്റവും വിജയകരമായി പൂർത്തീകരിക്കുവാൻ അധ്വാനിച്ച എല്ലാ വിശ്വാസ പരിശീലകർക്കും നന്ദി അറിയിക്കട്ടെ. പതിവ് രീതിയിൽനിന്ന് വ്യത്യസ്തമായി ഓൺലൈനിലൂടെ വിശ്വാസപരിശീലനം നടത്തുന്ന ഒരു നവീനരീതി പരിശീലിക്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിച്ചു. സ്മാർട്ട്ഫോണും ഇന്റർനെറ്റും ഉപയോഗിക്കാൻ അറിയാതിരുന്നവർ പോലും പുതുതലമുറയുടെ ശൈലിയിലേക്ക് കടന്നുവന്നു. ഈ അറിവുകളും പരിജ്ഞാനവും ഇനിയും വിശ്വാസ പരിശീലനത്തിന് ശക്തിപകരട്ടെ എന്ന് ആശംസിക്കുകയാണ്.

**സുസ്വാഗതം**

മാനന്തവാടി രൂപതയുടെ മതബോധന കേന്ദ്രത്തിന്റെ അസോസിയേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട ഷിജോ വേനക്കുഴിയിൽ അച്ചന് ഏറ്റവും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. അച്ചന്റെ പ്രവർത്തനവീഥികളിൽ എല്ലാ വിജയങ്ങളും നൽകി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## HCC, Diploma പരീക്ഷകൾ

എച്ച്.സി.സി, ഡിപ്ലോമ പരീക്ഷകൾ ഇപ്രാവശ്യം ഇടവക തലത്തിലാണ് നടന്നത്. പരീക്ഷ ഏറ്റവും ഭംഗിയായി നടത്തുവാൻ സഹായിച്ച എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഇടവകതലത്തിൽ മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകൾ രൂപതാ കേന്ദ്രത്തിൽ എത്തിച്ചു കഴിയുമ്പോൾ യൂണിവേഴ്സിറ്റി പ്രതിനിധി അവ വെരിഫൈ ചെയ്യുകയും അതിനുശേഷം രൂപതയുടെ വെബ്സൈറ്റിൽ (www.catechismmdy.in) റിസൾട്ട് പബ്ലിഷ് ചെയ്യുകയും ചെയ്യുന്നതായിരിക്കും. ഇത്തവണ എച്ച് സി സി, ഡിപ്ലോമ റാങ്ക്ലിസ്റ്റ്, രൂപതാതല സ്കോളർഷിപ്പുകൾ, സെ പരീക്ഷ എന്നിവ ഉണ്ടായിരിക്കുന്നതല്ല.

**വാർഷിക പരീക്ഷ**

ഈ വർഷത്തെ വാർഷിക പരീക്ഷകൾ 2021 ഫെബ്രുവരി ഏഴാം തീയതി നടത്തപ്പെടുകയാണ്. കോവിഡ് പ്രോട്ടോകോൾ അനുസരിച്ചാണ് പരീക്ഷ നടത്തേണ്ടത്. കഴിഞ്ഞ വർഷത്തെ സിലബസ് തന്നെയാണ് ഈ വർഷവും പിന്തുടരുന്നത്. I term 30%, II term 70%.

**Mark വിഭജനം ഇപ്രകാരമാണ്.**

Text book 35 മാർക്ക്, നമസ്കാരം - 3 മാർക്ക്, പൊതുവിജ്ഞാനം -2 മാർക്ക്, ഉപപാഠ പുസ്തകം - 10 മാർക്ക്.

**ചോദ്യങ്ങൾ**

Part I - Objective type 5 എണ്ണം, short answers 10 എണ്ണത്തിൽ 7 എണ്ണം, Paragraph type 6 എണ്ണത്തിൽ 4 എണ്ണം എഴുതണം + പാർട്ട് II ൽ നിന്നുള്ള ചോദ്യങ്ങൾ എന്നിവ ഉണ്ടായിരിക്കും.

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ ചോദ്യപേപ്പർ അതാത് ഇടവകകളിൽ തയ്യാറാക്കി പരീക്ഷ നടത്തുക.

**പരീക്ഷാസമയം**

പരീക്ഷാസമയം ഒന്നേകാൽ മണിക്കൂർ ആയിരിക്കും. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തുതന്നെ എല്ലാ ഇടവകകളിലും പരീക്ഷ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

Diploma - 10.AM-11.15AM

V, VI, VII - 8.45 AM- 10AM

VIII, IX - 11.30 AM-12.45 PM

പരീക്ഷയുടെ ദിവസത്തെ കുർബാനയുടെ സമയം ക്രമീകരിക്കുമല്ലോ.

**അവധിക്കാല മതബോധനം**

നമ്മുടെ ഇടവകകളിൽ അവധിക്കാലത്ത് കുട്ടികൾക്ക് വേണ്ടി നടത്തുന്ന വിശ്വാസപരിശീലന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു കാണുമല്ലോ. മേഖലാ തലത്തിൽ നടന്ന ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ ഈ വിവരം അറിയിച്ചിരുന്നതാണ്. ഓരോ ഇടവകയിലും നടത്താൻ ഉദ്ദേശിക്കുന്ന അവധിക്കാല വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ എന്താണെന്ന് 2021 ഫെബ്രുവരി 15 ന് മുൻപ് രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**HM, PP Conference.**

2021 മേയ് 22 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
(മതബോധന ഡയറക്ടർ)
**ഫാ. ഷിജോ വേനക്കുഴിയിൽ**
(അസ്സോ. ഡയറക്ടർ)

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. തന്നോട് തന്നെയും, ലോകത്തോടും, സാത്താനോടും ബലം പ്രയോഗിക്കാൻ വലിയ ആന്തരിക ശക്തി നാം സംഭരിക്കുന്നതിന് വേണ്ടിയാണ് സഭാ മാതാവ് നോമ്പുകാലം നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്.

അമേരിക്കയിലെ പ്രശസ്ത ചലച്ചിത്ര സംവിധായകൻ ആയിരുന്ന സിസിൽബി ഡമെല്ലയുടെ സ്വന്തം ജീവിതത്തിന് പുതിയ വഴിത്തിരിവുണ്ടാക്കിയ കഥ ഇങ്ങനെയാണ്. അദ്ദേഹം പുതിയ കഥയുടെ ചിന്തകളും ആയിട്ട് ഇരിക്കുന്ന നേരത്തുതന്നെ തന്റെ സ്റ്റുഡിയോയുടെ ഏറ്റവും അടുത്തുള്ള തടാകത്തിൽ തോണി തുഴഞ്ഞ് അക്കരെയിക്കരെ പോകുമായിരുന്നു. ഒരിക്കൽ അദ്ദേഹം തോണി തുഴഞ്ഞ് പോകുമ്പോൾ അധികം ഒഴുക്കില്ലാത്ത ഒരു സ്ഥലത്ത് വികൃതരൂപം ഉള്ള കുറെ പ്രാണികൾ. അദ്ദേഹത്തിന് ഒട്ടും ഇഷ്ടപ്പെട്ടില്ല ആ പ്രാണികളെ. ആ പ്രാണികളിൽ ഒന്ന് അദ്ദേഹം തുഴഞ്ഞു കൊണ്ടിരുന്ന തോണിയിലേക്ക് കയറിയിരുന്നു. അതിന്റെ വികൃത രൂപത്തിലേക്ക് കുറച്ചുനേരം അദ്ദേഹം നോക്കിയിരുന്നെങ്കിലും തുഴയുന്ന വഴി തന്റെ ചിന്തകളിൽ അദ്ദേഹം മുഴുകിയിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ വീണ്ടും അദ്ദേഹം ഈ പ്രാണികളെ തന്നെ സൂക്ഷിച്ചു നോക്കിയപ്പോൾ കണ്ടത് ഈ പ്രാണി തന്റെ വികൃതമായ ആവരണം പൊട്ടിക്കുകയാണ്. പെട്ടെന്ന് തന്നെ അതിൽ നിന്ന് സ്വർണ്ണ ചിറകുകൾ പിന്നീട് രത്ന നിറത്തോടുകൂടിയ തലകളും ഉയർന്നുവരികയാണ്. എന്നിട്ട് അതൊരു തുമ്പിയായിമാറി ആകാശത്തിലേക്ക് പറന്നുയരുന്നത് അദ്ദേഹം ശ്രദ്ധിക്കുകയാണ്. അദ്ദേഹത്തിന്റെ ഉള്ളിൽ പെട്ടെന്ന് ഒരു ചിന്ത ഉണ്ടായി തന്റെ കഥകൾ എല്ലാം തീർന്നു പോയി എന്ന് സങ്കടപ്പെട്ടിരുന്ന സമയത്ത് ഇതാ സ്വർണ്ണച്ചിറകുകളോടൊപ്പം രത്നം പോലെ തലകളുള്ള തുമ്പികൾ ആകാശത്തേക്ക് പറന്നുയർന്ന പോലെ എനിക്കും എന്നിലെ സ്വർണ്ണ ചിറകുകൾ പുറത്തെടുക്കാൻ സാധിക്കുമെന്ന ചിന്ത അദ്ദേഹത്തിന്റെ ജീവിതത്തിന് വലിയ വഴിത്തിരിവായി.

പ്രിയമുള്ളവരെ, നോമ്പുകാല ചിന്തയായി എനിക്ക് നല്കാനുള്ളത് എന്നിലെ എന്നെ ആരും മനസ്സിലാക്കുന്നില്ല എന്ന് ചിന്തിക്കുമ്പോൾ നമ്മൾ ഓർക്കണം നമ്മുടെ ജീവിതത്തിൽ ചില ആവരണങ്ങൾ ഉണ്ട്. മറ്റുള്ളവർക്ക് അത് വികൃതമായിട്ട് തോന്നും. നമുക്ക് പലപ്പോഴും എനിക്ക് കഴിവില്ല എന്നെ ഉയർത്താൻ ആരുമില്ല എന്നൊക്കെ തോന്നും. ചിലപ്പോൾ മറ്റുള്ളവർ തരുന്ന വേദനകൾ ആവാം.. തെറ്റിദ്ധാരണകൾ ആകാം.. നാം തന്നെ സൃഷ്ടിക്കുന്ന ചില കുഴപ്പങ്ങൾ ആകാം.. എന്തുമായിക്കൊള്ളട്ടെ, ഈ ആവരണം പൊട്ടിച്ച് പുറത്ത് വരാൻ നമുക്കും സാധിക്കും. ചിറകുകൾ സ്വർണ്ണ ചിറകുകൾ ആക്കി ആകാശത്തിലേക്ക് പറന്നുയരാൻ ഒരുപാട് സാധ്യതകൾ നമ്മുടെ മുമ്പിൽ ഉണ്ട്. നാം സൃഷ്ടിച്ചിരിക്കുന്ന, മറ്റുള്ളവർ സൃഷ്ടിച്ചു തന്നിരിക്കുന്ന വികൃതമായ ഈ ആവരണങ്ങളെ, സങ്കടങ്ങളെ, ദുഃഖങ്ങളെ, സാധ്യതയില്ലായ്മകളെ ഒക്കെ മാറ്റിയിട്ട് ഈ ആവരണം പൊട്ടിച്ച് നല്ല സ്വർണ്ണ ചിറകുകളോടുകൂടി ഉയരത്തിലേക്ക് പറന്നുയരുവാൻ എല്ലാ കൂട്ടുകാർക്കും സാധിക്കട്ടെ. ഈ നോമ്പുകാലം വിശുദ്ധിയിൽ കൂടുതൽ ആഴപ്പെടാൻ, ഈശോയോട് കൂടുതൽ അടുക്കുവാൻ നമ്മെ സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

പ്രേഷിതാഭിവാദ്യങ്ങളേടെ,
ഷിജു അച്ചൻ

2021 ഫെബ്രുവരി : 'പ്രേഷിത സൗരഭ്യമുള്ള കുഞ്ഞുസൂനങ്ങൾ'
പ്രെയർ 2021 : തിരുബാലസഖ്യാംഗങ്ങൾക്കായ്
മിഷൻ പ്രയർ ബാങ്ക് : ജഗദൽപൂർ (നടവയൽ മേഖലയിലെ ശാഖകൾ)

**കരുണയുടെ തീരത്ത്**

ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് വയനാട്ടിലെ വാഴവറ്റ ജ്യോതിനിവാസ് അഗതി മന്ദിരത്തിൽ ഭക്ഷണ സാധനങ്ങൾ നൽകി. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, പ്രസിഡണ്ട് രഞ്ചിത്ത് മുതുപ്ലാക്കൽ, ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ക്രിസ്തുമസ് ഡാൻസ്**

തിരുപ്പിറവിയുടെ സന്തോഷത്തിനും ആനന്ദത്തിനും മാറ്റുക്കൂട്ടുവാൻ ക്രിസ്മസ് ദിനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മനോഹരമായി അണിയിച്ചൊരുക്കിയ ക്രിസ്തുമസ് ഡാൻസിന് ചുക്കാൻ പിടിച്ചത് കല്ലോടി ശാഖയിലെ ചുണക്കുട്ടികൾ

ആയിരുന്നു. ചുവടു പിഴക്കാതെ നൃത്തം ചവിട്ടിയ കല്ലോടി ശാഖയിലെ കലാകാരികൾക്കും ഇതിനുപിന്നിൽ അദ്ധ്വാനിച്ച എല്ലാവർക്കും രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**ജീസസ് കിഡ്സ് -ക്രിസ്തുമസ് സ്പെഷ്യൽ**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായി തിരുപിറവിയുടെ ചരിത്രം ആനിമേഷൻ രൂപത്തിൽ മനോഹരമായി യൂട്യൂബിൽ അപ്‌ലോഡ് ചെയ്തു. തിരുപ്പിറവിയുടെ സന്ദേശം ഏറ്റവും മനോഹരമായി കുഞ്ഞു ഹൃദയങ്ങളിൽ എത്തുവാൻ സഹായിച്ച എല്ലാവർക്കും പ്രത്യേകിച്ച് മീഡിയ സെല്ലിലെ എല്ലാ അംഗങ്ങൾക്കും നന്ദി.

**നവവൈദികർക്ക് ആശംസകൾ**

പൗരോഹിത്യം ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹമാണെന്ന തിരിച്ചറിവിൽ, ഏറെ പ്രതിസന്ധികളും വെല്ലുവിളികളും ഉയർത്തുന്ന ഈ കാലഘട്ടത്തിൽ ധീരതയോടെ, ചങ്കുറപ്പോടെ പൗരോഹിത്യ ജീവിതത്തിലേക്ക് കാലെടുത്തുവച്ച്, ഈ വർഷം മാനന്തവാടി രൂപതയിൽ നിന്നും അഭിഷേകത്തോടെ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ട ഫാ. റിജോസ് അരുമയിൽ (ചോക്കാട്), ഫാ. ജെറിൻ പൊയ്കയിൽ (കുറുമ്പാല), ഫാ. അഖിൽ ഉപ്പുവീട്ടിൽ (ബത്തേരി), ഫാ. സെബി പാറയിൽ (കോട്ടത്തറ) എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾക്കൊപ്പം വിശുദ്ധമായ പൗരോഹിത്യത്തിന്റെ വഴിത്താരയിൽ വിളിച്ചവൻ കരുത്തായി എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ എന്ന പ്രാർത്ഥനാശംസകളും നേർന്നു.

**വചനം ജീവിതം**

വിശുദ്ധ ബൈബിളിൽ പ്രകാശം പരത്തുന്ന ഒത്തിരി മനുഷ്യരെക്കുറിച്ച് പറയുന്നുണ്ട്. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ബൈബിൾ മാസാചരണത്തോടനുബന്ധിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ പ്രകാശം പരത്തിയ വ്യക്തിത്വങ്ങളുടെ ആത്മീയതയെ അന്വേഷിക്കുകയാണ്, പരിചയപ്പെടുത്തുകയാണ് വചനം ജീവിതം എന്ന പരിപാടിയിലൂടെ ചെയ്തത്. ബൈബിൾ കഥാപാത്ര പരിചയം എന്നതിലുപരി ഇതൊരു ആത്മീയ യാത്രയായിരുന്നു. വിശ്വാസികൾക്കിടയിൽ എക്കാലവും ദൈവവിശ്വാസത്തിന്റെയും ദൈവാശ്രയത്വത്തിന്റെയും മിഴിവുറ്റ മാതൃകകളായിതീർന്ന അരിമത്യാക്കാരൻ ജോസഫ്, യൂദിത്ത്, സിപ്പോറ, എസ്തേർ, സോളമൻ എന്നിവരുടെ

ആത്മീയതയുടെ ആഴങ്ങൾ യഥാക്രമം ദിയ സജി ഓലിക്കൽ (ശിശുമല), എവിൻ മൂഞ്ഞേലി (മീനങ്ങാടി), ആൻ ജിസ് മരിയ സോയി (കണിയാരം), റാണി മരിയ(തലഞ്ഞി), മരിയ ജോമോൻ (അടയ്ക്കാത്തോട്) എന്നിവർ ഡിസംബർ 27 മുതൽ 31 വരെ വ്യക്തമായും സ്പഷ്ടമായും അവതരിപ്പിച്ച് മിഷൻലീഗിന്റെ യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തു. വിശുദ്ധ ഗ്രന്ഥത്തിലെ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ സഹായിച്ച വചനം ജീവിതം എന്ന പരിപാടിയുടെ പിന്നിൽ അധ്വാനിച്ച എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**സുവർണ്ണജൂബിലി നിറവിൽ**

പൗരോഹിത്യ ജീവിതത്തിന്റെ നീണ്ട വർഷങ്ങൾ ധീരതയോടെ പിന്നിട്ട്, സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ മുൻ രൂപതാ ഡയറക്ടറും തലശ്ശേരി അതിരൂപതയുടെ കരുത്തുറ്റ ഇടയനുമായ മാർ ജോർജ് ഞരളക്കാട്ട് പിതാവിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**കുഞ്ഞിപൈതങ്ങളുടെ തിരുനാൾ**

ഉണ്ണിയേശുവിനെ പ്രതി രക്തസാക്ഷികളായ കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ രൂപതയിലെ തിരുബാലസഖ്യത്തിലുള്ള മുഴുവൻ കുഞ്ഞുങ്ങൾക്കും തിരുനാൾ ആശംസകൾ നേർന്നു.

**സദ്വാർത്ത-ബൈബിൾ മാസാചരണ - സമാപനം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡിസംബർ മാസം വചനാധിഷ്ഠിതമായ നിരവധി പരിപാടികൾ സംഘടിപ്പിച്ചു. വചനം കൂടുതൽ വായിക്കുവാനും മനസ്സിലാക്കുവാനും പഠിക്കുവാനും ലഭിച്ച സുവർണ്ണാവസരമായിരുന്നു വചനമാസം. ഡിസംബർ 31 ന് മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം പിതാവ് വചനമാസത്തിന് സമാപനം കുറിച്ചുകൊണ്ട് സന്ദേശം നൽകി. മിഷൻലീഗ് മാനന്തവാടി യൂട്യൂബ് ചാനലിൽ കൂടി പിതാവ് നൽകിയ സന്ദേശത്തിൽ വചനമാസത്തിൽ നടത്തിയ എല്ലാ പ്രോഗ്രാമുകളെയും എടുത്തു പറഞ്ഞുകൊണ്ട് സി.എം.എൽ. രൂപത സമിതിയെ അഭിനന്ദിച്ചു. പിതാവേ അങ്ങ് സംഘടനയോടു കാണിക്കുന്ന കരുതലിനും പ്രോത്സാഹനത്തിനും നന്ദി.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ബൈബിൾ മാസാചരണത്തോടനുബന്ധിച്ച് -സദ്വാർത്ത-തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായി നടത്തിയ വചന ക്രിസ്മസ് ട്രീ മത്സരത്തിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ ക്രിസ് ബിനീഷ് (കമ്മന), ആൻ മരിയ രാജു (പൂക്കോട്ടുംപാടം), അൽജിൻ കെ. ബിനു (ചുണ്ടക്കര) എന്നിവരും, വചന താരകം കൊളാഷ് മത്സരത്തിൽ സുഭിക്ഷ കുരിശിങ്കൽ (അപ്പപ്പാറ), ഷിംന ജേക്കബ് കുന്നത്ത്കൂടി (അപ്പപ്പാറ), അഞ്ജലി ലിബീഷ് (ഇടിവണ്ണ) എന്നിവർ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്കും, ഗ്ലോറിയ സീസൺ 2 കരോൾ ഗാന മത്സരത്തിൽ ടെലിസ് ആൻഡ് ടീം (കൽപ്പറ്റ), സോണി ആൻഡ് ടീം (നിലമ്പൂർ), റോബിൻ കോച്ചേരി ആൻഡ് ടീം (വിളമ്പുകണ്ടം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും, വചന ചാരുത-ബൈബിൾ ദൃശ്യാവതരണ മത്സരത്തിലും, വചനകൂട്ട്-ടാബ്ളോ മത്സരത്തിലും ഏറ്റവും മികച്ചതായി ചുണ്ടക്കര ശാഖയും തിരഞ്ഞെടുക്കപ്പെട്ടു. പങ്കെടുത്തവർക്കും വിജയികളായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

മിഷൻ മാസാചരണ പ്രവർത്തനത്തിൽ കല്ലോടി, തലഞ്ഞി, തൃശ്ശിലേരി എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിനും, ശിശുമല, ചുണ്ടക്കര, ചിത്രഗിരി, ബത്തേരി, പാടിച്ചിറ, മൂലങ്കാവ്, ഇടിവണ്ണ എന്നീ ശാഖകൾ മികച്ച പത്തിൽ ഉൾപ്പെടുന്ന ശാഖകളായും തിരഞ്ഞെടുത്തു. മിഷൻ മാസത്തെ പ്രവർത്തനനിരതമാക്കാൻ യത്നിച്ച എല്ലാ ശാഖകൾക്കും അഭിനന്ദനങ്ങൾ.

കേരള എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ ഫാ.സിജോ ഇളംകുന്നപുഴയ്ക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**പുതുവത്സരാശംസകൾ**

കാലചക്രത്തിന്റെ സഞ്ചാരപഥങ്ങളിൽ കുതിപ്പും കിതപ്പും സാധാരണമാണെന്ന് മാനവരാശിയുടെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പ്രതീക്ഷയുടെ വെള്ളിവെളിച്ചവും ലക്ഷ്യപ്രാപ്തിയുടെ സ്വപ്നങ്ങളും നിറഞ്ഞ സന്മാർഗത്തിന്റെ നാളുകൾ കാത്തിരിക്കുന്നു. കൊഴിഞ്ഞുപോയ നഷ്ടസ്വപ്നങ്ങളെയും, 2020 സമ്മാനിച്ച എല്ലാ

വേദനിപ്പിക്കുന്ന ഓർമകളെയും ദൈവകരങ്ങളിൽ സമർപ്പിക്കാം. ദൈവാശ്രയത്തോടെ നല്ല പ്രതീക്ഷകളോടെ പുതുവർഷത്തിൽ നമുക്കു മുന്നേറാം. ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവർഷം ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബത്തിൽ നിന്നും ഏവർക്കും ആശംസിച്ചു.

**ആശംസകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആത്മീയ നേതാവ് ഷിജു ഐക്കരക്കാനായിൽ അച്ചന്റെ പൗരോഹിത്യ സ്വീകരണ വാർഷികദിനത്തിൽ രൂപതാ കുടുംബത്തിന്റെ സ്നേഹ നിർഭരമായ പ്രാർത്ഥനാശംസകൾ നേർന്നു.

രൂപത തലത്തിൽ സംഘടനയ്ക്കു ദിശാബോധവും നേതൃത്വവും നൽകുന്ന രൂപത ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേലിനും, രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കലിനും, രൂപത എക്സിക്യൂട്ടീവ് അംഗം സാബു ഊളവള്ളിക്കലിനും തങ്ങളുടെ ജൻമദിനങ്ങളിൽ രൂപത കുടുംബം മുഴുവനും പ്രാർത്ഥനാനിർഭരമായ ജൻമദിനാശംസകൾ നേർന്നു.

**പ്രേഷിതവാരം**

ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുമ്പോൾ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയെ സംബന്ധിച്ചിടത്തോളം 'മിഷനെ അറിയാം മിഷണറി ആകാം മിഷൻലീഗിലൂടെ' എന്ന ആപ്തവാക്യത്തിന് ജീവനും ഊർജ്ജവും തേജസ്സും പകർന്ന ദിനങ്ങളായിരുന്നു ഈ ദിനങ്ങൾ. വിവിധങ്ങളായ കർമ്മപരിപാടികളിലൂടെ പ്രേഷിതവാര ദിനങ്ങൾ സജീവമാക്കുന്നതിൽ രൂപതാ സമിതി ക്രിയാത്മകമായി നേതൃത്വം നൽകി.

**ആറാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ - പ്രേഷിത ആഹ്വാനമുള്ള തിരുവചനങ്ങൾ അയക്കുന്നു**

6 മുതൽ 12 വരെ എല്ലാ ദിവസവും പ്രേഷിത അഹ്വാനമുള്ള തിരുവചനങ്ങൾ രൂപതയിലെ മുഴുവൻ കുഞ്ഞുമിഷനറിമാരിലും എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചു. വിശുദ്ധ ലൂക്കായുടെ സുവിശേഷം നാലാം അധ്യായം 18,19 വാക്യങ്ങൾ, വിശുദ്ധ മത്തായിയുടെ സുവിശേഷം പതിനാലാം അധ്യായം 24, 25 വാക്യങ്ങൾ, ജറമിയ പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം ഏഴാം വാക്യം, മർക്കോസ് എഴുതിയ സുവിശേഷം 16 -ാം അധ്യായം പതിനഞ്ചാം വാക്യം, വിശുദ്ധ മത്തായി എഴുതിയ സുവിശേഷം നാലാം അധ്യായം 19 -ാം വാക്യം,

വിശുദ്ധ പത്രോസ് എഴുതിയ ഒന്നാം ലേഖനം അഞ്ചാം അധ്യായം രണ്ടാം വാക്യം എന്നീ തിരുവചന ഭാഗങ്ങളായിരുന്നു ഓരോ ദിനവും പഠിക്കുന്നതിനായി നൽകിയത്.

**സീറോ മലബാർ മിഷൻ രൂപതകളുടെ വെബ്സൈറ്റുകൾ**

സാഗർ, സത്ന, ഉജ്ജയിൻ, ഗോരക്പൂർ, കല്യാൺ, രാജ്കോട്ട്, ഭദ്രാവതി, ചിക്കാഗോ, മെൽബൺ, ഗ്രേറ്റ് ബ്രിട്ടൺ എന്നീ സീറോ മലബാർ രൂപതകളുടെ വെബ്സൈറ്റുകൾ നൽകിക്കൊണ്ട് വിവിധ മിഷൻ രൂപതകളെ കുറിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും ഉള്ള അവസരങ്ങൾ ഒരുക്കി കൊടുത്തു. മിഷൻ രൂപതകളുടെ വെബ്സൈറ്റുകൾ യൂട്യൂബിൽ അപ്പ് ലോഡ് ചെയ്തു.

**ഒരു മിഷൻ രൂപതയെ ദത്തെടുത്ത് പ്രാർത്ഥിക്കുക**

സീറോ മലബാർ സഭയുടെ 13 മിഷൻ രൂപതകളെ രൂപത സമിതിക്കും 12 മേഖലകൾക്കുമായി നൽകി. ചിക്കാഗോ-രൂപത സമിതി, സാഗർ-കൽപ്പറ്റ മേഖല, സത്നാ-നടവയൽ മേഖല, ഉജ്ജയിൻ-ദ്വാരക മേഖല, ഗോരഖ്പ്പൂർ-പയ്യമ്പള്ളി മേഖല, കല്യാൺ- ബത്തേരി മേഖല, രാജ്ക്കോട്ട് -കല്ലോടി മേഖല, അദിലാബാദ് -മുള്ളൻക്കൊല്ലി മേഖല, ബിജിനോർ -ചുങ്കക്കുന്ന് മേഖല, ചാന്ദ- നീലഗിരി മേഖല, മാണ്ഡ്യ-നിലമ്പൂർ മേഖല, ഷംഷാബാദ് - മണിമൂളി മേഖല, ഫരീദാബാദ്-മാനന്തവാടി മേഖല. ഓരോ മേഖലയും തങ്ങൾക്കു കിട്ടിയിരിക്കുന്ന മിഷൻ രൂപതകൾക്കായ് പ്രത്യേകവിധം പ്രാർത്ഥിച്ചു.

**വോയിസ് ഫ്രം മിഷൻ**

ആഫ്രിക്ക മിഷൻ -ഏറെ വളക്കൂറുള്ളതും എന്നാൽ ഏറെ പ്രതിസന്ധികളും വെല്ലുവിളികൾ നിറഞ്ഞതുമായ ആഫ്രിക്കയിൽ മിഷൻവേലചെയ്യുന്ന ഫാ.ഷൈജു മുളയിങ്കൽ വി.സി തന്റെ മിഷൻ ജീവിതത്തെ പറ്റിയും, വടക്കേ ഇന്ത്യയിലെ ഡെറാഡൂ മിഷനെ പറ്റിയും അവിടുത്തെ പ്രേഷിത പ്രവർത്തനങ്ങളെ പറ്റിയും സി. മെർളിൻ എലിസബത്ത് സി.എം.സി യും തങ്ങളുടെ അനുഭവങ്ങളിൽനിന്നും പങ്കുവച്ചു. കേരളത്തിനും ഇന്ത്യയ്ക്കും പുറത്തുള്ള മിഷൻ പ്രവർത്തനങ്ങളെ പറ്റിയും വിളഞ്ഞുപാകമായ വയലേലകളിലേക്ക് വേലക്കാരുണ്ടാകേണ്ടതിന്റെ ആവശ്യകതയുമൊക്കെ മനസ്സിലാക്കാൻ വോയിസ് ഫ്രം മിഷൻ ഉപകരിച്ചു.

**മിഷൻ പ്രതിജ്ഞ**

പ്രേഷിതവാരാചണത്തിന്റെ അവസാനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗം നിമിത മൂല നിരപ്പേൽ മിഷൻ പ്രതിജ്ഞ ചെയ്തുകൊണ്ട് മിഷൻലീഗ് അംഗം എന്ന

നിലയിൽ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടതിന്റെയും മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം കുഞ്ഞുമിഷണറിമാരെ ബോധ്യപ്പെടുത്തി.

**പ്രേഷിതവാര സമാപന സന്ദേശം-മാർ റാഫേൽ തട്ടിൽ പിതാവ്**

മിഷൻ രൂപതകളിലേക്ക് മാനന്തവാടി രൂപതയിൽ നിന്നും മിഷനറിമാരെ നൽകുന്നതിൽ ചെറുപുഷ്പ മിഷൻലീഗ് വഹിക്കുന്ന പങ്കിനെ പറ്റി എടുത്തുപറഞ്ഞുകൊണ്ട് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് തന്റെ പ്രേഷിതവാര സമാപന സന്ദേശം ആരംഭിച്ചു. 'സാഹചര്യങ്ങൾ അലുകൂലമാണെങ്കിലും അല്ലെങ്കിലും ക്രിസ്തുവിനെ പ്രഘോഷിക്കുക' (2 തിമോ4: 2) എന്ന വചനം ക്രൈസ്തവ വിശ്വാസം ഏറെ വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്ന ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തവും പ്രാധാന്യം അർഹിക്കുന്നതുമാണെന്ന് പിതാവ് ഊന്നി പറഞ്ഞു. കുഞ്ഞു മനസ്സുകളിൽ മിഷൻ ആവേശത്തിന്റെ തീയിട്ട അഭിവന്ദ്യ തട്ടിൽ പിതാവിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദി.

**ലൗവ് പാപ്പിറസ്-സദ്വാർത്ത എല്ലാവരും അറിയട്ടെ**

ബൈബിൾ അച്ചടിക്കാത്തതും ബൈബിൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭാഷകളിൽ ബൈബിൾ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിനായി ഫിയാത്ത് മിഷനുമായി സഹകരിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത രണ്ടാം ഘട്ട പേപ്പർ ലോഡ് ഫിയാത്ത് മിഷൻ പ്രസ്സിലേക്ക് കയറ്റി അയച്ചു.

**രൂപത വാർഷികവും പ്രേഷിത സംഗമവും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത വാർഷികവും പ്രേഷിത സംഗമവും ഫെബ്രുവരി 13-ാം തീയതി ദ്വാരക സീഡ്ഡം ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. ഒരു ശാഖയിൽ നിന്നും മൂന്നു പേര് വീതം പങ്കെടുക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേ ദിനം ഏറ്റവും നല്ല ശാഖ, മേഖലകൾക്കുള്ള സമ്മാനവും ഇതുവരെ നടത്തിയിട്ടുള്ള മത്സരങ്ങൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യുന്നതായിരിക്കും.

**ശാഖ വാർത്തകൾ**

*മരക്കടവ് -:* ബൈബിൾ ഞായർ ദിനത്തിൽ മിഷൻലീഗ് അംഗങ്ങൾ വിശുദ്ധ ബലിയിൽ പങ്കുകൊള്ളുകയും, അതിനുശേഷം, ബൈബിൾ റാലിയും, പ്രത്യേക പ്രാർത്ഥനയും നടത്തി. ശാഖയിൽ പുൽക്കൂട് മത്സരം നടത്തി. പ്രേക്ഷിതവാരം പ്രമാണിച്ച്, വിവിധ പ്രവർത്തന

ങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട്, ഡയറക്ടർ ഫാദർ സാന്റോ അമ്പലത്തറയും, പ്രസിഡൻറ് മെൽവിനും ചേർന്ന് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. പാവപ്പെട്ട കുടുംബങ്ങൾക്ക് അരി വിതരണം നടത്തി. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. കയ്യെഴുത്തു മാസിക തയ്യാറാക്കി. മുള്ളൻകൊല്ലി മേഖലയ്ക്ക് ദത്തെടുത്ത് പ്രാർത്ഥിക്കുവാൻ കിട്ടിയ അതിലാബാദ് മിഷൻ രൂപയ്ക്ക് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*ആലാറ്റിൽ –:* ക്രിസ്തുമസ്സിനോടനുബന്ധിച്ച് 25 ദിവസവും മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത കുട്ടികൾക്കും മുതിർന്നവർക്കും സമ്മാനങ്ങൾ കൈമാറി. കോവിഡ് നിർമ്മാർജ്ജനത്തിനായി 25 ദിവസവും പ്രത്യേക ആരാധന നടത്തി.

*താളിപ്പാടം –:* ഡിസംബർ മാസം ഒന്നാം തീയതി മുതൽ 31 വരെ വചനം ജീവദായകം എന്ന പേരിൽ തിരുബാലസഖ്യത്തിലെ കുട്ടികൾ വചനം പറയുന്ന വീഡിയോ പാരീഷ് ഗ്രൂപ്പിൽ അപ് ലോഡ് ചെയ്തു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ബൈബിൾ ക്വിസിൽ ഇടവകയിൽ നിന്നും എയ്ഞ്ചൽ ഏലംക്കുന്നേൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലാതലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ ശാഖാംഗങ്ങൾ പങ്കെടുക്കുകയും സമ്മാനാർഹരാകുകയും ചെയ്തു. ഒരു മിനിട്ട് സമയംകൊണ്ട് കൂടുതൽ ബൈബിൾ വാക്യം പറയുക, ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്മസ് ട്രീ മത്സരം, 8 മുതൽ 12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി ക്രിസ്മസ് കാർഡ് നിർമ്മാണം തുടങ്ങിയ മത്സരങ്ങൾ ശാഖയിൽ നടത്തി. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. വെളിച്ചത്തിന്റെ വഴിത്താര ഓൺലൈൻ പ്രോഗ്രാമിൽ ശാഖയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മുപ്പത്തിയൊന്നാം തീയതി കുർബാനയ്ക്കുശേഷം അംഗങ്ങൾ എല്ലാവരും ദിവ്യകാരുണ്യ സന്നിധിയിൽ ഒരുമിച്ചിരുന്ന് അപ്പസ്തോല പ്രവർത്തനം 1 മുതൽ 14 വരെ അധ്യായങ്ങൾ വായിച്ചു. ബഹുമാനപ്പെട്ട ഡയറക്ടർ മനോജ് കറുത്തേടത്ത് അച്ചന്റെ സമാപന ആശിർവാദ ത്തോടെ ബൈബിൾ മാസാചരണത്തിന് സമാപനം കുറിച്ചു. വിശ്വാസ പരിശീലനത്തിനായി ആദ്യമായി കടന്നുവന്ന കുരുന്നുകൾക്ക് പ്രവേശനോത്സവം സംഘടിപ്പിക്കുകയും വ്യത്യസ്തമായ പരിപാടി കളോടെ ശാഖയിൽ തിരുബാലസഖ്യദിനം ആഘോഷിക്കുകയും ചെയ്തു.

*പാറത്തോട്ടം-:* ഉണ്ണിശോയെ ഹൃദയത്തിൽ ഏറ്റുവാങ്ങുവാൻ വളരെയധികം ഉത്സാഹത്തോടും ത്യാഗത്തോടും കൂടി 25 ദിവസത്തെ ആത്മീയ ഒരുക്കം നടത്തി. മുടങ്ങാതെ പള്ളിയിൽ വരികയും പള്ളിയിൽ വച്ചിരുന്ന സുകൃത പെട്ടിയിൽ ചെയ്ത പുണ്യ പ്രവർത്തി നിക്ഷേപിക്കുകയും ചെയ്തു. വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനത്തിൽ വി.ബലിയിൽ പ്രത്യേകം അനുസ്മരിച്ചു. മാതാവിന്റെ അമലോത്ഭവ തിരുനാളിനു നൊവേനയിലും വി.ബലിയിലും പങ്കെടുത്തു. ക്രിസ്തുമസിനൊരുക്കമായി ആരാധനയും പൊതു കുമ്പസാരവും നടത്തി. ക്രിബ്, ക്രിസ്തുമസ് ട്രീ എന്നിവ നിർമ്മിക്കാൻ സഹായിച്ചു. ക്രിസ്തുമസിന് സ്വന്തമായി കരോൾഗാനം എഴുതി റ്റ്യൂൺ ചെയ്തു മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് സന്ദേശം, കഥ എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. എല്ലാ ക്ലാസ്സുകളിലും ക്രിസ്തുമസ് ഫ്രണ്ടിന് സമ്മാനങ്ങൾ നൽകി. മുടങ്ങാതെ പള്ളിയിൽ വന്നവർക്കും മത്സരത്തിലെ വിജയികൾക്കും സമ്മാനങ്ങൾ നൽകി. കുഞ്ഞു പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ വി.കുർബാനയിൽ പങ്കെടുത്തു. വർഷാവസാന ദിനത്തിൽ ദൈവത്തിന് കൃതഞ്ജതയുടെ ബലിയർപ്പിച്ച് അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി.

കർമ്മ വീഥികളിൽ നൻമയുടെയും കാരുണ്യത്തിന്റെയും ചിന്തകൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിതബന്ധിയാക്കി നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം....

**സജീഷ് എടത്തട്ടേൽ**
രൂപത സെക്രട്ടറി.

# Department of Youth Ministry

## 1. JESUS PROFESSIONALS COMMUNITY

### സ്നോബെൽസ് 2020

2020 ലെ ക്രിസ്മസ്സിന് ഒരുക്കമായി ജീസസ് പ്രൊഫഷണലിലെ അംഗങ്ങൾക്ക് ദൈവം കൊടുത്ത വ്യത്യസ്ഥമായ കഴിവുകൾ ഉപയോഗിച്ച് 10 ദിവസം ക്രിസ്മസ്സ് സന്ദേശങ്ങൾ അവതരിപ്പിച്ചു. 2020 ഡിസംബർ 10 ന് കുറുമ്പാല ഇടവകയിലെ അമല പ്രസംഗത്തിലൂടെ ക്രിസ്മസ്സ് സന്ദേശം നല്കി. ഈ കൊറോണകാലത്ത് ഭൂമിയിൽ ദൈവകൃപ നിറഞ്ഞവർക്ക് ലഭിക്കുന്ന സ്വർഗ്ഗീയ സമാധാനം ഏവർക്കും ആശംസിച്ചു. പുൽപ്പള്ളി ഇടവകാംഗമായ അലൻ ബേബിയും ശശിമല ഇടവകാംഗമായ ക്ലാരിസ് സിബിയും തങ്ങളുടെ സ്വതസിദ്ധമായ ക്രാഫ്റ്റിലൂടെയാണ് ഉണ്ണിശോയെ വരവേൽക്കാൻ ഒരുങ്ങിയത്. അലൻ ക്രിസ്മസ്സ്ട്രീയും ക്ലാരിസ് ക്രിസ്മസ്സ് കാർഡും ഉണ്ടാക്കി സന്ദേശങ്ങൾ കൈമാറി. മുട്ടിയേൽ ഇടവകയിലെ അലീനയും നരിവാലമുണ്ടയിലെ ഐറിൻ ജോസും ചെറുകഥയിലൂടെ നക്ഷത്രങ്ങളുടെ വെളിച്ചം പകർന്നേകുന്നവർക്കും നന്മചെയ്ത് ചുറ്റി നടക്കുന്ന സാന്താക്ലോസിന്റെ പുണ്യവും ജീവിതത്തിൽ പകർത്താൻ ഉണർവേകി. കണിയാരം ഇടവകാംഗമായ ജെസ്വിൻ മനോഹരമായി ഉണ്ണീശോയെ വരച്ചാണ് ക്രിസ്മസ്സ് സന്ദേശം നല്കിയത്.

സാൻജോ സ്കൂളിലെ ജെ പി അംഗങ്ങൾ സംഘഗാനത്തിലൂടെ ഒരുമയുടെ മഹത്വം വിളിച്ചോതിയപ്പോൾ മുള്ളൻകൊല്ലിയിലെ അനഘ പി മാത്യു തന്റെ സുന്ദരമായ ഗാനത്തിലൂടെയാണ് ഉണ്ണിശോയുടെ സ്നേഹം കൈമാറിയത്. കമ്മന മലങ്കര പള്ളിയിലെ മരിയ റോസ് കുര്യൻ ഓർഗൺ വായിച്ച് ദൈവം പകർന്നേകിയ കഴിവിലൂടെ ക്രിസ്മസ്സ് സന്ദേശം പകർന്നേകി. ഇങ്ങനെ വ്യത്യസ്ഥമായ രീതിയിൽ ക്രിസ്മസ്സ് സന്ദേശങ്ങൾ കൈമാറാൻ ജീസസ് പ്രൊഫഷണലിലെ അംഗങ്ങൾക്ക് കഴിഞ്ഞു. സ്നോബെൽസ് 2020 യ്ക്ക് നേതൃത്വം നല്കിയത് കോഡിനേറ്റർ സി. ഡിവ്ന എസ് ഡി ആണ്. സിസ്റ്ററിന് അഭിനന്ദനങ്ങൾ.

**താരസംഗമം**

സ്നേഹത്തിന്റെ പുത്തൻ ഉണർവ്വ് പകർന്നേകുന്ന ക്രിസ്മസ്സ് ജെ പി മക്കൾ ഒരുമിച്ച് ഈ വർഷമാണ് ആദ്യമായി ആഘോഷിക്കുന്നത്. ജീസസ് പ്രൊഫഷണലിലെ 10 അംഗങ്ങൾ സമൂഹത്തിൽ വിവിധ കാരണങ്ങളാൽ വേദനിക്കുന്ന വ്യക്തികളെ കണ്ടെത്തി ക്രിസ്മസ്സ് സമ്മാനം കൈമാറി. വീടുകളിൽ എല്ലാവരും തന്നെ പുൽക്കൂട് ഉണ്ടാക്കുകയും അതിനുമുൻപിൽ ക്രിസ്മസ്സ് രാത്രി 15 മിനിറ്റ് പ്രാർത്ഥിക്കുകയും ചെയ്തു.

ക്രിസ്മസ്സ് ദിനത്തിൽ ബഹു. ലാലച്ചന്റെ നേതൃത്വത്തിൽ നടത്തിയ സൂം മീറ്റിങ്ങിൽ ജെപി അംഗങ്ങൾ പങ്കെടുക്കുകയും മണിമൂളിയിലെ അനീന ജോസ് ക്രിസ്മസ്സ് സന്ദേശം നൽകുകയും ചെയ്തു. കൂട്ടായ്മയിൽ പരസ്പരം സ്നേഹം പങ്കുവെച്ച് നടത്തിയ ക്രിസ്മസ്സ് ഒരുക്കവും ആഘോഷവും ഇവരുടെ ജീവിതത്തിന് കൃപയേകുന്നതായിരുന്നു. താരസംഗമത്തിന് നേതൃത്വം നല്കിയ കോഡിനേറ്റർ സി. ഡിവ്ന എസ് ഡി യ്ക്ക് അഭിനന്ദനങ്ങൾ.

**ബ്ളൂമ്സ് മീറ്റിങ്ങ്**

ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയിൽ ഇപ്പോൾ 180 അംഗങ്ങളാണ് ഉള്ളത്. ഇതിൽ നിന്നും നേതൃത്വപാഠവം ഉള്ളവരും ക്രിയാത്മകമായി പ്രവർത്തിക്കുന്നവരുമായ 35 പേരുടെ സൂം മീറ്റിങ്ങ് 2021 ജനുവരി 13 ന് 5.30 ന് ബഹു. ലാലച്ചന്റെ നേതൃത്വത്തിൽ നടന്നു. പരസ്പരം പരിചയപ്പെടുത്തിയ ശേഷം മീറ്റിങ്ങിന്റെ ലക്ഷ്യം പങ്കുവെച്ചു. തുടർന്ന് മീഡിയ, സ്പിരിചൽ, കരിയർ എന്നീ മൂന്ന് തലങ്ങളിലായി തിരിച്ച് ഓരോന്നിലും പ്രവർത്തിക്കാൻ താല്പര്യമുള്ളവരെ തിരഞ്ഞെടുത്തു. പ്രാർത്ഥനയോടെ സൂം മീറ്റിങ്ങ് അവസാനിച്ചു. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയ്ക്ക് നേതൃത്വം നല്കുന്നത് കോഡിനേറ്റർ സി. ഡിവ്ന എസ് ഡിയാണ്. സിസ്റ്ററിന് അഭിനന്ദനങ്ങൾ.

**2. JESUS BAND MUSIC MINISTRY**

2021 ജനുവരി 12-ാം തീയതി ദേശീയ യുവജനദിനത്തിൽ ജീസസ് ബാന്റിലെ അംഗങ്ങൾ സൂം മീറ്റിങ്ങ് വിളിക്കുകയും അതിൽ 11 പേർ പങ്കെടുക്കുകയും തുടർന്ന് യുവജനദിന സന്ദേശം പങ്കുവെയ്ക്കുന്ന വാട്ട്സ് ആപ്പ് സ്റ്റാറ്റസ് വീഡിയോ ഉണ്ടാക്കുകയും സ്റ്റാറ്റസ് ആയി പോസ്റ്റ് ചെയ്യുകയും ചെയ്തു.

**3. YOUR NEIGHBOUR ASSOCIATION**

**ക്രിസ്മസ് ആഘോഷം**

യേശുക്രിസ്തുവിന്റെ ജനനതിരുനാളിനോട് അനുബന്ധിച്ച് ഷാലറ്റ് റോയ് മരക്കടവ്, അനിഷ ജോയ് തരിയോട്, ബെറ്റി പി ജെ

കല്ലോടി എന്നിവർ യൂത്ത് മെസേജ് എന്ന പേരിൽ ക്രിസ്മസ്സ് സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോകൾ മീഡിയ വഴി പങ്കുവെച്ചു. തുടർന്ന് ക്രിസ്മസ്സ് ഫ്രണ്ടായി പാവപ്പെട്ട വ്യക്തികളെ കണ്ടെത്തുകയും അവർക്ക് ക്രിസ്മസ്സ് സമ്മാനം നല്കുകയും ചെയ്തു. ക്രിസ്മസ്സ് ദിനത്തിൽ ഓൺലൈൻവഴി പരസ്പരം ക്രിസ്മസ് ആശംസിക്കുകയും യുവർ നൈബർ അസോസിയേഷന്റെ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്രിസ്മസ് മെസേജ് നല്കുകയും ചെയ്തു.

**ദേശീയ യുവജനദിനാഘോഷം:**

2021 ലെ ദേശീയ യുവജന ദിനാഘോഷത്തിന്റെ ഭാഗമായി യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ യൂത്ത് ടോക്ക് സീരീസ് യുവർ നൈബർ അസോസിയേഷന്റെ ഫെയ്സ് ബുക്ക് പേജിൽ ലൈവ് ആയി സംഘടിപ്പിച്ചു. ജനുവരി 9 ശനിയാഴ്ച വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബഹു. ഷംഷാദ് മരയ്ക്കാർ യൂത്ത് ടോക്ക് സീരീസ് ഉത്ഘാടനം നടത്തി. ജനുവരി 10 ഞായറാഴ്ച 7 മണിക്ക് മി. കിഷോർ തോമസ് കമ്മന 'യുവജനങ്ങളും സ്പോർട്സും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ പ്രഭാഷണം നടത്തി. ജനുവരി 11 തിങ്കളാഴ്ച 7 മണിക്ക് മി. അർജ്ജുൻ പോൾ സീതാമൗണ്ട് 'പ്രതിസന്ധികളും യൗവനവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ പ്രസംഗിച്ചു. ജനുവരി 12 ന് ആരതി തോമസ് ചുങ്കക്കുന്ന് 'ഇംഗ്ലീഷ് ഭാഷയും യൗവനവും' എന്ന വിഷയത്തിലും ജനുവരി 13 ന് ബുധനാഴ്ച 7 മണിക്ക് അഞ്ജന ജേക്കബ് പഴൂർ 'ധീരയുവത്വം ലോകനന്മയ്ക്ക്' എന്ന വിഷയത്തെകുറിച്ചും പ്രഭാഷണം നടത്തി. ആയിരത്തിലധികം പേർ കണ്ട ഈ പ്രഭാഷണങ്ങളിലൂടെ യുവജനങ്ങളെ നന്മയിലേക്ക് പ്രചോദിപ്പിക്കാനായി. പ്രഭാഷണങ്ങൾ നടത്തിയ യൂത്ത്മിനിസ്ട്രി ലീഡേഴ്സിന് അഭിനന്ദനങ്ങൾ ഇതിന് നേതൃതം നല്കിയ യുവർ നൈബർ അസോസിയേഷൻ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുങ്കലിനും, കോഡിനേറ്റർ സി. ബെൻസി എസ് എച്ചിനും അഭിനന്ദനങ്ങൾ.

**കർഷകൻ**

2020 ഡിസംബർ 23 കർഷകദിനത്തോടനുബന്ധിച്ച് ജെഫ്രീനോ ഗ്രെയ്സ് പോളിന്റെ നേതൃത്വത്തിൽ പോസ്റ്ററുകൾ നിർമ്മിച്ച് കർഷക സമരത്തിന് പിൻതുണ നല്കുകയും കർഷകരുടെ അദ്ധ്വാനമാണ് രാജ്യത്തിന്റെ ബലമെന്ന് ഉയർത്തികാട്ടുകയും ചെയ്തു. ജെഫ്രീനോയ്ക്ക് അഭിനന്ദനങ്ങൾ.

**4. LIFE TRAINING.**

**ക്രിസ്തുമസ് മെസേജ് പരമ്പര**

ലൈഫ് 2018 ബാച്ചിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ക്രിസ്മസ് മെസേജ്' എന്ന പ്രസംഗ പരമ്പരയിൽ എമിൽ, ആഗ്ന, തോമസ്, ആൽബിൻ എന്നിവർ ഡിസംബർ 21, 22, 23, 24 എന്നീ ദിനങ്ങളിലായി സന്ദേശം തയ്യാറാക്കുകയും സാമൂഹ്യമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിനു നേതൃത്വം നൽകിയ ഏഞ്ജലീന ബിജുവിനും, അതുല്യക്കും അഭിനന്ദനങ്ങൾ.

**വഴിവിളക്ക്**

2020 ജനുവരി 19 മുതൽ 23 വരെ ലൈഫ് 2019 ബാച്ചിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'വഴിവിളക്ക്' എന്ന ക്രിസ്മസ് സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രസംഗങ്ങളിലൂടെ ക്രിസ്തുവിനെ അറിയുവാനും പകരുവാനും കഴിഞ്ഞു. അനന്യ, ഡയൻ എന്നിവരുടെ നേതൃത്വത്തിൽ ചെയ്ത ഈ പരിപാടിയിൽ പങ്കെടുത്തവർ ജോസ്ന, നേഹ, സാന്ദ്ര, അലൻ, ഹെലേന എന്നിവരാണ്. അഭിനന്ദനങ്ങൾ.

**2020 പഠിപ്പിച്ച പാഠങ്ങൾ**

2020 ചരിത്ര താളുകളിൽ ഇടം നേടിയപ്പോൾ ലൈഫ് വിദ്യാർത്ഥികൾ തങ്ങളുടെ ജീവിതത്തിലെ കൊഴിഞ്ഞു വീണ വർഷത്തിലേയ്ക്ക് ഒരു അനുസ്മരണ യാത്ര നടത്തി. ലൈഫ് 2019 വിദ്യാർത്ഥികൾ '2020 പഠിപ്പിച്ച പാഠങ്ങൾ' എന്ന വിഷയത്തെ സംബന്ധിച്ച് ഉപന്യാസ മത്സരം നടത്തി. മരിയ ടോം മരുത ഒന്നാം സ്ഥാനവും, ഹെലേന ജോൺ ചുങ്കക്കുന്ന് രണ്ടാം സ്ഥാനവും, ജോസ്ന പി ജോസഫ് മൊതക്കര, ക്രിസ്റ്റി അബി ഡേവിഡ് കണിയാമ്പറ്റ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

**അനുദിനവിശുദ്ധരിലൂടെ**

യുവജനങ്ങളിലേക്കും കുഞ്ഞുങ്ങളിലേക്കും വിശുദ്ധരുടെ ജീവിതമാതൃക പകരാനായി ലൈഫ് 2018, 2019, 2020 ബാച്ചുകാരുടെ നേതൃത്വത്തിൽ അനുദിനമുള്ള വിശുദ്ധരെ പരിചയപ്പെടുത്തി വീഡിയോകൾ നിർമ്മിച്ച് ഫെയ്സ് ബുക്കിൽ അപ് ലോഡ് ചെയ്യുന്നു. 2021 ജനുവരി 7 മുതൽ ആരംഭിച്ച ഈ പരിപാടിയ്ക്ക് ലിയ അരിഞ്ചേർമല, അനന്യ ചുള്ളിയാന, ഡയൻ ചോക്കാട്, ആൻമരിയ മാത്യു കേണിച്ചിറ എന്നിവർ നേതൃത്വം നല്കുന്നു. വിശുദ്ധരെ അടുത്തറിയാൻ വിദ്യാർത്ഥികൾക്ക് ഇതിലൂടെ സാധിക്കുന്നു. ലൈഫ് വിദ്ധ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**റിജോയ്സ് 2020**

2020 ഡിസംബർ 20 മുതൽ നാല് ദിവസത്തെ ക്രിയാത്മകമായ ക്രിസ്തുമസ്സ് മത്സരം 'റിജോയ്സ് 2020' ലൈഫ് 2016 ബാച്ചിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ആദ്യ ദിനം തന്നെ കവിതാ, കഥ, ഉപന്യാസം എന്നീ രചനാ മത്സരങ്ങൾ നടന്നു. 30 പേർ പങ്കെടുത്തു. രണ്ടാം ദിവസം ഡിജിറ്റൽ പേയ്ന്റിങ്ങ്, പെൻസിൽ ഡ്രോയിങ്ങ് എന്നിവയും മൂന്നാം ദിനം ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരവും നാലാം ദിവസം ക്രിസ്മസ് ട്രീ നിർമ്മാണ മത്സരവും നടന്നു. ഇതിന് നേതൃത്വം നല്കിയ എമിൽ മരിയ പൂളപ്പാടത്തിനും മത്സര വിജയികൾക്കും അഭിനന്ദനങ്ങൾ.

**ഓൺലൈൻ പരിശീലനം**

ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിംഗ് വിദ്ധ്യാർത്ഥികൾക്കായി തിങ്കൾ, വ്യാഴം എന്നീ ദിനങ്ങളിൽ അഞ്ച് ബാച്ചിനും പ്രത്യേകം സൂം മീറ്റിങ്ങ് നടത്തുകയും അനുദിനവും വിവിധ പ്രോജക്ടുകൾ  കുട്ടികൾക്ക് നല്കുകയും അവരുടെ ആത്മീയ പഠന മേഖലകളിൽ അവരെ സഹായിക്കുകയും ചെയ്യുന്നു. ആറു ബാച്ചുകളിലായി 86 വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്. അബിറ്റ ജോസ് മരകാവ്, അഞ്ജലി സണ്ണി കല്ലുവയൽ, ഏയ്ഞ്ചലീന ബിജു നടവയൽ, ഹെലേന ജോൺ ചുങ്കക്കുന്ന്, ഗിൽഡ റോസ് വിളമ്പുകണ്ടം എന്നിവരാണ് ഓരോ ബാച്ചിന്റെയും ലീഡേഴ്സായി  ഉത്തരവാദിത്വം നിർവ്വഹിക്കുന്നത്.

**ഡെയ്‌ലി ക്വിസ്**

ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന്റെ ഭാഗമായി എല്ലാദിവസവും രാത്രി 8.30 ന് ക്വിസ് മത്സരം നടത്തി വരുന്നു. ക്വിസ് മത്സരത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ആഷ്ളി എലിസബത്ത് കൊമ്മയാട്, ജോസ്ന മൊതക്കര, ജോസ്വിൻ മുള്ളൻക്കൊല്ലി, സാഡ്രാ വിളമ്പുകണ്ടം എന്നീ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

## 5. Youth Ministry

**കുടുംബമൊന്നിച്ച്**

കോവിഡിന്റെ പശ്ചാത്തലത്തിൽ ആരാധനാ സ്വാതന്ത്ര്യങ്ങൾ പരിമിതമായ ഈ കാലഘട്ടത്ത് യൂത്ത്മിനിസ്ട്രി കുടുംബം മുഴുവൻ ബഹു. ഫാ. ലാൽ പൈനുങ്കലിന്റെ നേതൃത്വത്തിൽ സൂമിൽ ഒന്നുചേർന്ന് ആരാധിച്ച് പ്രാർത്ഥിച്ച്  തിരുപ്പിറവിയ്ക്കായി ഒരുങ്ങി. 2020 ഡിസംബർ 23 ചൊവ്വാഴ്ച രാത്രി 7 മണിയ്ക്കാണ് ലൈവ് ആരാധന നടന്നത്. 60 കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു.

**തിരുപ്പിറവിയുടെ ആഘോഷം**

പകർച്ചവ്യാധികളുടെ ഈ കാലഘട്ടത്തിൽ വളരെ വ്യത്യസ്ഥമായ രീതിയിൽ ആണ് തിരുപ്പിറവിയുടെ ആഘോഷം നടത്തിയത്. യുവജനങ്ങളും കുഞ്ഞുങ്ങളും ടീം അംഗങ്ങളും തങ്ങൾക്കു ലഭിച്ച ഫ്രണ്ടിനു വേണ്ടി 25 ദിനവും പ്രാർത്ഥിച്ച് ഒരുങ്ങി. പരസ്പരം സമ്മാനം കൈമാറാൻ പറ്റാത്ത ഈ സാഹചര്യത്തിൽ തങ്ങളുടെ വീടിന്റെ ഏറ്റവും അടുത്ത് ഏറ്റവും ആവശ്യത്തിലിരിക്കുന്ന ഒരാളെ കണ്ടെത്തി സമ്മാനം കൈമാറുകയാണ് ചെയ്തത്. ഇത് കുഞ്ഞുങ്ങളിലും യുവജനങ്ങളിലും പുതിയൊരു കരുണയുടെ സംസ്കാരം വളർത്താൻ ഇടവരുത്തി.

കൂടാതെ ക്രിസ്തുമസ് ദിനത്തിൽ 2020 ഡിസംബർ 25 ഉച്ചയ്ക്ക് 12 മണിയ്ക്ക് യൂത്ത് മിനിസ്ട്രി കുടുംബം മുഴുവൻ സൂമിൽ ഒന്നുചേർന്ന് കേക്ക് മുറിച്ച് ക്രിസ്തുമസ് വിശേഷങ്ങൾ പങ്കുവെച്ച് ആഘോഷിച്ചു. യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ബഹു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ക്രിസ്മസ് സന്ദേശം നല്കി. ഹെലേന, ജോസ്വിൻ, ടെസ്വിൻ, ഏയ്ഞ്ചലീന, അലീന, എന്നിവർ ക്രിസ്മസ് പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ലാലച്ചന്റെ അനുഗ്രഹ ആശീർവാദത്തോടെ മീറ്റിങ്ങ് അവസാനിച്ചു.

**പുത്തനാണ്ട്**

പുത്തനാണ്ട് പിറന്നപ്പോൾ പുണ്യങ്ങളെല്ലാം പുത്തനാക്കി കൊണ്ട് യൂത്ത് മിനിസ്ട്രി കുടുംബം മുഴുവൻ 2021 ജനുവരി 1 വെള്ളിയാഴ്ച രാവിലെ 8 മണിക്ക് സൂമിൽ ഒന്നു ചേർന്ന് പുതിയ വർഷത്തെ പ്രാർത്ഥനയോടെ സ്വീകരിച്ചു. 60 പേർ സൂമിൽ പങ്കുചേർന്നു. സാൻഡ്രപ്രകാശ് വിളബുകണ്ടം പരിപാടികൾക്ക് നേതൃത്വം നല്കി. ടെസ്വിൻ ജോഷി, ജോസ്വിൻ മുള്ളൻക്കൊല്ലി എന്നിവർ പുതുവർഷ ഗാനങ്ങൾ ആലപിച്ചു. ഏബെൽ തോമസ്, ആഗ്നസ് ഷാജി, ജിയ മരിയ മാത്യു, ഹെലേന ജോൺ, ആഗ്ന കല്പറ്റ, അലീന എന്നിവർ ന്യൂ ഇയർ മംഗളങ്ങൾ ആശംസിച്ചു. യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ പുതുവർഷ സന്ദേശം നല്കി. യുവജനങ്ങളും, ലൈഫ് വിദ്യാർത്ഥികളും ന്യൂ ഇയർ പോസ്റ്ററുകൾ നിർമ്മിച്ച് എല്ലാവരേയും വിഷ് ചെയ്തു. പുതിയ വർഷത്തിൽ പുതിയൊരു തുടക്കത്തിന് ഇത് കാരണമായി.

**മദ്ധ്യസ്ഥ പ്രാർത്ഥന**

യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും യുവജന ശുശ്രൂഷകൾക്കും വേണ്ടി നിരന്തരം പ്രാർത്ഥിക്കുവാനായി രണ്ട് വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വിവിധ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ഓൺലൈൻ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് സി. ലിൻസി എസ് സി വി നേതൃത്വം വഹിക്കുന്നു.

യൂത്ത്മിനിസ്ട്രി ഓഫീസിൽ എന്നും രാവിലെ 9.30 മുതൽ 10.30 വരെ ആരാധനയും എല്ലാ ബുധനാഴ്ചയും പ്രാർത്ഥനാ ദിനമായും ക്രമീകരിച്ചിരിക്കുന്നു. യൂത്ത്മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം വഹിക്കുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ഊട്ടി ഇടവകയിൽ യുവജന പ്രസ്ഥാനത്തിന് തുടക്കമായി**

2020 ഡിസംബർ 20 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതാസമിതി ഊട്ടി ഇടവക സന്ദർശിച്ച് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരിയായ റവ. ഫാ. സജി ഇളയിടത്ത് ഏവർക്കും സ്വാഗതം ആശംസിക്കുകയും, രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. ഇന്ത്യയുടെ അഭിമാനമായ ഒളിമ്പ്യൻ ശ്രീമതി. ടിന്റു ലൂക്ക ഉദ്ഘാടനകർമ്മം നിർവഹിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ പുതിയ യൂണിറ്റ് നേതൃത്വത്തിന് സത്യപ്രതിജ്ഞ ചൊല്ലി കൊടുത്തു. തടവിൽ കഴിയുന്ന ഫാ. സ്റ്റാൻ സ്വാമിയ്ക്ക് ഐക്യദാർഢ്യം രേഖപ്പെടുത്തുകയും ചെയ്തു. പുതുതായി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ഊട്ടി യൂണിറ്റിലെ എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങളും, രൂപതാ നേതൃത്വത്തിന് ഹൃദ്യമായ സ്വീകരണം നൽകിയ സജി അച്ചനും ഇടവകാംഗങ്ങൾക്കും നന്ദിയും അറിയിക്കുന്നു.

**NATIONAL FARMER'S DAY**

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയുടെ തെരുവുകളിൽ രാപകൽ സമരം ചെയ്യുന്ന കർഷകർക്കു വേണ്ടി, നീതി നിഷേധിക്കപ്പെട്ടിട്ടും അവകാശങ്ങൾക്കായി മുറവിളി ഉയർത്തുന്നവർക്ക് നാഷണൽ ഫാർമേഴ്സ് ഡേ യിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത പോസ്റ്ററുകൾ തയ്യാറാക്കി. ഫേയ്സ് ബുക്ക്, യൂട്യൂബ് എന്നിവയിലൂടെ ആശംസകളർപ്പിച്ചു.

**പൗരോഹിത്യ സ്വീകരണ ദിനാശംസകൾ**

യഥാക്രമം ഡിസംബർ 22, 23, 26 എന്നീ തീയതികളിൽ പൗരോഹിത്യ സ്വീകരണത്തിന്റെ വാർഷികം ആഘോഷിച്ച മാനന്തവാടി രൂപത ബിഷപ്പ്, അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, രൂപതാ വികാരി ജനറാൾ ബഹു. മോൺ. പോൾ മുണ്ടോളിക്കൽ, കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ എന്നിവർക്ക് പൗരോഹിത്യ സ്വീകരണ വാർഷിക ദിനത്തിന്റെ മംഗളാശംസകൾ അർപ്പിച്ചു.

**പ്രൊവിഡൻസ് ഹോം സന്ദർശനം**

ഭിന്നശേഷിക്കാരായ കുട്ടികൾ താമസിക്കുന്ന കൊട്ടിയൂർ ഇടവക പരിധിയിലെ പ്രൊവിഡൻസ് ഹോം രൂപത സമിതിയുടെ നേതൃത്വത്തിൽ സന്ദർശിച്ചു. പൗരോഹിത്യ ദിനത്തിന്റെ അഞ്ചാം വാർഷികം ആഘോഷിച്ച രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ അന്തേവാസികൾക്കും അവരെ ശുശ്രൂഷിക്കുന്ന സിസ്റ്റേഴ്സിനും ക്രിസ്തുമസ് പുതുവത്സര ആശംസകൾ അർപ്പിക്കുകയും, കേക്കുമുറിച്ച് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

മേപ്പാടി, മുട്ടിൽ, മൂപ്പനാട് പ്രദേശങ്ങളിലെ പാലിയേറ്റീവ് സൊസൈറ്റിയുടെ പുതിയ വൈസ്. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട കെ.സി.വൈ.എം. മാനന്തവാടി രൂപത ട്രഷറർ ശ്രീ. റ്റിബിൻ പാറക്കലിന് കെ.സി.വൈ.എം. മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**നവാഭിഷിക്തന് ആശംസകൾ**

നിത്യപുരോഹിതനായ യേശുവിന്റെ ജീവിത മാതൃകയെ പിഞ്ചൊല്ലുന്ന കെ.സി.വൈ.എം. പ്രവർത്തകർക്ക് അഭിമാനമായി, മുള്ളൻക്കൊല്ലി മേഖലയിലെ കെ.സി.വൈ.എമ്മിന്റെ സജീവ പ്രവർത്തകനും മുൻ സെക്രട്ടറിയുമായിരുന്ന ഫാ. ലിവിജു അമ്പാറയിൽ 2020 ഡിസംബർ 28 ന് അഭിഷിക്തനായി. കെ.സി.വൈ.എം. യുവജനങ്ങളുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിച്ചു.

**FEMINA 2020 (KCYM മാനന്തവാടി രൂപത വനിതാ സംഗമം)**

മാനന്തവാടി രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും വനിത നേതൃത്വങ്ങളെ കോർത്തിണക്കി കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ FEMINA 2020 ഡിസംബർ 22 ന് സംഘടിപ്പിച്ചു. കെ.സി.വൈ.എം. രൂപത വൈസ് പ്രസിഡന്റ് കുമാരി റ്റെസിൻ വയലിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ നൂറോളം യുവതികൾ പങ്കെടുത്തു. കെ.സി.വൈ.എം. മാനന്തവാടി രൂപത കൈവരിച്ച മികച്ച നേട്ടമായി ഈ ഒത്തുചേരലിനെ കാണാം എന്ന് ഉദ്ഘാടന സമ്മേളനത്തിൽ കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി ലിമിന ജോർജ് അഭിപ്രായപ്പെട്ടു. 'സംഘടനയിലൂടെ എന്റെ ഉയിർപ്പ്' എന്ന വിഷയത്തെ ആസ്പദമാക്കി മുൻ ICYM ജനറൽ സെക്രട്ടറിയും ഇപ്പോൾ മൂവാറ്റുപുഴ മുൻസിപ്പാലിറ്റി കൗൺസിലറുമായ ശ്രീമതി ജോയ്സ് മേരി ആന്റണിയും, 'സ്വപ്നങ്ങൾ നേടിയെടുക്കുന്നവർ' എന്ന വിഷയത്തെ ആസ്പദമാക്കി മോഡലും സിറാമിക്ക്

ആർട്ടിസ്റ്റുമായ അനു വർഗ്ഗീസ് ചീരനും ക്ലാസ്സുകൾ നയിച്ചു. കെ.സി.വൈ.എം. പ്രസ്ഥാനം നൽകിയ കരുത്തും കരുതലും ജീവിതത്തിൽ നൽകിയ മാറ്റങ്ങളെ തുറന്ന് പറഞ്ഞുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ സെക്രട്ടറി മേബിൾ ജോയ് പുള്ളോലിക്കലും രൂപത മുൻ വൈസ് പ്രസിഡന്റ് ഗ്രാലിയ അന്ന അലക്സും യുവതികളോട് സംവദിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതി അംഗങ്ങളായ ശ്രീ. ബിബിൻ ചെമ്പക്കര, റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, സി. സാലി CMC, റോസ്മേരി തേറുകാട്ടിൽ, ജിയോ മച്ചിക്കുഴി, റ്റിബിൻ പാറക്കൽ, ഡെറിൻ കൊട്ടാരത്തിൽ എന്നിവർ പങ്കെടുത്തു.

**കെ.സി.വൈ.എം. പതാക ദിനം**

കെ.സി.വൈ.എം. പതാക വിമോചനത്തിന്റെയും പരിവർത്തന ത്തിന്റെയും വിശുദ്ധിയുടെയും അടിസ്ഥാനമായും അഭിമാനമായും നിലകൊള്ളുന്നു. ക്രിസ്തുവിന്റെയും വിശുദ്ധരുടെയും നീതിമാന്മാരു ടെയും രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്ന ചുവപ്പ്; വിശുദ്ധി, നൈർമല്യം, നിഷ്കളങ്കത എന്നിവ സൂചിപ്പിക്കുന്ന വെള്ള; സഹനം ഈശ്വരവിശ്വാസം എന്നിവ സൂചിപ്പിക്കുന്ന മഞ്ഞ. ഈ കൊടിയുടെ ചുവട്ടിൽ ഏക മനസ്സായി ഒരേ സ്വരത്തിൽ അണിനിരക്കുന്ന നമുക്ക് ഒരുമയോടെ മുന്നോട്ടു നീങ്ങാം, സഭയുടെ കാവലാളായി മാറാം, ക്രിസ്തുസ്നേഹത്തിന്റെ വാഹകരാകാം, സമൂഹത്തിന് മുതൽക്കൂട്ടായി മുന്നേറാമെന്ന സന്ദേശങ്ങൾ യുവജനങ്ങളിലേയ്ക്കു പകർന്നു നല്കികൊണ്ട് ഡിസംബർ 28 ന് കെ.സി.വൈ.എം. പതാക ദിനമായി ആചരിച്ചു.

**ഡൽഹി കർഷക സമരത്തിന് ഐക്യദാർഢ്യം**

ഡൽഹി കർഷക സമരത്തിന് ഐക്യദാർഢ്യവുമായി വയനാട് ജനസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 01/01/2021 ന് കൽപ്പറ്റയിൽ സംഘടിപ്പിച്ച പാതിരാ സമരത്തിന് ഐക്യദാർഢ്യമർപ്പിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത ട്രഷറർ ശ്രീ. റ്റിബിൻ പാറക്കൽ സംസാരിച്ചു. മാനന്തവാടി രൂപത സമിതി അംഗങ്ങളായ ശ്രീ. ബിബിൻ ചെമ്പക്കര, റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ എന്നിവർ പങ്കെടുത്തു.

**ഉത്സവ് 2020**

നവംബർ 22, 29 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ട 2020 വർഷത്തെ സംസ്ഥാന കലാ - സാഹിത്യ മത്സരങ്ങളിൽ മാനന്തവാടി രൂപതയിലെ യുവജന പ്രതിഭകൾ മികവുറ്റ പ്രകടനം കാഴ്ചവെച്ചു.

**സാഹിത്യ മത്സരം**

**പത്രവാർത്ത**

കമിലോ കണ്ണംന്താനത്ത് 2 nd with B Grade ചുങ്കക്കുന്ന് യൂണിറ്റ്

**ഉപന്യാസ രചന**

സൗമ്യ മത്തായി 2 nd with B Grade പനമരം യൂണിറ്റ്

**കലാമത്സരം**

**ലളിത ഗാനം**

ആൻ നിയ ജോസ് 1 st with A Grade കണിയാരം യൂണിറ്റ്

**നാടോടിനൃത്തം**

ഫ്രാൻസിസ് വെളിയാപ്പള്ളിയിൽ 1st with B Grade തൃശ്ശിലേരി യൂണിറ്റ്

**നാടോടിനൃത്തം**

അമിത ജോയ് 2 nd with A Grade കണിയാരം യൂണിറ്റ്

നാടോടിനൃത്തത്തിൽ ഫ്രാൻസിസ് വെളിയാപ്പള്ളിയിൽ 'ജനപ്രിയ അവാർഡും' കരസ്ഥമാക്കിയിരിക്കുന്നു. വിജയികളായവർക്ക് അഭിനന്ദങ്ങൾ. സംസ്ഥാന മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച മാനന്തവാടി രൂപതയുടെ അഭിമാനമായി തീർന്ന എല്ലാ മത്സരാർത്ഥി കൾക്കും ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

**അഭയ കേസ് – വിധിയും നീതിയും**

28 വർഷങ്ങൾക്ക് ശേഷം സിസ്റ്റർ അഭയയുടെ കേസിന് വിധി വന്നിരിക്കുകയാണ്. വ്യത്യസ്തമായ കാഴ്ചപാടൊടെയാണ് ജനങ്ങൾ ഈ വിധി സ്വീകരിച്ചിരിക്കുന്നത്. അഭയ കേസ് – വിധിയും നീതിയും എന്ന വിഷയത്തിൽ 2020 ഡിസംബർ 27 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പഠന ശിബിരം സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 80 ഓളം പേർ പങ്കെടുത്തു. റവ. ഫാ. നോബിൾ തോമസ് പാറക്കൽ, ശ്രീ. ജസ്റ്റിൻ ജോർജ്ജ് എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി. കേട്ടത് വിശ്വസിക്കുന്നതി നിടയിൽ മറന്നുപോകുന്ന യഥാർത്ഥ്യങ്ങളെ കുറിച്ച് അവബോധം ഉണർത്താനും സംശയനിവാരണത്തിനുമുള്ള വേദിയായി ഈ പഠന ശിബിരം മാറി.

**2021 – വർഷത്തെ മേഖല ഭാരവാഹികൾ**

**ചുങ്കക്കുന്ന് മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | ഡെറിൻ കൊട്ടാരത്തിൽ | ചുങ്കക്കുന്ന് |
| വൈസ് പ്രസിഡന്റ്: | ബെറ്റി പുതുപറമ്പിൽ | ഒറ്റപ്ലാവ് |
| സെക്രട്ടറി: | വിമൽ കൊച്ചുപുരയ്ക്കൽ | വെള്ളൂന്നി |

| | | |
|---|---|---|
| ജോ. സെക്രട്ടറി: | സിസിൽ മാളിയേക്കൽ | കൊട്ടിയൂർ |
| ട്രഷറർ: | ബിനീഷ് മഠത്തിൽ | ശാന്തിഗിരി |
| കോഡിനേറ്റർ: | സോനു തടത്തിൽ | അമ്പായത്തോട് |
| സെനറ്റ് മെമ്പേഴ്സ്: | ജോഷ്വൽ ഈന്തുങ്കൽ | കൊട്ടിയൂർ |
| | ഷെറിൻ കാട്ടിക്കുന്നേൽ | ചുങ്കക്കുന്ന് |

**ബത്തേരി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | വിബിൻ അപ്പക്കോട്ട് | ചീങ്ങവല്ലം |
| വൈസ് പ്രസിഡന്റ്: | മെർലിൻ പുലിക്കുന്നേൽ | ബത്തേരി |
| സെക്രട്ടറി: | ഡെനിൽ മാത്യു | വടക്കനാട് |
| ജോ. സെക്രട്ടറി: | ആർദ്ര കാരക്കുന്നേൽ | ചിത്രഗിരി |
| ട്രഷറർ: | സിറിൽ സെബാസ്റ്റ്യൻ | അമ്പലവയൽ |
| കോഡിനേറ്റർ: | ഷെറിൻ മേസ്തിരിപറമ്പിൽ | വാകേരി |
| സെനറ്റ് മെമ്പേഴ്സ്: | ബ്രാവോ | ബത്തേരി |
| | അലിന മാർട്ടിൻ | |

**ദ്വാരക മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | ബിബിൻ പിലാപ്പിള്ളിൽ | ദ്വാരക |
| വൈസ് പ്രസിഡന്റ്: | നയന മുണ്ടക്കാത്തടത്തിൽ | കൊമ്മയാട് |
| സെക്രട്ടറി: | ഷിനു വടകര | തോണിച്ചാൽ |
| ജോ. സെക്രട്ടറി | അലീന ഇല്ലിക്കൽ | ചുള്ളിയാന |
| ട്രഷറർ | ലാലു കാവടുക്കുഴിയിൽ | മൊതകര |
| കോഡിനേറ്റർ | അമൽജിത്ത് കൊല്ലതുംപാട്ട് | ദ്വാരക |
| സെനറ്റ് മെമ്പേഴ്സ്: | ഐഡ പുതുശ്ശേരി | കൊമ്മയാട് |
| | ജിഷിൻ മുണ്ടക്കാത്തടത്തിൽ | കൊമ്മയാട് |

**കൽപ്പറ്റ മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | അനുഗ്രഹ് മാത്യു അറയ്ക്കൽ | വൈത്തിരി |
| വൈസ് പ്രസിഡന്റ്: | ആതിര ജോണി പാറേക്കാടൻ | കൽപ്പറ്റ |
| സെക്രട്ടറി: | റ്റിബിൻ പാറയ്ക്കൽ | റിപ്പൺ |
| ജോ. സെക്രട്ടറി: | ജോസ്‌ലിൻ കദളിമറ്റം | കൽപ്പറ്റ |
| ട്രഷറർ: | സൈമൺ വയലിങ്കൽ | കൽപ്പറ്റ |
| കോഡിനേറ്റർ: | ആൽബിൻ ഇടയാടിയിൽ | വാഴവറ്റ |
| സെനറ്റ് മെമ്പേഴ്സ്: | അനൂപ് വെള്ളാരംതടത്തിൽ | തൃക്കൈപ്പറ്റ |
| | റ്റാനിയ അഴകനാലിൽ | വാഴവറ്റ |

**മാനന്തവാടി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | ആഷ്ജാൻ കൊച്ചുപാറയ്ക്കൽ | ആലാറ്റിൽ |
| വൈസ് പ്രസിഡന്റ്: | ലിൻജു കുരിശുംമൂട്ടിൽ | കുറ്റിമൂല |

| | | |
|---|---|---|
| സെക്രട്ടറി: | അതുൽ വള്ളിക്കാവുങ്കൽ | പോരൂർ |
| ജോ. സെക്രട്ടറി: | ലിന കരിപ്പാലിൽ | വലിയകൊല്ലി |
| ട്രഷറർ: | നിഖിൽ പള്ളിപ്പാടൻ | പുതിയിടം |
| കോഡിനേറ്റർ: | ലിൻഷ അയ്യാനിക്കാട്ട് | തവിഞ്ഞാൽ |
| സെനറ്റ് മെമ്പേഴ്സ്: | പ്രിൻസ് പാലമറ്റം | കണിയാരം |
| | ജിജിന കറുത്തേടത്ത് | ടൗൺ ചർച്ച് |

**മണിമൂളി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | റോബിൻ വടക്കേക്കര | നരിവാലമുണ്ട |
| വൈസ് പ്രസിഡന്റ്: | നീതു കോലത്താൻവേലിൽ | പാലങ്കര |
| സെക്രട്ടറി: | അഖിൽ കൊല്ലംപറമ്പിൽ | പാതിരിപ്പാടം |
| ജോ. സെക്രട്ടറി: | അന്ന മുഖാലയിൽ | മണിമൂളി |
| ട്രഷറർ: | കുര്യൻ നീലത്തുമുക്കിൽ | പാലേമാട് |
| കോഡിനേറ്റർ: | സനിൽ ഒറവാറന്തറ | പാതിരിപ്പാടം |
| സെനറ്റ് മെമ്പേഴ്സ്: | ഗ്രാലിയ വെട്ടുകാട്ടിൽ | മണിമൂളി |
| | അഖിൽ നാരകത്തറ | തലഞ്ഞി |

**മുള്ളൻക്കൊല്ലി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | ഫെബിൻ കാക്കോനാൽ | ശിശുമല |
| വൈസ് പ്രസിഡന്റ്: | ഡയോണ ജോയ് എഴുമായിൽ | മുള്ളൻക്കൊല്ലി |
| സെക്രട്ടറി: | ജോസഫ് ജോർജ് ഡിപ്പോയിൽ | മരക്കടവ് |
| ജോ. സെക്രട്ടറി: | ഡൈന ടോം | സീതാമൗണ്ട് |
| ട്രഷറർ: | ആൽബിൻ സജി കൂട്ടുങ്കൽ | പട്ടാണികൂപ്പ് |
| കോഡിനേറ്റർ: | ലാലു ജോസ് തോട്ടപ്പള്ളി | മരകാവ് |
| സെനറ്റ് മെമ്പേഴ്സ്: | അഗസ്റ്റിൻ അബ്രാഹം മേമാട്ട് | മുള്ളൻക്കൊല്ലി |
| | ജിസ്ന രാജൂ നിരപ്പുതൊട്ടിയിൽ | മുള്ളൻക്കൊല്ലി |

**നടവയൽ മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | അനിൽ അമ്പലത്തിങ്കൽ | ചുണ്ടക്കര |
| വൈസ് പ്രസിഡന്റ്: | ലിസ്ന പരുവുമ്മേൽ | നടവയൽ |
| സെക്രട്ടറി: | ഷാനറ്റ് പരക്കുന്നേൽ | ചെറുകാട്ടൂർ |
| ജോ. സെക്രട്ടറി: | തേജസ് പൂകൊമ്പിൽ | കേണിച്ചിറ |
| ട്രഷറർ: | റെനു പാട്ടുപാറയിൽ | പനമരം |
| കോഡിനേറ്റർ: | വിജിൽ തെക്കെക്കൂറ്റ് | അരിഞ്ചേർമല |
| സെനറ്റ് മെമ്പേഴ്സ്: | ദീപക് ഒറവനാംതടത്തിൽ | ചുണ്ടക്കര |
| | റ്റെസിൻ വയലിൽ | പനമരം |

**നിലമ്പൂർ മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | മെറിൻ സണ്ണി കട്ടക്കയം | ഇടിവണ്ണ |
| വൈസ് പ്രസിഡന്റ്: | ഫെബിൻ ജോസഫ് ഓടയ്ക്കൽ | പൂളപ്പാടം |
| സെക്രട്ടറി: | അമൽ റ്റോമി ചെറിയംമ്പനാട്ട് | തേൾപാറ |
| ജോ. സെക്രറി: | അനിത പുറത്താനക്കുത്തിയിൽ | മൂലേപാടം |
| ട്രഷറർ: | ലിയോ തലനാനിയിൽ | പൂക്കോട്ടുംപാടം |
| കോഡിനേറ്റർ: | ജെസ്റ്റിൻ ലുക്കോസ് നീലംപറമ്പിൽ | വള്ളിക്കെട്ട് |
| സെനറ്റ് മെമ്പേഴ്സ്: | തെരേസ ജോഷി കളരിയ്ക്കൽ | ചോക്കാട് |
| | ആഷിഷ് കാവുംങ്കൽ | വടപുറം |

**നീലഗിരി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | ബിനു വിൻസന്റ് മഠത്തിൽ | മൺവയൽ |
| വൈസ് പ്രസിഡന്റ്: | മെർലിൻ ആന്റണി പുളിയ്ക്കൽ | അരൂൾനിലയം |
| സെക്രട്ടറി: | ജോജോ ജെയിംസ് തോപ്പിൽ | കയ്യൂന്നി |
| ജോ. സെക്രട്ടറി: | സാന്ദ്ര തോമസ് വട്ടക്കുന്നേൽ | കുന്നലാടി |
| ട്രഷറർ: | ജോബിൻ ജോയി തുരുത്തേൽ | കൽപ്ര |
| കോഡിനേറ്റർ: | ജിഥിൻ ചുണ്ടക്കാട്ട് | ധർമ്മഗിരി |
| സെനറ്റ് മെമ്പേഴ്സ്: | അലൻ പി ജോസഫ് പാറയ്ക്കൽ | കൽപ്ര |
| | അപർണ്ണ തങ്കച്ചൻ വിഴുക്കപ്പാറ | വിമലഗിരി |

**പയ്യമ്പള്ളി മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | സനു ഇല്ലിക്കൽ | കാട്ടിക്കുളം |
| വൈസ് പ്രസിഡന്റ്: | ശിഖ മോടോമറ്റത്തിൽ | പടമല |
| സെക്രട്ടറി: | അഖിൽ പാലക്കുന്നേൽ | തൃശ്ശിലേരി |
| ജോ. സെക്രട്ടറി: | റോഷ്ന തടത്തിൽ | പനവല്ലി |
| ട്രഷറർ: | ജെറി എളപ്പുപാറ | ആറാട്ടുതറ |
| കോഡിനേറ്റർ: | ജോയ്സ് ജോൺ പുൽപ്പറമ്പിൽ | തൃശ്ശിലേരി |
| സെനറ്റ് മെമ്പേഴ്സ്: | ഷിബിൻ ചക്കുളത്തിൽ | തൃശ്ശിലേരി |
| | അമൽഡ തൂപ്പുംകര | കമ്മന |

**തരിയോട് മേഖല**

| | | |
|---|---|---|
| പ്രസിഡന്റ്: | മാത്യൂസ് തൊട്ടിയിൽ | തരിയോട് |
| വൈസ് പ്രസിഡന്റ്: | വിനയ വട്ടക്കാട്ട് | കോട്ടത്തറ |
| സെക്രട്ടറി: | അഭിനന്ദ കൊച്ചുമലയിൽ | കാവുംമന്ദം |
| ജോ. സെക്രട്ടറി: | ജെസ്ലിൻ അമ്പാട്ടുപടവിൽ | കുറുമണി |
| ട്രഷറർ: | ജോർലിറ്റ് ജോൺ | മഞ്ഞൂറ |
| കോഡിനേറ്റർ: | അലൻ തോപ്പിൽ | കുറുമ്പാല |
| സെനറ്റ് മെമ്പേഴ്സ്: | ജോബിൻ പുതിയിടംകുന്ന് | പുതിശ്ശേരിക്കടവ് |
| | അപർണ കൂവയ്ക്കൽ | തരിയോട് |

## മേഖല വാർത്തകൾ

### ചുങ്കക്കുന്ന് മേഖല

ചുങ്കക്കുന്ന് മേഖലയുടെ വാർഷിക സെനറ്റും 2020–21 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി. ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫെറോന പാരീഷ് ഹാളിൽ വെച്ച് നടത്തിയ സമ്മേളനത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നുമായി യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോയി തുരുത്തേൽ അനുഗ്രഹ പ്രഭാഷണവും കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ സെക്രട്ടറി കുമാരി മേബിൾ ജോയി പുള്ളോലിക്കൽ ആശംസയും പറഞ്ഞു. മേഖല - രൂപത തലത്തിൽ നടത്തിയ കലാ–സാഹിത്യ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനദാനവും നടത്തി.

## യൂണിറ്റ് വാർത്തകൾ

### മണിമൂളി യൂണിറ്റ്

എല്ലാ ഞായറാഴ്ചയും യുവജനങ്ങൾക്ക് മാത്രമായി പ്രത്യേകം വി. കുർബാന ക്രമീകരിക്കുകയും, നൂറോളം യുവജനങ്ങൾ വിശുദ്ധ ബലിയിൽ പങ്കെടുക്കുകയും ചെയ്തു. ക്രിസ്തുമസിന് ഒരുക്കമായി 'സദ്‌വാർത്ത' എന്ന പേരിൽ ക്രിസ്തുമസ് സന്ദേശങ്ങളുടെ വീഡിയോ യുവജനങ്ങൾ തയ്യാറാക്കുകയും ഡിസം 1 മുതൽ 24 വരെ ഓൺലൈനായി അവതരിപ്പിക്കുകയും ചെയ്തു. പുതിയ യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു. ഡിസം. 6 ന് അഖിലേന്ത്യ കർഷക സമരത്തോട് സമ്പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വൈകുന്നേരം 7 മണിക്ക് വീടുകളിൽ ദീപം തെളിയിച്ചുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്തുകയും, ഫോട്ടോയെടുത്ത് 'പ്രതിഷേധ ജ്വാല–കർഷക സമരത്തിന് സമ്പൂർണ പിന്തുണ' എന്ന അടിക്കുറിപ്പോടെ സ്റ്റാറ്റസ് ഇടുകയും ചെയ്തു. പുൽക്കൂട് നിർമ്മാണം, കേക്ക് വിതരണം, കരോൾ ഗാനം എന്നിവ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. അസി. ഡയറക്ടർ റവ. ഫാ. പ്രിൻസിന്റെ പൗരോഹിത്യ സ്വീകരണദിനത്തിൽ യുവജനങ്ങൾ വി. ബലിയിൽ പങ്കെടുക്കുകയും തുടർന്ന് കേക്ക് മുറിച്ച് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**റോസ് മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ജനുവരി 8, 9, 10 തീയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 89 പേരും, 15,16,17 തീയതികളിലേതിൽ 97 പേരും പങ്കെടുത്തു.

**അടുത്ത കോഴ്സുകൾ**

ഫെബ്രുവരി 5,6,7 : ബുക്കിംഗ് ജനുവരി 25 ന്
മാർച്ച് 5,6,7 : ബുക്കിംഗ് ഫെബ്രുവരി 25 ന്
മാർച്ച് 26,27,28 : ബുക്കിംഗ് മാർച്ച് 15 ന്

**മരിയൻ സിംഗിൾസ്**

വൈദികർക്കുവേണ്ടി 1250 ജപമാലകളും 1250 കരുണക്കൊന്തയും ചൊല്ലി.

**മാതൃവേദി**

**രൂപതാ വാർഷികം:** ഡിസംബർ 30 ന് 'അമ്മവിളക്ക് 2020' എന്ന പേരിൽ മാതൃവേദി രൂപതാ വാർഷികം വെർചലായി ആഘോഷിച്ചു. രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവഹിച്ചു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. എല്ലാ മേഖലകളും അവരവരുടെ പ്രവർത്തന റിപ്പോർട്ടും കലാപരിപാടികളും അവതരിപ്പിച്ചു. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച മേഖല, ശാഖ ഡയറക്ടറച്ചന്മാർക്കും, ആനിമേറ്റർമാർക്കും, ഭാരവാഹികൾക്കും രൂപതാ എക്സിക്യൂട്ടീവിനും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**23 -ാം സങ്കീർത്തന മത്സരം:** അന്തർദേശീയ മാതൃവേദി നടത്തിയ 23-ാം സങ്കീർത്തന മത്സരത്തിൽ രൂപതയിൽ നിന്നും 2003 പേർ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടി. ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത മേഖലകൾ 1 കല്ലോടി, 2 ചുങ്കക്കുന്ന്, 3 നീലഗിരി. ഇടവകയിലെ അമ്മമാരുടെ എണ്ണത്തിനാനുപാതികമായി ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത ഇടവക മണിമൂളി ഫൊറോനയിലെ മരുതയാണ്. അവിടെയുള്ള എല്ലാ അമ്മമാരും പങ്കെടുത്തു. വികാരി ബഹു. തോമസ് മണക്കുന്നേൽ അച്ചനും

ഇടവകയിലെ അമ്മമാർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. അന്തർദേശീയ മത്സരത്തിലേക്ക് രൂപതയിൽനിന്നും ചുങ്കക്കുന്ന് ഇടവകയിലെ ശ്രീമതി പ്രിയ ഷൈജൻ തടങ്ങഴിയും, ധർമ്മഗിരി ഇടവകയിലെ ശ്രീമതി ജിസ്ന തുണ്ടത്തിലും തെരഞ്ഞെടുക്കപ്പെട്ടു. അതിൽ ശ്രീമതി പ്രിയ ഷൈജൻ തടങ്ങഴി മൂന്നാം സ്ഥാനം നേടി. പ്രിയ ടീച്ചർക്ക് രൂപതാ മാതൃവേദിയുടെ അഭിനന്ദനങ്ങൾ.

**മേഖലാ വാർത്തകൾ**

**മണിമൂളി –** ക്രിസ്മസ് ഒരുക്കമായി എല്ലാവർക്കും ഉണ്ണിക്കൊന്ത നൽകി. വചനവായന നടത്തി. വെർചൽ ആയി നടത്തിയ രൂപതാവാർഷികത്തിൽ പരിപാടികൾ അവതരിപ്പിച്ചു. കരോൾ ഗാനമത്സരം നടത്തി. നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു. വൈദീകർക്കും സന്യസ്ഥർക്കും വേണ്ടി പ്രാർത്ഥിച്ചു. 23–ാം സങ്കീർത്തന മത്സരത്തിൽ പങ്കെടുത്തു. നിർദ്ധന കുടുംബത്തിന്റെ ഭവന നിർമ്മാണത്തിന് 25000 രൂപ നൽകി. രൂപത നടത്തിപ്പിന്റെ വിജയത്തിനായ് 9 വിശ്വാസ പ്രമാണം ചൊല്ലി.

**ദ്വാരക –** വിവിധ നിയോഗങ്ങൾ വെച്ച് ചെയിൻ റോസറി നടത്തി. കരോൾ ഗാനമത്സരം, ബൈബിൾ പാരായണം എന്നിവയിൽ സഹകരിച്ചു. 23–ാം സങ്കീർത്തനമത്സത്തിൽ 173 പേർ പങ്കെടുത്തു.

**മുള്ളൻകൊല്ലി –** അന്തർദ്ദേശീയതലത്തിൽ നടത്തിയ 23–ാം സങ്കീർത്തന മത്സരത്തിൽ 149 പേർ പങ്കെടുത്തു. രൂപതവാർഷികത്തിന് കരോൾഗാനം അവതരിപ്പിച്ചു.

**കൽപ്പറ്റ –** എല്ലാ ആദ്യ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥന നടത്തി. 20 രൂപ വീതം ജീവകാരുണ്യ പ്രവർത്തനത്തിനായി മാറ്റിവെച്ചു. കരോൾഗാനം, പുൽക്കൂട് നിർമ്മാണം, കേക്ക് നിർമ്മാണം എന്നീ ഓൺലൈൻ മത്സരം നടത്തി ക്രിസ്മസ് ആഘോഷിച്ചു.

**മാനന്തവാടി –** നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു. സങ്കീർത്തനം 23 വായിച്ച് വീഡിയോ ആക്കി മേഖലക്ക് നൽകി. വിവിധ നിയോഗങ്ങൾവെച്ച് ചെയിൻ റോസറി നടത്തി. പ്രാർത്ഥനാ ദിനം ആചരിച്ചു.

**കല്ലോടി –** 8 അമ്മമാർ ആദ്യകാല ക്രിസ്മസ് അനുഭവങ്ങൾ പങ്കുവെച്ചു. 23–ാം സങ്കീർത്തന വായനാ മത്സരത്തിൽ 270 പേർ പങ്കെടുത്തു. ഉണ്ണീശോയ്ക്കൊരു സമ്മാനമായി മൂന്നു ശാഖകൾ സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. കോളനികളിലും, വൃദ്ധമാതാപിതാക്കൾക്കും ക്രിസ്മസ് കേക്ക് നൽകി.

**ചുങ്കക്കുന്ന് –** 25 നോമ്പാചരിച്ചു. കരോൾഗാന മത്സരം നടത്തി. അന്തർദേശിയ തലത്തിൽ നടത്തിയ സങ്കീർത്തനം 23 മത്സരത്തിൽ പങ്കെടുത്തു. പ്രസംഗ മത്സരത്തിൽ സമ്മാനം നൽകി.

**തരിയോട്** – അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു. അമ്പല വയൽ ഗാന്ധിസദൻ വൃദ്ധമന്ദിരം സന്ദർശിച്ച് 4190 രൂപയുടെ കിറ്റുകൾ നൽകി. കരോൾഗാന മത്സരം നടത്തി. 139 –പേർ സങ്കീർത്തന മത്സര ത്തിൽ പങ്കെടുത്തു.

**ശാഖാവാർത്തകൾ**

**ബത്തേരി –** ബഹു. ഫാ. അഖിൽ ഉപ്പുവീട്ടിലിന്റെ പൗരോഹിത്യ സ്വീക രണത്തിൽ 3 പേർ പങ്കെടുത്തു. പുൽക്കൂട്ടിലേക്കൊരു യാത്ര എന്ന പേരിൽ 25 ദിവസം ക്രിസ്മസിന് ഒരുക്കങ്ങൾ നടത്തി. രോഗീ സന്ദർശനം നടത്തി. വചനവായന, കരോൾഗാനമത്സരം, എന്നിവ നടത്തി. 23–ാം സങ്കീർത്തന മത്സരത്തിൽ 25 അമ്മമാർ പങ്കെടുത്തു. നോമ്പാചരണ ത്തിൽ ലഭിച്ച തുകകൊണ്ട് സാധുസഹായം നൽകി. ഇടവകയ്ക്കൊരു ബൈബിൾ നൽകി. നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു. പിഞ്ചു കുഞ്ഞു ങ്ങളുടെ പുഞ്ചിരി മത്സരം നടത്തി.

**കുറുമ്പാല –** അമലോത്ഭവ തിരുനാൾ ആചരിച്ചു. വൃദ്ധമന്ദിരം സന്ദർശിച്ച് ഭക്ഷണകിറ്റ് നൽകി. 13 അമ്മമാർ സങ്കീർത്തന മത്സരത്തിൽ പങ്കെടുത്തു. മേഖലയിൽ നടത്തിയ കരോൾഗാനമത്സരത്തിൽ പങ്കു ചേർന്നു.

**കബനിഗിരി –** അന്തർദേശിയ ഭക്തിഗാന മത്സരത്തിൽ പങ്കെടുത്തു. പള്ളിതിരുനാളിന് ഒരു സ്റ്റാൾ ഉണ്ടാക്കി.

**മുട്ടിയേൽ –** പിറവി തിരുനാളിനൊരുക്കമായി കുടുംബങ്ങൾ ഒന്നുചേർന്ന് സമ്പൂർണ്ണ ബൈബിൾ വായിച്ചു. ഉണ്ണിക്കൊരുസമ്മാനം എന്ന പരിപാടി യിൽ പങ്കെടുത്തു. കരോൾഗാന മത്സരം, പുൽക്കൂട് നിർമ്മാണം, ദീപക്കാഴ്ച, ദേവാലയ പരിസരം വൃത്തിയാക്കൽ എന്നിവയിൽ സഹ കരിച്ചു.

**തോണിച്ചാൽ –** വചനവായന, ജപമാല, സുകൃതങ്ങൾ, 23–ാം സങ്കീർത്തനം തുടങ്ങിയവയിലൂടെ 25 നോമ്പാചരിച്ചു. പുൽക്കൂട് നിർമ്മാണമത്സരത്തിൽ സമ്മാനാർഹരായവരെ ആദരിച്ചു. മേഖല നടത്തിയ കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു.

**കോട്ടത്തറ –** അമലോത്ഭവ തിരുനാളിന് ഗവ. ഹോസ്പ്പിറ്റലിൽ 75 പൊതിച്ചോറ് നൽകി. 23–ാം സങ്കീർത്തന മത്സരത്തിൽ പങ്കെടുത്തു. വചനവായന, സുകൃതജപങ്ങൾ എന്നിവ അനുഷ്ഠിച്ചു. സാധു കുടുംബ ത്തിന് ഭക്ഷണകിറ്റ് നൽകി. കിടപ്പുരോഗികളെ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. നവ വൈദികന് ആശംസകൾ അറിയിച്ച് സ്നേഹോപകാരം നൽകി.

**കൽപ്ര –** നോമ്പാചരണം നടത്തി. തിരുകുടുംബത്തിന്റെ തിരുനാൾ ആചരിച്ചു. ഗർഭസ്ഥ ശിശുക്കൾ, ഭിന്നശേഷിക്കാർ എന്നിവർക്കുവേണ്ടി ചെയിൻ റോസറി നടത്തി. 23-ാം സങ്കീർത്തന മത്സരത്തിൽ 21 പേർ പങ്കെടുത്തു.

**കുറുമണി –** ഭവനസന്ദർശനം നടത്തി. 8325 -രൂപ ഫണ്ട് ശേഖരിച്ചു. വിവിധ നിയോഗങ്ങൾക്കായി അഖണ്ഡ ജപമാല ചൊല്ലി. അമ്പലവയൽ ഗാന്ധിസദൻ വൃദ്ധമന്ദിരം സന്ദർശിച്ച് 1000 രൂപയുടെ ഭക്ഷണ കിറ്റു കൾ നൽകി. ക്രിസ്മസ് ഫ്രണ്ടിന് കിട്ടിയ 3750 രൂപ കപ്പേളപണിക്കായി മാറ്റിവെച്ചു. സങ്കീർത്തന വായന മത്സരത്തിൽ 71 പേർ പങ്കെടുത്തു.

**കരിമാനി –** അമലോത്ഭവ തിരുനാളിന് ജപമാല, കരുണകൊന്ത, തിരു ഹൃദയ ജപമാല, സുകൃതജപങ്ങൾ എന്നിവ ചൊല്ലി വിവിധ നിയോഗ ങ്ങൾക്കായി കാഴ്ചവെച്ചു. 25 പേർ വചന മത്സരത്തിൽ പങ്കെടുത്തു. ആരാധന നടത്തി. നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു.

**പേരിയ –** അമലോത്ഭവ തിരുനാൾ ആചരിച്ചു. 13 പേർ 23-ാം സങ്കീർത്തന മത്സരത്തിൽ പങ്കെടുത്തു. പുൽക്കൂട് നിമ്മാണത്തിൽ സഹ കരിച്ചു. ഫണ്ട് ശേഖരണാർത്ഥം പള്ളിയിലെ കാപ്പിക്കുരു പറിച്ചു. കുഞ്ഞി പൈതങ്ങളുടെ തിരുനാൾ ആചരിച്ചു.

**തലപ്പുഴ –** മാതാവിന്റെ രൂപം അലങ്കരിച്ച് വചനം ഏറ്റുപറഞ്ഞ് അമ ലോത്ഭവ തിരുനാൾ ആചരിച്ചു. 23-ാം സങ്കീർത്തന മത്സരത്തിൽ 9 പേർ പങ്കെടുത്തു. ഗർഭസ്ഥ ശിശുക്കൾ, ഭിന്നശേഷിക്കാർ എന്നി വർക്കായി ചെയിൻ റോസറി നടത്തി. രോഗീസന്ദർശനം നടത്തി. ക്രിസ്മസ് സമ്മാനം നൽകി.

**പുതിയിടം –** ജപമാല, വചനവായന, കരുണകൊന്ത എന്നീ പ്രാർത്ഥന കൾ ചൊല്ലി. 23-ാം സങ്കീർത്തന മത്സരത്തിൽ 6 പേർ പങ്കെടുത്തു. 25 നോമ്പാചരിച്ചു.

**ആടിക്കൊല്ലി –** ആശാവർക്കർ, പൊതുപ്രവർത്തകർ എന്നിവരെ ആദ രിച്ചു. 2021 വി. യൗസേപ്പിതാവിന്റെ വർഷമായി തുടക്കം കുറിച്ചു. 23-ാം സങ്കീർത്തന മത്സരത്തിൽ ഏതാനും പേർ പങ്കെടുത്തു.

**കല്ലോടി –** അഖണ്ഡ ജപമാല നടത്തി. ഓരോ വിശുദ്ധന്റെ ചരിത്രം ഓരോ മാസവും ഓൺ ലൈനായി അവതരിപ്പിച്ചു. കരോൾഗാനം, പുൽക്കൂട് നിർമ്മാണം, കാർഡ് നിർമ്മാണം, വചന നക്ഷത്രം, കേക്ക് നിർമ്മാണം, സങ്കീർത്തനം 23, ജൈവ പച്ചക്കറി തുടങ്ങിയ മത്സരങ്ങൾ നടത്തി സമ്മാനർഹരായവരെ ആദരിച്ചു. ആതുര സന്ദർശനം നടത്തി. കുഞ്ഞിപൈതങ്ങളെ ആദരിച്ചു.

**കളത്തുവയൽ –** വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥിച്ചു, കേക്ക് നൽകി. കരോൾഗാനം, കേക്ക് നിർമ്മാണം, പുൽക്കൂട് നിർമ്മാണം, വചന വായന തുടങ്ങിയ മത്സരത്തിൽ പങ്കെടുത്തു. വാർഡ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട ബീന മാത്യുവിനെ ആദരിച്ചു. നേഴ്സറി അദ്ധ്യപകരെ ആദരിച്ചു. വൃദ്ധസദനത്തിൽ നൽകാൻ വസ്ത്ര ങ്ങൾ ശേഖരിച്ചു.

**മുള്ളൻകൊല്ലി –** സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു. സങ്കീർത്തന വായനയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**വെള്ളൂന്നി –** 23 –ാം സങ്കീർത്തന വായനയിൽ 30– ഓളം പേർ പങ്കെ ടുത്തു. വിവിധ ക്രിസ്മസ് പരിപാടികൾ സംഘടിപ്പിച്ചു. 2021 വി. യൗസേ പിതാവിന്റെ വർഷമായി തുടക്കമിട്ടു. നവവൈദികന് ആശംസകൾ നേർന്നു.

**കൊട്ടിയൂർ –** ക്രിസ്മസ് സന്ദേശം ഭവനങ്ങളിൽ എത്തിച്ചു. രോഗീ സന്ദർശനം നടത്തി. സങ്കീർത്തന വായന നടത്തി.

**ശാന്തിഗിരി –** 24 പേർ സങ്കീർത്തന വായനയിലും 2 പേർ ഈശോ യുടെ ജനനത്തെ സംബന്ധിച്ചുള്ള വീഡിയോയിലും 7 പേർ കരോൾഗാന മത്സരത്തിലും പങ്കെടുത്തു.

**അടക്കാത്തോട് –** 25 നോമ്പാചരണം നടത്തി. കരോൾഗാന മത്സര ത്തിൽ പങ്കെടുത്തു. കോവിഡ് രോഗികൾക്ക് ആവശ്യമായ സാധന ങ്ങൾ വാങ്ങി കൊടുത്തു.

**വാളേരി –** ഓൺ ലൈൻ രൂപത വാർഷികത്തിൽ ടാബ്ളോ അവതരി പ്പിച്ചു. നോമ്പാചരണം, ദൈവവചനം, സുകൃതജപം എന്നീ പുണ്യാ ഭ്യാസനങ്ങളിലൂടെ പുൽക്കൂട്ടിലേക്കൊരു പുണ്യയാത്ര നടത്തി. സങ്കീർത്തന വായനയിൽ 25 പേർ പങ്കെടുത്തു. ഭവന സന്ദശനം, കോളനി സന്ദർശനം എന്നിവ നടത്തി, വൃദ്ധമാതാപിതാക്കളെ കണ്ട് കേക്ക് നൽകി ആദരിച്ചു. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു. നേഴ്സറി ടീച്ചറിന് ആശംസകൾ നേർന്നു. ക്രിസ്മസിനൊരുക്കമായി വചനം എഴുതി. ജൈവപച്ചക്കറി കൃഷി നടത്തി മികവ് തെളിയിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

**പാലാങ്കര –** 25 നോമ്പാചരണം നടത്തി. 23–ാം സങ്കീർത്തന മത്സര ത്തിൽ പങ്കെടുത്തു. നേഴ്സറി ടീച്ചേഴ്സിനെ ആദരിച്ചു. കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആചരിച്ചു.

**തലഞ്ഞി –** കൊറോണ രോഗികൾക്കുവേണ്ടി വിവിധ പ്രാർത്ഥനകൾ നടത്തി. വി. കുർബാനയർപ്പിച്ചു. പിറവിതിരുനാൾ ഒരുക്കപ്രാർത്ഥന

നടത്തി. സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. 31 പേർ സങ്കീർത്തനം 23 മനഃപാഠമാക്കി. ഓരോ ദിനത്തിന്റെ പ്രത്യേകതകൾ അനുസ്മരിച്ച് വിവിധ പ്രാർത്ഥനകൾ കാഴ്ചവെച്ചു. 3 ലക്ഷം ജപ മാല സമർപ്പണം, കരോൾഗാന മത്സരം എന്നിവയിൽ പങ്കുചേർന്നു. ഭവനസന്ദർശനം നടത്തി. രൂപതയുടെ പ്രവർത്തന വിജയത്തിനായി 9 വിശ്വാസപ്രമാണം ഓരോരുത്തരും ചൊല്ലി. സ്നേഹതീരം ആതുരാ ലയത്തിലേക്ക് 1500 രൂപയും ഭവന നിർമ്മാണത്തിന് 5000 രൂപയും ചികിത്സ സഹായമായി 3000 രൂപയും നൽകി.

**മരകാവ് –** പിറവിതിരുനാളിനൊരുക്കമായി വചനം ഉരുവിട്ട് വചനമാല തയ്യാറാക്കി. സമ്പൂർണ്ണ ബൈബിൾ വായന പൂർത്തീകരിച്ചു. അമലോത്ഭവ തിരുനാൾ, കുഞ്ഞിപൈതങ്ങളുടെ തിരുനാൾ എന്നിവ ആചരിച്ചു. സങ്കീർത്തനമത്സരത്തിൽ പങ്കെടുത്തു. നവവൈദികനുവേണ്ടി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി.

**മണിമൂളി –** 91, 23 എന്നീ സങ്കീർത്തനങ്ങൾ, ഉണ്ണിക്കൊന്ത എന്നിവയിൽ പങ്കുചേർന്ന് പിറവിതിരുനാളിന് ഒരുങ്ങി. നേഴ്സറി ടീച്ചേഴ്സ്, ബ്ളോക്ക് മെമ്പർ എന്നിവരെ ആദരിച്ചു. 5 നിർദ്ധന കുടുംബങ്ങൾക്ക് 1000 രൂപ വീതവും കേക്കും നൽകി. രൂപത വാർഷികത്തിൽ പങ്കെടുത്തു.

**ബോസ്പാറ –** എല്ലാവരും ക്രിസ്മസ് കരോളിൽ പങ്കുചേർു. ബഹു. വികാരിയച്ചന്റേയും മദറിന്റേയും ജൂബിലി ആഘോഷിച്ചു.

**വടപുറം –** എല്ലാ അംഗങ്ങളും ക്രിസ്മസിനൊരുക്കമായി വി. ലൂക്കായുടെ സുവിശേഷം വായിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ഒരു നിർദ്ധന രോഗിക്ക് ഓപ്പറേഷനുവേണ്ടി 5000 രൂപ നൽകി. കരോൾ ഗാനം, സങ്കീർത്തനം 23 എന്നീ മത്സരത്തിൽ പങ്കെടുത്തു.

**പറളിക്കുന്ന് –** 23-ാം സങ്കീർത്തന മത്സരത്തിലും കരോൾ ഗാന മത്സരത്തിലും ധാരാളം പേർ പങ്കെടുത്തു.

**വഞ്ഞോട് –** വി. ഗ്രന്ഥം പകർത്തിയെഴുതി. 60 -ഓളം അമ്മമാർ 23-ാം സങ്കീർത്തന മത്സരത്തിൽ പങ്കെടുത്തു. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. പുൽക്കൂട് നിർമ്മാണമത്സരത്തിൽ സമ്മാനാർഹരായവരെ ആദരിച്ചു.

**കുഞ്ഞോം –** പരി. അമ്മ എന്ന വിഷയത്തിൽ കവിതാ മത്സരം നടത്തി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. 23-ാം സങ്കീർത്തന മത്സരത്തിൽ 17 പേർ പങ്കെടുത്തു. ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു. പള്ളിയിലെ കാപ്പി പറിക്കാൻ സഹായിച്ചു. ജൈവപച്ചക്കറി കൃഷി നടത്തുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി. .

**മരുത –** ഭവനങ്ങളിൽ കുടുക്കകളിൽ സ്വരൂപിച്ച തുക കവളപ്പാറയിലെ ഒരു ഭവനത്തിന് നൽകി. വീടുകളിൽ ജപമാല പ്രദക്ഷിണം നടത്തി. ബൈബിൾ പാരായണ മാസം ആചരിച്ചു. എല്ലാവരും 23–ാം സങ്കീർത്തനം മനഃപാഠമാക്കി. ഓൺ ലൈനായി ക്രിസ്മസ് അനുഭവം പങ്കുവെച്ചു. നിർദ്ധനകുടുംബങ്ങൾക്ക് ക്രിസ്മസ് ദിനത്തിൽ കിറ്റ് വിതരണം ചെയ്തു.

**നരിവാലമുണ്ട –** ബൈബിൾ ക്വിസ്, ക്രിസ്മസ് കാർഡ്, കരോൾഗാനം, പുൽക്കൂട് നിർമ്മാണം എന്നീ മത്സരത്തിൽ പങ്കെടുത്തു. 27 അമ്മമാർ ചേർന്ന് സമ്പൂർണ്ണ ബൈബിൾ വായിച്ച് വചനതൊട്ടിൽ ഒരുക്കി. ലൈവായി വചനവായന സംപ്രേഷണം ചെയ്തു. 500 ജപമാല ചൊല്ലി. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആചരിച്ചു. ഒരു ജപമാല രഹസ്യം വീഡിയോ തയ്യാറാക്കി അപ്പ്ലോഡ് ചെയ്തു. 'അന്നം തരുന്ന കൈകൾക്കൊപ്പം' എന്ന പേരിൽ ഡൽഹി കർഷക സമരത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വീഡിയോ തയ്യാറാക്കി. കുഞ്ഞിപൈത ങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. എലീശ്വ സന്ദർശനം നടത്തി. ഗർഭിണി കൾക്കുവേണ്ടിയുള്ള പ്രാർത്ഥന, വി. യൗസേപ്പിതാവിന്റെ പ്രാർത്ഥന എന്നിവ വീടുകളിൽ എത്തിച്ചു. വി. ഗ്രന്ഥം പകർത്തിയെഴുതി. 23–ാം സങ്കീർത്തനം മന:പാഠമാക്കി, മത്സരത്തിൽ പങ്കെടുത്തു.

**പാതിരിപ്പാടം –** ഉണ്ണിക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. നേഴ്സറി ടീച്ചേ ഴ്സിനെ ആദരിച്ചു. കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് സമ്മാനാർഹ രായവരെ ആദരിച്ചു.

**പാൽച്ചുരം –** ആതുര സേവകരെ ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. കരോൾഗാനം, പുൽക്കൂട് എന്നീ മത്സരത്തിൽ പങ്കെ ടുത്തു. അംഗൺവാടി ടീച്ചേഴ്സിനെ അനുമോദിച്ചു.

**ആലാറ്റിൽ –** 25 ദിവസം ദേവാലയത്തിൽ വന്ന അമ്മമാർക്ക് സമ്മാനം നൽകി. 23–ാം സങ്കീർത്തന മത്സരം, കരോൾഗാനം എന്നിവയിൽ പങ്കെ ടുത്തു. വെർചൽ ആയി നടത്തിയ രൂപതാവാർഷികത്തിൽ എല്ലാവരും പങ്കുചേർന്നു. സ്നേഹാലയം വൃദ്ധസദനത്തിൽ സ്നേഹവിരുന്ന് നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

പുതിയ വർഷത്തെ ആദ്യത്തെ ഓൺലൈൻ കൺവെൻഷൻ ജനുവരി 2 ന് ശനിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ നടത്തി. സി.നിർമ്മല SH, സി. അന്ന FCC, ബ്ര. ബേബി കുപ്പയിൽ, ബ്ര. ബെന്നി മാങ്കോട്ട് എന്നിവർ ജപമാലയ്ക്കു നേതൃത്വം നൽകി. ദൈവത്തിന് നന്ദി പറയുവാനും അനുദിന ജീവിതത്തിൽ പ്രത്യാശ കൈവിടാതിരിക്കുവാനും വചനസന്ദേശത്തിൽ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് ഉദ്ബോധിപ്പിച്ചു. തുടർന്ന്, അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ പരി. കുർബാനയുടെ ആരാധനയും ആശീർവാദവും നൽകി. ബ്ര. ബിജു പുളിക്കൽ, സി. അന്ന FCC എന്നിവർ ഗാനങ്ങളാലപിച്ചു.

എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട് എന്നിവർ ഓൺലൈൻ വചനപ്രസംഗങ്ങൾ ചെയ്തു. വെള്ളിയാഴ്ചകളിൽ സീയോൻ ചാപ്പലിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. 24 ന് ഞായറാഴ്ച മണിമൂളി ഫൊറോന പള്ളിയിൽ വൺഡേ കൺവെൻഷൻ നടത്തി. ഫാ. സോണി വാഴകാട്ട്, ഫാ.ജിന്റോ തട്ടുപറമ്പിൽ, ബ്ര. ബിജു പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

മുൻകൂട്ടി ബുക്ക് ചെയ്തവർക്കായി സ്പിരിചൽ ഷെയറിംഗും ആവശ്യപ്പെട്ടവർക്ക് കുമ്പസാരവും ക്രമീകരിച്ചു.

**NB:** അടുത്ത ആദ്യശനി ഓൺലൈൻ കൺവെൻഷൻ ഫെബ്രുവരി 6 ന് വൈകിട്ട് 6.30 മുതൽ നടത്തുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീ സഹോദരരെ,

ഒരു പുതിയ വർഷത്തിലൂടെ നാം കടന്നുപോകുകയാണ്. മുൻവർഷത്തെ പല പ്രശ്നങ്ങൾക്കും ലോകം പരിഹാരം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. നാമെല്ലാവരും എപ്പോഴും എല്ലാം മെച്ചമാകാൻ ആഗ്രഹിക്കുന്നവരാണ്. നാമും നമുക്കുചുറ്റുമുള്ളതൊക്കെയും എപ്പോഴും മെച്ചപ്പെട്ടതായിരിക്കണമെന്ന് ആഗ്രഹിക്കാത്തവർ ചുരുക്കമാണ്. മെച്ചപ്പെട്ട സമൂഹം എന്നാൽ ന്യായമായ അധികാരത്തെ ആദരിക്കുകയും, അനുസരിക്കുകയും, അപരന്റെ നന്മക്കായി അർപ്പണബുദ്ധിയോടെ അധ്വാനിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വ്യക്തികളുടെ കൂട്ടായ്മയാണ്. ലാഭത്തേക്കാൾ ലാളിത്യവും സഹകരണവുമാണ് മെച്ചപ്പെട്ട സമൂഹത്തിന്റെ മുഖമുദ്രകൾ. മെച്ചപ്പെട്ട വ്യക്തിത്വം എന്നാൽ അഹംബോധത്തെ അപരബോധംകൊണ്ട് വിജയിച്ചയാൾ എന്നർത്ഥം. എന്റെ ഇഷ്ടത്തേക്കാൾ നിന്റെ നന്മ എന്ന് ചിന്തിക്കാനാവുമ്പോഴാണ് ഒരോ വ്യക്തിത്വവും ആകർഷണീയമാകുന്നത്. വീട്ടിലും സമൂഹത്തിലും ഇങ്ങനെ ചിന്തിക്കുന്നവരുടെ എണ്ണം കൂടണം. ഏതു തലത്തിലായാലും മെച്ചമാകുക എന്നാൽ അപരബോധത്തിലേക്ക് വളരുക എന്നാവണം. വിശ്വാസത്തിന്റെ ശക്തി മൂല്യബോധമായി ഹൃദയത്തിൽ ആവാഹിച്ച് അപരനെ കാണുകയും ആവശ്യനിവർത്തികൾ ആവിഷ്കരിച്ച് ശുശ്രൂഷിക്കുകയും ചെയ്യുന്നവരായി ഓരോ വിൻസെൻഷ്യനും വളരുവാനാകട്ടെ.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡി പോൾസൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ യോഗം ജനുവരി 5-ന് നടവയൽ ഓസാനാംഭവനിൽ നടന്നു. സി.സി.വൈസ് പ്രസിഡന്റ് ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ അധ്യക്ഷത വഹിച്ചു.സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം സ്വാഗതവും പ്രവർത്തന റിപ്പോർട്ടും

അവതരിപ്പിച്ചു. സി.സി. നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയാറാക്കുവാൻ തീരുമാനിച്ചു. പ്രോജക്ടുകൾ തയാറാക്കുവാൻ ബ്ര.മത്തായി പുളിയിലക്കാട്ട് (കൺവീനർ), ബ്ര.ബാബു നമ്പുടാകം, ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി, ബ്ര.സണ്ണി ആലഞ്ചേരി, ടെസി മാത്യു പുളിയമ്മാക്കൽ എന്നിവരടങ്ങുന്ന കമ്മറ്റി രൂപീകരിച്ചു.

**ക്രിസ്തുമസ്-പുതുവത്സരാഘോഷം**

ഓസാനാംഭവനിൽ ക്രിസ്തുമസ്-പുതുവത്സരാഘോഷം നടത്തി. എൻ.യു.ജോൺ നെടുംകൊമ്പിൽ (വൈസ് ചെയർമാൻ) സ്വാഗതം ആശംസിച്ചു. എ.വി.ജോർജ്ജ് ആക്കാന്തിരി (ചെയർമാൻ) അധ്യക്ഷത വഹിച്ചു. പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേഴ്സി ബാബു ഉദ്ഘാടനം ചെയ്തു. റവ.ഫാ.ജെൻസൺ (സുപ്പീരിയർ, ലാസലൈറ്റ് ആശ്രമം) ക്രിസ്തുമസ്-പുതുവത്സര സന്ദേശം നല്കി. പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മിനി, വാർഡ് മെമ്പർ സരിത ബാലൻ, റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര, റവ.ഫാ.ജോർജ്ജ് മഞ്ഞാടിയിൽ, അഗസ്റ്റിൻ കൊടിയംകുന്നേൽ,സിസ്റ്റർ ലൂസി (സി.എം.സി) എന്നിവർ ആശംസകളർപ്പിച്ചു. സെന്റ് വിൻസെന്റ് ഡിപോൾ വാർഷിക റിപ്പോർട്ട് റവ.ഫാ. ജോർജ്ജ് മഞ്ഞാടിയിൽ പ്രകാശനം ചെയ്തു. ഓസാനാംഭവനിലെ അപ്പച്ചന്മാർക്ക് പുതുവസ്ത്രങ്ങൾ വിതരണം ചെയ്തു. വിൻസെന്റ് ജോൺ (സെക്രട്ടറി) നന്ദി അർപ്പിച്ചു. ദേശീയഗാനത്തോടെ സമാപിച്ചു.

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ശുചിത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു**

നബാർഡ് രാജ്യവ്യാപകമായി നടപ്പിലാക്കിവരുന്ന ശുചിത്വ ബോധവത്കരണ ക്യാമ്പയിന്റെ ഭാഗമായി ആലക്കാമുറ്റം, കരിമ്പിൽ, പാലോട്ട്, കുറുക്കൻമൂല, കാപ്പിസെറ്റ്, സുരഭിക്കവല എന്നിവിടങ്ങളിൽ വെച്ച് ശുചിത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പരിപാടികളിൽ സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾ, നബാർഡ് ആദിവാസി വികസന പദ്ധതിയിലെ അംഗങ്ങൾ, നീർത്തട പ്രദേശത്തെ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ക്യാമ്പയിന്റെ ഭാഗമായി ക്ലാസ്, പോസ്റ്റർ പ്രദർശനം, സാനിറ്റേഷൻ വസ്തുക്കൾ അടങ്ങിയ കിറ്റുകളുടെ വിതരണം എന്നിവ നടത്തി. കൂടാതെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല എല്ലാ പരിശീലന പരിപാടികളിലും അധ്യക്ഷത വഹിച്ചു, അതാത് പ്രദേശത്തെ ജനപ്രതിനിധികൾ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ പി. എ. ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സംരംഭകത്വ പരിശീലന പരിപാടികൾക്ക് അനുമതി ലഭിച്ചു**

സ്വാശ്രയസംഘ അംഗങ്ങൾക്ക് സോപ്പ് ആൻഡ് ഡിറ്റർജന്റ് നിർമ്മാണം, ആട് വളർത്തൽ, ഫുഡ് പ്രൊസസ്സിംഗ് എന്നീ വിഷയങ്ങളിൽ സംരംഭകത്വ പരിശീലനം നടത്തുന്നതിന് നബാർഡിൽ നിന്നും അനുമതി ലഭിച്ചു. സോപ്പ് ആൻഡ് ഡിറ്റർജന്റ് നിർമ്മാണം, ഫുഡ് പ്രൊസസ്സിംഗ് എന്നിവയിൽ 13 ദിവസത്തെ പരിശീലനവും ആട് വളർത്തലിൽ 15 ദിവസത്തെ പരിശീലനവും ആണ് നടത്തുക. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊജക്റ്റ് റിപ്പോർട്ട് ബാങ്ക് ലോൺ എന്നിവയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ക്രമീകരിച്ച് നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ബന്ധപ്പെടുക.

**സാമ്പത്തിക സഹായം അനുവദിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന കെ. എഫ്.ഡബ്ല്യു സോയിൽ പ്രൊജക്റ്റിന്റെ ഭാഗമായി 06 കർഷകർക്ക് തൊഴുത്ത് നിർമ്മാണത്തിനും 15 കർഷകർക്ക് പയറുവർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിനും 200 കർഷകർക്ക് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിനും 150 കർഷകർക്ക് ജൈവ പുതയിടീൽ നടത്തുന്നതിനും 100 കർഷകർക്ക് വാഴ, കിഴങ്ങുവിളകൾ എന്നിവ കൃഷി ചെയ്യുന്നതിനും സാമ്പത്തിക സഹായം അനുവദിച്ചു.

**ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്ലറിംഗ് (3 മാസം) ചുരിദാർ & സാരി ബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബസഹായ പദ്ധതിയിൽ ഫീൽഡ് തലത്തിൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു വരുന്നു. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജീയണുകളിൽപ്പെട്ട പോരൂർ, മുതിരേരി, തവിഞ്ഞാൽ, ഒണ്ടയങ്ങാടി, കണിയാരം, ചെറുകാട്ടൂർ, ചൂള്ളിയാന, കുഞ്ഞോം, കുറുമണി, പട്ടാണിക്കൂപ്പ്, കബനിഗിരി ഇടവകകളിലായി 66 കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം നടത്തി. അവരുടെ സ്ഥിതി വിവരങ്ങൾ വിലയിരുത്തി. ഡയറക്ടർ ഫാ. പോൾ കൂട്ടാലയുടെ അധ്യക്ഷതയിൽ സേവ് എ ഫാമിലി സ്റ്റാഫ് ഒന്നുചേർന്ന് കുടുംബങ്ങളുടെ 2021-2022 വർഷത്തേക്കുള്ള സാമ്പത്തിക പദ്ധതി തയ്യാറാക്കുവാൻ വേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. അസോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ കൂടുതൽ ഫലപ്രദമായി വാർഷിക പദ്ധതി എപ്രകാരം തയ്യാറാക്കാം എന്ന് വിശദമാക്കി. വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് കോ ഓഡിനേറ്റേഴ്സിനും ആനിമേറ്റേഴ്സിനുമായി സേവ് എ ഫാമിലി പ്ലാൻ എക്സിക്യൂട്ടീവ് ഡയറക്ടർ സംഘടിപ്പിച്ച സൂം മീറ്റിംഗിൽ സി. അനിലിറ്റ് എഫ്.സി.സി, സുജ മാത്യു, ഷൈനി ജോർജ്ജ്, ഷീന ആന്റണി, എന്നിവർ പങ്കുചേർന്നു. ഈ മാസം

പാടിച്ചിറ, മുള്ളൻകൊല്ലി, ഇടവകകളിൽ നിന്നുമായി രണ്ട് കുടുംബ ങ്ങൾക്ക് പുതുതായി അംഗത്വം ലഭിച്ചു. നമ്മുടെ രൂപതയിൽ ഇപ്പോൾ ആകെ 327 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്. 2021–2022 വർഷ ത്തിലേക്കുള്ള പുതിയ അംഗങ്ങളെ ചേർത്തുവരുന്നു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവര ങ്ങൾ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| ചെറുകിട സംരംഭകങ്ങൾക്കായി | – | 126000 (SAFP) |
| കൃഷിക്കായി | – | 185000 (SAFP) |
| മൃഗസംരക്ഷണത്തിനായി | – | 262500 (SAFP) |
| നിർമ്മാണപ്രവർത്തനങ്ങൾക്കായി | – | 153500 (SAFP) |
| പെൻഷൻ ലഭിച്ചത് | – | 13000 (Govt) |
| **ആകെ** | **–** | **740000** |

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

SWS മീറ്റിംഗുകൾ ചെറുകാട്ടൂർ, മരകാവ്, കബനിഗിരി, പ്രശാന്ത ഗിരി എന്നിവിടങ്ങളിൽ വെച്ച് നടത്തപ്പെട്ടു. അതോടൊപ്പം കർഷകസമര ത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ചെറുകാട്ടൂർ, കബനിഗിരി ഗ്രൂപ്പു കൾ മാതൃകയായി. ക്രിസ്തുമസ് വരവറിയിച്ച് ഗ്രൂപ്പുകളിൽ ക്രിസ്തുമസ് പുതുവത്സര ആശംസകളും ചെറിയ രീതിയിലുള്ള ആഘോഷ പരി പാടികളും നടത്തപ്പെട്ടു. നബാർഡിന്റെ സാനിറ്റേഷൻ ലിറ്ററസി ക്യാമ്പ യിന്റെ ഭാഗമായി 300 ൽ പരം കിറ്റുകൾ വിവിധ ഗ്രൂപ്പുകളിൽ വിതരണം ചെയ്തു. പ്രതിമാസം ഓരോ ആനിമേറ്റേഴ്സും പുതിയ 5 ഗ്രൂപ്പുകൾ വീതം തുടങ്ങുകയും അവർക്കുവേണ്ട സഹായങ്ങൾ ചെയ്ത് പോരു കയും ചെയ്യുന്നു. പച്ചക്കറി കൃഷി, മാസ്ക് നിർമ്മിച്ച് വിതരണം ചെയ്യൽ, സ്വന്തമായി കേക്ക് ഉണ്ടാക്കൽ, ശ്രമദാനം പോലുള്ള പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടത്തി പോരുന്നു.

**ആടുകളുടെ വിതരണം**

മുൻമാസങ്ങളിൽ നൽകിയ ആടുകളുടെ ഒരു കുഞ്ഞിനെ തിരികെ വാങ്ങി മറ്റുള്ള വ്യക്തികളിലേക്ക് എത്തിക്കുന്ന പ്രവർത്തനത്തിൽ ഈ മാസം 34 ആട്ടിൻ കുഞ്ഞുങ്ങളെ പുതിയ കുടുംബങ്ങൾക്ക് നൽകാൻ സാധിച്ചു.

**സോപ്പ് ആൻഡ് ഡിറ്റർജന്റ് പരിശീലനം**

അമ്പുകുത്തി, കൊയിലേരി, വെള്ളമുണ്ട, കാട്ടിക്കുളം, ആറാട്ടുത്തറ, ചെന്നലായി, പനവല്ലി, കാപ്പിസെറ്റ്, ഉദയക്കവല, ഉദയ

ഗിരി, തവിഞ്ഞാൽ, വീട്ടിക്കാമൂല, പുതുശ്ശേരി, കുറുമ്പാല, ഒഴുക്കൻമൂല എന്നിവിടങ്ങളിലും നടത്തപ്പെട്ടു.

ആനിമേറ്റേഴ്സ് നൊച്ചന, പള്ളിവാതുക്കൽ, നെല്ലിയാറ്റ, എടമുണ്ട എന്നീ ട്രൈബൽ കോളനികൾ സന്ദർശിക്കുകയും ചെയ്തു.

## DDU-GKY

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്നുചേർന്നുകൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സ് Covid 19 ലോക്ക് ഡൗണിന് ശേഷം വീണ്ടും നവംബർ 16 ന് ബോയ്സ് ടൗൺ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന സെന്ററിൽ ആരംഭിച്ചിരിക്കുന്നു. അതുപോലെ തന്നെ കാട്ടിക്കുളം, മാനന്തവാടി തുടങ്ങിയ സെന്ററുകളിൽ ഫുഡ് പ്രൊസസ്സിംഗ് & പ്രിസർവേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രീഷ്യൻ, ഫിറ്റർ ഫാബ്രിക്കേഷൻ തുടങ്ങിയ കോഴ്സുകളും ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപ്പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000,1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. കൂടാതെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തുമായി ജോലി ഉറപ്പും നൽകുന്നു.

**കോഴ്സിന്റെ വിശദവിവരങ്ങൾ**

1. ഫുഡ് പ്രൊസസ്സിംഗ് & പ്രിസർവേഷൻ (3 മാസം)
2. ബ്യൂട്ടീഷൻ (6 മാസം)
3. ഇലക്ട്രീഷ്യൻ (5 മാസം)
4. ഫിറ്റർ ഫാബ്രിക്കേഷൻ (7 മാസം)

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2020–2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യു

ക്ഷേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഇ ശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ 'ഇ ശക്തി' എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. ഡിസംബർ മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**നിർമ്മാണ തൊഴിലാളി അംഗത്വം പുതുക്കൽ**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിലെ അംഗങ്ങളുടെ 2020 വർഷത്തെ അംഗത്വം പുതുക്കൽ 01-01-2021 മുതൽ 31-03-2021 വരെ നടത്താവുന്നതാണ്. അംഗത്വം പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ബാങ്ക് പാസ്സ്ബുക്ക്, ആധാർകാർഡ് എന്നിവയുടെ പകർപ്പുകൾ മൊബൈൽ നമ്പർ, ഫോട്ടോ (1) എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ അംഗത്വമെടുത്തവരുടെ 2020-21 ലെ വിഹിതം 50% പൂർത്തിയായി. അടയ്ക്കാനുള്ള സമയപരിധി ഫെബ്രുവരി 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. ഡിസംബർ, ജനുവരി മാസങ്ങളിലായി 358322 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് വയനാട്ടിലേയും നീലഗിരിയിലേയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 18500 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഗ്രൂപ്പുകളായുള്ള ജൈവസർട്ടിഫിക്കേഷൻ നേടുന്നതിന് കർഷകരെ സഹായിക്കുക, ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുക, ജൈവവള പ്രയോഗം, ജൈവവള നിർമ്മാണ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക, ജൈവവള നിർമ്മാണം പരിശീലിപ്പിക്കുക, കൃഷിയിടത്തിൽ ലഭ്യമായ വസ്തുക്കൾ കൊണ്ട് കീടനാശിനികളും ചെടികൾക്കാവശ്യമായ പോഷകങ്ങളും തയ്യാറാക്കുന്നതിന് പരിശീലനം നൽകുക, ജൈവ കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കോർത്തിണക്കിയ കാർഷിക സെമിനാറുകളുടെ സംഘാടനം, കാർഷിക മേഖലയിൽ വിദഗ്ധരായ ഫീൽഡ് ഓഫീസർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ സേവനം, ഉത്പ്പന്നങ്ങൾക്ക് അധിക വില തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ബയോവിൻ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

**ബയോ ഡൈനാമിക് കൃഷി- പരിശീനലം**

ജൈവ കൃഷിയിൽ നിന്നും വ്യത്യസ്ഥമായി ചെടികളെയും മണ്ണിനെയും വ്യത്യസ്ഥമായ വളക്കൂട്ടുകളിലൂടെ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കൃഷിരീതിയാണ് ബയോഡൈനാമിക് കൃഷി. ബയോ ഡൈനാമിക് രീതിയിൽ കൃഷി ചെയ്യുവാനായി തെരഞ്ഞെടുത്ത കർഷകരിൽ നവംബർ മാസം സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാത്തവർക്കായി മാനന്തവാടിയിൽ വച്ച് പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഷാജി ജോസ്, ശ്രീ. സെബാസ്റ്റിയൻ പി. ജെ., ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

**കനേഡിയൻ ഓർഗാനിക് സ്റ്റാൻഡേർഡ് (IPS )**

കാനഡയിലേക്ക് കയറ്റി അയയ്ക്കുന്ന ഉത്പ്പന്നങ്ങൾ കനേഡിയൻ ഓർഗാനിക് സ്റ്റാൻഡേർഡ് അനുസരിച്ച് ഉത്പാദിപ്പിക്കുകയും മൂല്യവർദ്ധനവ് വരുത്തുകയും ചെയ്യണമെന്ന പുതിയ നിയമത്തിന്റെ ഭാഗമായി പുൽപ്പള്ളി, മീനങ്ങാടി, പനമരം, തവിഞ്ഞാൽ എന്നിവിടങ്ങളിലെ ഓർഗാനിക് സ്റ്റാറ്റസിലെത്തിയ കർഷകരുൾപ്പെടുന്ന IPS കളിലെ 2500 കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചു. അഥിതി സർട്ടിഫിക്കേഷൻ ഏജൻസിയാണ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. ജനുവരിയിലാരംഭിക്കുന്ന ഓഡിറ്റിനാവശ്യമായ ക്രമീകരണങ്ങൾ പൂർത്തീകരിച്ചു.

**സത്വ പ്രോജക്ട്**

ബാംഗ്ലൂർ ആസ്ഥാനമായ അനഹ ട്രസ്റ്റിന്റെ പിന്തുണയോടെ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രോഗ്രാമിലേക്ക് പുതിയതായി എത്തുന്ന കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ നടന്നുവരുന്ന ഒരുവർഷ പദ്ധതിയുടെ ഫീൽഡ് തല പരിശീലനങ്ങൾ ആരംഭിച്ചു. പദ്ധതിയിൽ 1466 കർഷരാണ് ഉൾപ്പെട്ടിട്ടുള്ളത്.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവ സാക്ഷ്യപത്രവും ലഭ്യത പദ്ധതിയിൽ ശേഷിക്കുന്ന 19 ICS ഗ്രൂപ്പുകളുടെ റിന്യൂവൽ ഓഡിറ്റ് ഫീൽഡ് തലത്തിൽ നടന്നുവരുന്നു. ലാക്കോൺ ഓഡിറ്റർ ശ്രീ. യദുകൃഷ്ണ നേതൃത്വം നൽകുന്നു.

**കഫെ, വൊഫ എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

വൊഫെ, കഫെ എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ ഡിസംബർ അഞ്ചാം തീയതി യഥാക്രമം രീവിലെ 10 am നും ഉച്ചയ്ക്ക് 2 pm നുമായി നടന്നു. വൊഫെ എക്സിക്യൂട്ടീവ് മീറ്റിംഗ് ചെയർമാൻ അഡ്വ. ഫാ.ജോൺ ചൂരപ്പുഴയിന്റെ അധ്യക്ഷതയിലും കഫെ എക്സിക്യൂട്ടീവ് മീറ്റിംങ് കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിലുമാണ് ചേർന്നത്.

വൊഫെ യോഗത്തിൽ ഭവന നിർമ്മാണ /പുനരുദ്ധാരണ സാമ്പത്തിക സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഭവന സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ 65 അപേക്ഷകൾ പരിഗണിക്കുകയും ആയതിലേക്കായി 24,65,000 രൂപ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. തുടർന്ന് ഡിസംബർ പതിനാലാം തീയതി വാർഷിക പൊതുയോഗം ചേരുവാൻ തീരുമാനിച്ചു.

നിലവിലെ കാലാവധി പൂർത്തീകരിച്ച ഭരണസമിതി അംഗങ്ങളുടെ കഴിഞ്ഞ നാല് വർഷത്തെ സേവനങ്ങൾക്ക് വൊഫൈ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ നന്ദി അറിയിച്ചു.

കഫൈ യോഗത്തിൽ ചികിത്സ സഹായത്തിനായി ലഭിച്ച 91 അപേക്ഷകളിൽ നിന്നും അപേക്ഷ പരിശോധനയ്ക്കൊടുവിൽ 80 അപേക്ഷകരെ പരിഗണിക്കുവാൻ തീരുമാനിച്ചു. സംഘടനയിൽ അംഗ ങ്ങളായവരേയും മുൻവർഷം സഹായം ലഭ്യമായിട്ടില്ലാത്തവരുമായ അപേക്ഷകൾക്ക് 10000/ രൂപ വീതവും, സംഘടനയിൽ അംഗങ്ങളല്ലാ ത്തവരും മുൻവർഷങ്ങളിൽ സഹായം ലഭ്യമായിട്ടില്ലാത്തവരുമായ അപേ ക്ഷകർക്ക് 7500/ രൂപ വീതവും, മുൻവർഷങ്ങളിൽ സഹായം ലഭ്യമായ വരും സംഘടനയിൽ അംഗങ്ങളായവരുമായ അപേക്ഷകർക്ക് 5000 രൂപ വീതവും ചികിത്സ സഹായം നൽകുവാൻ തീരുമാനിച്ചു. ഭവന നിർമ്മാണ/ പുനരുദ്ധാരണ സഹായത്തിനായി സമർപ്പിച്ച അപേക്ഷ കളിൽ 29 അപേക്ഷകൾ പരിഗണിക്കുകയും 50,000/ 30,000/ 20,000/ തോതിൽ പ്രവർത്തികൾക്കനുസൃതമായി തുക വകയിരുത്തുവാനും തീരുമാനിച്ചു. മികച്ച ജൈവ കർഷകനുള്ള അവാർഡിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ലഭ്യമായ 106 അപേക്ഷകരെയും പരി ഗണിക്കുയും 10,000/ രൂപ വീതം വിതരണം ചെയ്യുവാനും തീരുമാനിച്ചു. സംഘടനയുടെ ഭരണ സമിതി തെരഞ്ഞെടുപ്പിനും തറവില തീരുമാനി ക്കുന്നതിനുമായി വാർഷിക പൊതുയോഗം ഡിസംബർ പതിനഞ്ചാം തീയതി ചേരുവാൻ തീരുമാനിച്ചു.

**വൊഫൈ വാർഷിക പൊതുയോഗം**

2019-20 വർഷത്തെ വോഫൈയുടെ വാർഷിക പൊതുയോഗം 2020 ഡിസംബർ പതിനാലാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നു. യോഗത്തിൽ വൊഫൈ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂര പ്പുഴയിൽ അധ്യക്ഷത വഹിക്കുകയും WSSS ഡയറക്ടറും വൊഫൈ ഭരണസമിതി അംഗവുമായ ഫാ. പോൾ കൂട്ടാല ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. 79/84 അംഗങ്ങൾ യോഗത്തിൽ പങ്കെ ടുത്തു.

വോഫൈയുടെ 2019-20 വർഷത്തെ വരവ് ചെലവ് കണക്ക്, 2020-21 വർഷത്തെ ബജറ്റ് എന്നിവ വൊഫൈ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം യോഗം അംഗീ കരിക്കുയും ചെയ്തു.

തുടർന്ന് 2021 - 24 വർഷത്തേക്കുള്ള ഭരണ സമിതിയെ തെരഞ്ഞെടുത്തു. അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ (ചെയർമാൻ), ശ്രീ. സുനിൽ പാലമറ്റം (വൈ. ചെയർമാൻ), ശ്രീ. ജോയ് പരിയാരത്ത് (സെക്രട്ടറി), ശ്രീ. മുരളീധരൻ പി. കെ. (ജോ.സെക്രട്ടറി), ശ്രീമതി മഹേശ്വരി (ട്രഷറർ), ശ്രീമതി ആശ സ്കറിയ, ശ്രീ. ജോൺ കെ.എം. ശ്രീ. നാരായണൻ, ഫാ. പോൾ കൂട്ടാല എന്നിവരാണ് പുതിയ ഭരണ സമിതി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവർ.

യോഗത്തിൽ വൊഫെ സംരഭിക്കുന്ന എല്ലാ ഉത്പന്നങ്ങൾക്കും തറവില നിശ്ചയിച്ചു. ഫെയർട്രേഡ് കാപ്പി കിലോയ്ക്ക് 65 രൂപ, ഓർനിക് ഫെയർട്രേഡ് കാപ്പി 80 രൂപ (ടെസ്റ്റ് പാസായാൽ), മഞ്ഞൾ 90 രൂപ, ഏലം 2500 രൂപ, കുരുമുളക് 300 രൂപ, ഗ്രാമ്പു 500 രൂപ, ജാതിക്ക 300 രൂപ, പച്ചമഞ്ഞൾ 18 രൂപ, ഓർഗാനിക് ഫെയർട്രേഡ് ഇഞ്ചി ചാക്കിന് 2750/ രൂപ എന്നീ ക്രമത്തിൽ തീരുമാനിച്ചു.

**കഫെ വാർഷിക പൊതുയോഗം**

2019-20 വർഷത്തെ കഫെയുടെ വാർഷിക പൊതുയോഗം 2020 ഡിസംബർ പതിനഞ്ചാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നു. യോഗത്തിൽ കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അധ്യക്ഷത വഹിക്കുകയും, സംഘടനാ ഉപദേഷ്ടാവ് അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. 64/67 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

2021-24 വർഷത്തേക്കുള്ള ഭരണ സമിതി അംഗങ്ങളായി ഫാ.ബിനു പൈനുങ്കൽ (ചെയർമാൻ) ശ്രീ. ചാക്കോ ചെറുപ്ലാവിൽ (വൈ. ചെയർമാൻ), ശ്രീ. ജോസഫ് പി.എ. (സെക്രട്ടറി), ശ്രീ. ജോൺസൺ അഴീക്കൽ (ജോ. സെക്രട്ടറി), ശ്രീ. സാബു എൻ.വി. (ട്രഷറർ), ശ്രീ. ജോസ് നിലമ്പനാട്ട് (എക്സി. മെമ്പർ), ശ്രീ. ജോസഫ് എം.എം. (എക്സി. മെമ്പർ), ശ്രീ. വിനീഷ് മാത്യു (എക്സി. മെമ്പർ), ശ്രീ. ജോസഫ് എൻ. എ. മണക്കാട്ട് (എക്സി. മെമ്പർ), എന്നിവരെ തെരഞ്ഞെടുത്തു.

കഫെ സംഭരിക്കുന്ന ഉത്പ്പന്നങ്ങളുടെ തറവില കിലോയ്ക്ക്, ഫെയർട്രേഡ് കാപ്പി 65 രൂപ, ഓർഗാനിക് ഫെയർട്രേഡ് കാപ്പി 75 രൂപ, മഞ്ഞൾ 90 രൂപ, ഏലം 2500 രൂപ, കുരുമുളക് 300 രൂപ, ഗ്രാമ്പു 500 രൂപ, ജാതിക്ക 300 രൂപ, പച്ചമഞ്ഞൾ 18 രൂപ, കറുവപ്പട്ട 325 രൂപ, ജാതിപത്രി 750 രൂപ, പഴുത്ത കാപ്പി 29 രൂപ, ഓർഗാനിക് ഫെയർട്രേഡ് ഇഞ്ചി ചാക്കിന് 2750 / രൂപ എന്നീ ക്രമത്തിൽ നിശ്ചയിച്ചു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഡിസംബർ മാസം ഉണക്ക കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിൽ 3023 കിലോയും, കുരുമുളക് കിലോയ്ക്ക് 410 രൂപ നിരക്കിൽ 2025 കിലോയും, ഞാലിപ്പൂവൻ വാഴക്കുല 43 രൂപ നിരക്കിൽ 13004 കിലോയും, കറുവപ്പട്ട കിലോയ്ക്ക് 425 രൂപ നിരക്കിൽ 490.6 കിലോയും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഡിസംബർ മാസത്തിലും കാപ്പി, മഞ്ഞൾ, വാഴപ്പഴം തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 355 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2020 ഡിസംബർ 2021 ജനുവരി മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

പ്രതീക്ഷയുടെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകികൊണ്ട് ക്രിസ്തുമസും പുതുവത്സരവും നമ്മെ വരവേറ്റ ഡിസംബർ ജനുവരി മാസങ്ങളിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്കും സാധിച്ചു.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡിസംബർ മാസത്തെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 12.12.2020 ശനിയാഴ്ച NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടറർ ഫാ. ബിനോയി കാശാംകുറ്റിയിൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് ശ്രീ. ജൂഡ് മാർട്ടിൻ സ്വാഗതം ആശംസിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി മേഖലയുടെ റിപ്പോർട്ടും മൊത്തം യൂണിറ്റുകളിലെയും ക്രഡിറ്റ് യൂണിയന്റെയും, സ്വാശ്രയ സംഘങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് തമിഴ്നാട് മഹളിർതിട്ടത്തിന്റെ ഓവാലി, ദേവർഷോല പഞ്ചായത്തുകളുടെ കോഡിനേറ്റർ ശ്രീമതി സുഗന്ധി മഹളിർതിട്ടത്തെക്കുറിച്ചും, അതിന്റെ സംവിധാനം, പ്രവർത്തനം, ഘടന എന്നിവയെകുറിച്ചും അംഗങ്ങൾക്ക് ക്ലാസ് എടുക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. തുടർന്ന് അരുൾനിലയം, ആറാട്ടുപാറ, ബോസ്പാറ, ധർമ്മഗിരി, കയ്യൂന്നി, കൽപ്ര, കുന്നലാടി, മൺവയൽ, വിമലഗിരി യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൽപ്ര യൂണിറ്റ് കോഡിനേറ്റർ ശ്രീമതി ലൂസി ആന്റണി മീറ്റിംഗിന് നന്ദി പറഞ്ഞു.

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിച്ച് ഏവർക്കും വിതരണം ചെയ്തു.

**യൂണിറ്റുകളുടെ ഇവാലുവേഷൻ മീറ്റിംഗ്**

ഡിസംബർ മാസത്തിൽ എല്ലാ യൂണിറ്റുകളിലും ഇവാലുവേഷൻ മീറ്റിംഗും കർമ്മസമിതി മീറ്റിംഗുകളും നടത്തി. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായി ക്രിസ്തുമസ് കേക്ക് മുറിക്കുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.

**യൂണിറ്റുകളുടെ ഓഡിറ്റിംഗ്**

NDS മൺവയൽ യൂണിറ്റിലെ രണ്ട് സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിംഗ് 03.01.2021 മേഖലാ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**CEI പ്രോജക്ട് : പശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ വിതരണം ചെയ്ത 89 പശു ലോണുകളുടെ നാലാംഘട്ട തിരിച്ചടവ് മുതലായി 192000.00 (ഒരുലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ) സമാഹരിച്ചു.

**സ്വാശ്രയ സംഘങ്ങളിലെ ക്രിസ്തുമസ് ആഘോഷം**

ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള വിവിധ യൂണിറ്റുകളിലെ സ്വാശ്രയ സംഘങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. ക്രിസ്തുമസ് കേക്ക് മുറിച്ചും, ക്രിസ്തുമസിന്റെ സന്ദേശം നല്കികൊണ്ടുമാണ് ആഘോഷം നടത്തിയത്.

**NDS മേഖലാ തല ക്രിസ്തുമസ് ആഘോഷം**

NDSന്റെമേഖലാതലത്തിലുള്ള ക്രിസ്തുമസ് ആഘോഷം 23.12.2020 ന് മേൽ ഗൂഡല്ലൂരിലുള്ള ജീവൻ രക്ഷാഭവൻ എന്ന പെൺകുട്ടികളുടെ അനാഥമന്ദിരത്തിൽ വെച്ച് നടത്തി. ആഘോഷങ്ങൾക്ക് NDS ഡയറക്ടർ ബഹു. ബിനോയി കാശാം കുറ്റിയിൽ അച്ചൻ നേതൃത്വം നല്കി. അച്ചൻ ക്രിസ്തുമസ് കേക്ക് മുറിക്കുകയും, NDS കോഡിനേറ്റർ ക്രിസ്തുമസ് സന്ദേശം കുട്ടികളുമായി പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് ജർമ്മനിയിലുള്ള Mrs. കാതറിനും, അലക്സാണ്ടർ നോഡലും സംഭാവനയായി നല്കിയ ഭക്ഷണവും, പഠനോപകരണങ്ങളും അടങ്ങിയ ഇരുപത് കിറ്റുകളും, കൽപ്ര യൂണിറ്റിനു കീഴിൽ

ജന്മനാ തളർന്നു കിടക്കുന്ന രണ്ട് പെൺകുട്ടികൾക്ക് രണ്ട് കിറ്റുകളും വിതരണം ചെയ്തു. എക്സി ക്യൂട്ടീവ് അംഗം ശ്രീമതി വത്സമ്മ പീറ്റർ ആഘോഷങ്ങളിൽ പങ്കെടുത്തു.

**ആറാട്ടുപാറ യൂണിറ്റ്–ട്രൈബൽ ഗ്രൂപ്പുകളുടെ സന്ദർശനവും ക്രിസ്തുമസ് ആഘോഷവും**

13.12.2020 ന് NDS ആറാട്ടുപാറ യൂണിറ്റ് ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചന്റെയും, പ്രസിഡണ്ട് ശ്രീ. ആന്റണി നായ്പുരയിടത്തിൽ, സെക്രട്ടറി ശ്രീ. ഷാജി കടൂത്താഴെ, ശ്രീ. ഓനച്ചൻ എന്നിവരുടെയും നേതൃത്വത്തിൽ ആറാട്ടുപാറ യൂണിറ്റിലെ മുള്ളുകുറുമർ ട്രൈബൽ ഗ്രൂപ്പുകളെ സന്ദർശിക്കുകയും ക്രിസ്തുമസ് ആഘോഷം നടത്തുകയും ചെയ്തു.

**വികാരി ജനറാളച്ചന്റെ സൗഹൃദ സന്ദർശനം**

മാനന്തവാടി രൂപതയുടെ വികാരി ജനറാളും, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രസിഡണ്ടുമായ ബഹു. പോൾ മുണ്ടോളിക്കലച്ചൻ 04.01.2021 തിങ്കളാഴ്ച്ച NDS ഓഫീസിൽ ഔദ്യോഗികമായ തന്റെ സന്ദർശനം നടത്തി. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ പൂക്കൾ നല്കി അച്ചന് ഹൃദ്യമായ വരവേല്പ്പ് നല്കി. തുടർന്ന് ബിനോയി അച്ചൻ NDSന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന CEI-PWLWD'S പ്രോജക്ടിനെകുറിച്ചും, പുരോഗമിച്ചുകൊണ്ടിരിക്കുന്ന ട്രെയിനിംഗ് സെന്ററിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരിക്കുകയും ചെയ്തു. ബഹു. പോളച്ചൻ NDS ഓഫീസ് സന്ദർശിക്കുകയും റെക്കോർഡുകളും ഫയലുകളുമെല്ലാം പരിശോധിക്കുകയും ചെയ്തു.

ദൈവം ദാനമായി നല്കിയ ഈ പുതുവത്സരത്തിൽ അനേകായിരങ്ങളുടെ ജീവിതത്തിന് വെളിച്ചമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**അംഗത്വ നവീകരണവും യൂണിറ്റ് രൂപീകരണവും**

സമുദായ ശാക്തീകരണത്തിന് കത്തോലിക്ക കോൺഗ്രസ്സ് ശക്തിപ്പെടുത്തണം. സമുദായത്തിനു ലഭിക്കേണ്ട അവകാശങ്ങളും അധികാരങ്ങളും ഉറപ്പുവരുത്തുന്നതിനും സമൂഹത്തിനും സമുദായത്തിനും സഹായകരമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും കത്തോലിക്ക കോൺഗ്രസ്സ് ഇന്ന് ആവശ്യ ഘടകമാണ്. ആയതിനാൽ നമ്മുടെ എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും താല്പര്യം എടുക്കുന്ന ബഹു. വികാരി അച്ചന്മാർക്കും യൂണിറ്റ് - ഫൊറോന - രൂപത ഭാരവാഹികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇനിയും അംഗത്വ നവീകരണവും യൂണിറ്റ് രൂപീകരണവും നടക്കാത്ത ഇടവകകളിൽ ബഹുമാനപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

**ത്രിതല പഞ്ചായത്ത് ജനപ്രതി സംഗമം**

മാനന്തവാടി രൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ചവരുടെ സംഗമം കത്തോലിക്ക കോൺഗ്രസ്സ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ദ്വാരക സെഡോം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. മോൺ. പോൾ മുണ്ടോളിക്കൽ അനുഗ്രഹ സന്ദേശം നടത്തി. രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി അഭിസംബോധന പ്രസംഗം നടത്തി. രൂപതാ പ്രസിഡണ്ട് ഡോ. കെ.പി. സാജു അദ്ധ്യക്ഷത വഹിച്ചു. ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം മുഖ്യ പ്രഭാഷണം നടത്തി. രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, അഡ്വ. റവ. ഫാ. തോമസ് ജോസഫ് തേരകം, ശ്രീ. സൈമൺ ആനപ്പാറ എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. ജനപ്രതിനിധികൾക്കുവേണ്ടി ശ്രീ. റോയി നമ്പുടാകം (കൊട്ടിയൂർ പഞ്ചായത്ത് പ്രസിഡണ്ട്), ബീന ജോസ് കരിമാൻകുന്നേൽ (വയനാട് ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് വകുപ്പ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ), ശ്രീ. സിനോ പാറക്കാല (പനമരം പഞ്ചായത്ത് വൈസ് പ്രസിഡണ്ട്) എന്നിവർ മറുപടി പ്രസംഗം നടത്തി. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. വർക്കി നിരപ്പേൽ സംഗമത്തിന് നന്ദിപ്രസംഗം നടത്തി.

**കർഷക സമരങ്ങൾക്ക് ഐക്യദാർഢ്യം**

ന്യൂഡൽഹിയിൽ നടക്കുന്ന കർഷകസമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് രൂപതാ സമിതി അംഗങ്ങൾ വിവിധ സമരവേദികളിൽ പങ്കെടുത്തു. കൽപ്പറ്റയിൽ നടന്ന പാതിരാ സമരത്തിൽ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, പ്രസിഡണ്ട് ഡോ. കെ.പി. സാജു ജെയിംസ് മറ്റത്തിൽ, ജോസ് കുറുമ്പാലക്കാട്ട് എന്നിവർ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായ ബീന ജോസ് കരിമാംകുന്നേൽ വയനാട് ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് വകുപ്പ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ടതിൽ അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു. കർമ്മ പഥത്തിൽ നല്ല പ്രവർത്തനങ്ങൾ നടത്താൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അനുശോചനവും പ്രാർത്ഥനയും**

തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ശ്രീ. ദേവസ്യ കൊങ്ങാല സാറിന്റെ വേർപാടിൽ രൂപതാ സമിതിയുടെ അനുശോചനവും പ്രാർത്ഥനയും. മൃതസംസ്കാര ശുശ്രൂഷയിൽ രൂപതാ സമിതിക്കുവേണ്ടി ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, ഡോ. കെ.പി. സാജു, ശ്രീ. ജിൽസ് മേക്കൽ, ശ്രീ. ജോസ് കുറുമ്പാലക്കാട്ട് എന്നിവർ പങ്കെടുത്തു.

**വർക്കി നിരപ്പേൽ**
ജനറൽ സെക്രട്ടറി

കാർഷിക മേഖലയിലെ പ്രശ്നങ്ങളിലും കർഷകരുടെ പ്രയാസങ്ങളിലും സമയോചിതമായി ഇടപെടുന്നതിനും പരിഹാര നടപടികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി രൂപതയിലെ എല്ലാ സംഘടനകളെയും ഉൾക്കൊള്ളിച്ച് രൂപീകൃതമായ ജനസംരക്ഷണ സമിതി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. മേഖലാതലങ്ങളിൽ ചെയർമാന്മാരായി സേവനം ചെയ്യുന്ന വൈദികരും കൺവീനർമാരും സ്തുത്യർഹമാംവിധം പ്രവർത്തനങ്ങൾ നടപ്പാക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ഇനിയും കൂട്ടായ്മയോടെ നമുക്ക് മുന്നോട്ടു പോകാം.

**കൃഷി ഓഫീസ് ധർണ്ണാ നിൽപ്പു സമരം**

കേരളത്തിലെ വിവിധ കാർഷിക വിളകളുടെ അടിസ്ഥാന വില നിശ്ചയിച്ചപ്പോൾ മറ്റ് ജില്ലകളിലെ നേന്ത്രക്കായ്ക്ക് 30 രൂപ നൽകുകയും വയനാടൻ നേന്ത്രക്കായ്ക്ക് 24 രൂപ മാത്രം നിശ്ചയിക്കുകയും ചെയ്ത സർക്കാർ വിവേചനത്തിനെതിരെ ജില്ലയിലെ മുഴുവൻ കൃഷി ഓഫീസുകൾക്ക് മുമ്പിലും ധർണ്ണ നടത്തുകയുണ്ടായി. വയനാട്ടിലെ എല്ലാ ജനങ്ങൾക്കും വേണ്ടി ചരിത്രത്തിൽ ഇടം പിടിക്കുന്ന രീതിയിൽ ഒരുദിവസം ഒരേ സമയം 25 കേന്ദ്രങ്ങളിൽ വയനാട് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ നിൽപ്പു സമരത്തിന് JSS ന്റെ ഭാഗത്തു നിന്ന് നേതൃത്വം കൊടുത്തു വിജയിപ്പിച്ച അച്ചന്മാർക്ക് പ്രത്യേകം നന്ദി! അഭിനന്ദനങ്ങൾ! ഫാ. ജോൺ പുളിന്താനത്ത്, ഫാ.അലക്സ് കളപ്പുര, ഫാ. സജി പുഞ്ചയിൽ, ഫാ. ജിമ്മി മൂലയിൽ, ഫാ. സോമി വടയാപറമ്പിൽ, ഫാ. ജെയ്സൺ കള്ളിയാട്ട്, ഫാ. തോമസ് ജോസഫ് തേരകം, ഫാ. വിനോദ് പാക്കാനിക്കുഴിയിൽ, ഫാ. ചാക്കോ മേപ്പുറത്ത്, ഫാ.ജെയ്സ് പൂതക്കുഴി, ഫാ. സാന്റോ അമ്പലത്തറ, ഫാ.ജോസ് മേച്ചേരി, ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. പോൾ എടയക്കൊണ്ടാട്ട്, ഫാ. ജോണി മലയിൽ, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ഫാ. സിജോ ഇടക്കുടിയിൽ, ഫാ. ബിജു മാവറ, ഫാ. ഷൈജു മുതിരക്കാലായിൽ, ഫാ. ജിൽസൺ കോക്കണ്ടത്തിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. ജോജോ ഔസേപ്പറമ്പിൽ, ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ഫാ. തോമസ് മണക്കുന്നേൽ, ഫാ. ആന്റോ മമ്പള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

**ഐക്യദാർഢ്യ ദിനാചരണം**

കർഷകസമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് രൂപതയിലെ എല്ലാ ഇടവകയിലും ഐക്യദാർഢ്യ ദിനാചരണം നടത്താൻ രൂപതാ നേതൃത്വം ആഹ്വാനം ചെയ്തത് പ്രകാരം എഴുപതിൽപരം ഇടവകകളിൽ ഐക്യദാർഢ്യ സദസ് സംഘടിപ്പിച്ചു. നേതൃത്വം നൽകിയ വികാരിയച്ചന്മാരെയും അത്മായ നേതാക്കളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**പതിരാ സമരം**

ഡൽഹിയിൽ നടക്കുന്ന കർഷകസമരത്തിന് പിന്തുണ അറിയിച്ച് പുതുവൽസര ദിനത്തിൽ കൽപ്പറ്റയിൽ വെച്ച് വയനാട് സംരക്ഷണ സമിതി സംഘടിപ്പിച്ച പതിരാ സമരത്തിൽ ജനസംരക്ഷ സമിതിയിലെ എല്ലാ വിഭാഗങ്ങളിൽ നിന്നുമായി എൺപതോളം അംഗങ്ങൾ പങ്കെടുത്തു. കൽപ്പറ്റ നഗരസഭാദ്ധ്യക്ഷൻ ഉദ്ഘാടനം നടത്തിയ സമരത്തിൽ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. തോമസ് മണക്കുന്നേൽ, ഫാ. ആന്റോ മമ്പള്ളി, സാലു മേച്ചേരിൽ, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ഏകദിന ഉപവാസ സമരം, ട്രാക്ടർ റാലി**

വിവിധ കർഷക സംഘടനകളുടെ നേതൃത്വത്തിൽ ജനുവരി 8 ന് നടത്തിയ ഏകദിന ഉപവാസ സമരവും, ജനുവരി 18 ന് നടത്തിയ ട്രാക്ടർ റാലിയും മാനന്തവാടി ഗാന്ധിപാർക്കിൽ ജനസംരക്ഷണസമിതി ചെയർമാൻ ഫാ. ആന്റോ മമ്പള്ളി ഉദ്ഘാടനം ചെയ്തു. കർഷകരോടും തൊഴിലാളികളോടും കേന്ദ്ര സർക്കാർ പുലർത്തുന്ന നീതിരഹിത സമീപനത്തോടുള്ള പ്രതിഷേധ സൂചകമായാണ് ഈ രണ്ടു പരിപാടികളും സംഘടിപ്പിച്ചത്.

എല്ലാ പ്രവർത്തനങ്ങളോടും സർവാത്മനാ സഹകരിച്ച എല്ലാവരേയും ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു, നന്ദി അറിയിക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
ജനറൽ കൺവീനർ

**ജയിൽ ദിനാഘോഷം**

വൈത്തിരി സ്പെഷ്യൽ സബ് ജയിലിലെ അന്തേവാസികളുടെ വിജ്ഞാന വിനോദ ഉപാധിയായ ജയിൽ ലൈബ്രറി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 300 ബുക്കുകൾ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി സംഭാവന നൽകി. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ജയിൽ സൂപ്രണ്ട് കെ.പി. അഖിൽ രാജിന് ബുക്കുകൾ കൈമാറി. ജയിൽ ദിനാഘോഷങ്ങളുടെ ഭാഗമായി 'വ്യക്തി കുടുംബം സമൂഹം' എന്ന വിഷയത്തിൽ ഫാ. ബിജോ കറുകപ്പള്ളി ക്ലാസ്സുകൾ എടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

തുടരാം ജാഗ്രത എന്ന പേരിൽ ഡിസംബർ 7 ന് 3 മണി മുതൽ 4 മണി വരെ നടത്തിയ തത്സമയ ഫോൺ ഇൻ പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഇൻ ചാർജ്ജ് ഡോ. ജി. ആർ. സന്തോഷ് കുമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി അഭിലാഷ് എന്നിവർ പങ്കെടുത്തു.

വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്ന വിഷയത്തിൽ ഡിസംബർ 29 ന് 3 മണി മുതൽ 4 മണി വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. അസിസ്റ്റന്റ് ജില്ലാ ഇൻഡസ്ട്രീസ് ഓഫീസർ പി. കുഞ്ഞഹമ്മദ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു.

കുടുംബശ്രീ നടപ്പിലാക്കുന്ന വിവിധ പദ്ധതികളേയും ഇൻഷുറൻസ് ആനുകൂല്യങ്ങളേയും കുറിച്ച് ശ്രോതാക്കൾക്ക് മനസ്സിലാക്കുന്നതിനായി ജനുവരി 04 ന് 4.15 മുതൽ 5.40 വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി സാജിത, എ.ഡി.എം. വാസുപ്രദീപ്, എ.ഡി.എം. മുരളി, എ.ഡി.എം ഹാരിസ് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

ജനുവരി 15 ന് താങ്ങും തണലും പരിപാടിയുടെ ഭാഗമായി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കിസാൻ ക്രെഡിറ്റ് കാർഡ്, കാർഷിക വായ്പകൾ, സംരംഭക വായ്പകൾ എന്നീ വിഷയത്തിൽ

ശ്രോതാക്കളുടെ സംശയങ്ങൾക്ക് മാനന്തവാടി ബ്ലോക്ക് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ എം. സുധാകരൻ മറുപടി നല്കി.

ജനുവരി 17 ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ പങ്കെടുത്ത പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. 2.30 മുതൽ 3 മണി വരെ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലയിലെ ജനങ്ങളുടെ പ്രശ്നങ്ങളും പരാതികളും കേൾക്കുകയും ജില്ലാ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.

**ഫാക്ട് ശാല ട്രെയിനിംഗ്**

Internews, DataLEADS എന്നിവ Google ന്റെ സഹകരണത്തോടെ SMART ന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോകൾക്കു വേണ്ടി നടത്തുന്ന മാധ്യമ സാക്ഷരതയുടെ ഭാഗമായി ഫാക്ട് ശാല ട്രെയിനിംഗ് സംഘടിപ്പിച്ചു. ഡിസംബർ 13 ന് റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ വെച്ച് നടത്തിയ ട്രെയിനിംഗിൽ 45 പേർ പങ്കെടുത്തു. ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ ക്ലാസ് എടുത്തു.

ഡിസംബർ 20 തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ ഫാക്ട് ശാല ട്രെയിനിംഗ് സംഘടിപ്പിച്ചു. പ്രോഗ്രാം പ്രൊഡ്യൂസർ പ്രജിഷ സുരേഷ് ക്ലാസ് എടുത്തു.

**പങ്കാളിത്തം**

തോണിച്ചാൽ കാരുണ്യനിവാസ് കമ്പ്യൂട്ടർ എഡ്യുക്കേഷൻ സെന്റർ നടത്തുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ കോഴ്സുകളുടെ ഉദ്ഘാടന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ പങ്കെടുത്തു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 23 ന് റേഡിയോ മാറ്റൊലി ടീം മീറ്റിംഗും ക്രിസ്തുമസ് ആഘോഷവും ഗിഫ്റ്റ് എക്സ്ചേഞ്ചും നടത്തി.

**ടീം മീറ്റിംഗ്**

പുതുവത്സരദിനത്തിൽ ടീം മീറ്റിംഗ് നടത്തി. മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം ഡയറക്ടർ ഫാ.പോൾ കൂട്ടാല അധ്യക്ഷത വഹിക്കുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## *ജയിൽ മിനിസ്ട്രി*

*'അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു'* (ലൂക്ക 15:7).

കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങൾക്കിടയിലും തടവറയിൽ കഴിയുന്നവരിലേക്ക് സ്നേഹത്തിന്റെ ആശ്വാസവചനങ്ങളുമായി യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ കടന്നു ചെല്ലുന്നു. ഈ കാലഘട്ടത്തിൽ ജയിലിൽ കഴിയുന്നവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിച്ചു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് മാനന്തവാടി ജില്ലാ ജയിലിൽ എഫ്. സി. സി. മാനന്തവാടി സെന്റ് മേരീസ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ച് സന്ദേശം നല്കി. വൈത്തിരി സബ്ബ് ജയിലിൽ എസ്. എച്ച്. സിസ്റ്റേഴ്സ് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു. ബഹു. എല്ലാ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

ജയിൽ ക്ഷേമ ദിനാഘോഷത്തിന്റെ ഭാഗമായി വൈത്തിരി സബ്ബ് ജയിലിൽ ജനുവരി 6 ന് വ്യക്തി, കുടുംബം, സമൂഹം എന്ന വിഷയത്തിൽ ബഹു. ബിജോ കറുകപ്പള്ളിയച്ചൻ ക്ലാസ്സ് എടുത്തു. അന്നേ ദിവസം തന്നെ ജയിൽ ലൈബ്രറി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 300 പുസ്തകങ്ങൾ കെ. സി. വൈ. എം. ദ്വാരക മേഖല ശേഖരിച്ചു നല്കി. പുസ്കങ്ങൾ നല്കിയ അഭിവന്ദ്യ ജോസ് പിതാവിനും ബഹു. അച്ചന്മാർക്കും, അവ കൈമാറിയ മേഖല ഡയറക്ടർ ബഹു. ബിജോ കറുകപ്പള്ളിയച്ചനും, പ്രസിഡന്റ് ബിബിൻ പിലാപ്പള്ളിയ്ക്കും പ്രത്യേകം നന്ദി പറയുന്നു. ജനുവരി 7ന് ജയിൽ ക്ഷേമദിനാഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ ഡയറക്ടർ ആശംസകൾ നേരുകയും, ജയിലിലെ അന്തേവാസികളോട് സംസാരിക്കുകയും അവർക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ്സ് ഫ്രട്ടേണി

കോവിഡിനെ തുടർന്ന് അടച്ചിട്ടിരുന്ന വിദ്യാലയങ്ങൾ ഭാഗികമായി പ്രവർത്തനം ആരംഭിച്ചു. 10,12 ക്ലാസുകളിൽ പൊതു പരീക്ഷക്ക് മുന്നോടിയായി ക്ലാസുകൾ തുടങ്ങി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വളരെ പ്രശംസനീയമായ രീതിയിലാണ് കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ ക്ലാസുകൾ നടക്കുന്നത്. ഇതിന് നേതൃത്വം നൽകുന്ന പ്രധാനാധ്യാപകർക്കും, അധ്യാപകർക്കും, ഭൗതീക സാഹചര്യങ്ങൾ ഒരുക്കുവാൻ സഹായിച്ച സ്ക്കൂൾ മാനേജർമാർക്കും നന്ദി അറിയിക്കുന്നു.

**റാങ്ക് ലിസ്റ്റ് രൂപീകരണം**

കോർപ്പറേറ്റ് എക്സാമിനേഷന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ ജനുവരി 1 മുതൽ ആരംഭിച്ചു. ഫെബ്രുവരി 28 -ാം തീയതിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.ceadom.in, www.ceadom.com എന്നീ വെബ്സൈറ്റുകളിലും, Corporate Educational Agency, Diocese of Mananthavady എന്ന ഫെയ്സ്ബുക്ക് പേജിലും Ceadom Mananthavady എന്ന ഫെയ്സ്ബുക്ക് അക്കൗണ്ടിലും, കോർപ്പറേറ്റ് ഓഫീസിൽ നിന്ന് നേരിട്ടും ലഭ്യമാണ്.

**കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ**

കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 13-01-2021 ന് കൊച്ചിയിൽ നടത്തപ്പെട്ട കേരളത്തിലെ മുഴുവൻ കോർപ്പറേറ്റ് മാനേജർമാരുടെയും, എയ്ഡഡ് സ്ക്കൂൾ മാനേജേഴ്സ് അസോസിയേഷൻ ഭാരവാഹികളുടെയും സംയുക്ത സമ്മേളനത്തിൽ 'National Education Policy 2020, Addressing the challenges and converting them into opportunities in our educational institutions' എന്ന വിഷയത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപുഴ സെമിനാർ നയിച്ചു.

കേരള എയ്ഡഡ് സ്ക്കൂൾ മാനേജേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയായി മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ തിരഞ്ഞെടുക്കപ്പെട്ടു.

**പ്രൊമോഷൻ, സ്ഥലംമാറ്റം അപേക്ഷകൾ**

2021–2022 വർഷത്തിലെ ഒഴിവ് വരുന്ന പ്രധാനാധ്യാപക തസ്തികയിലേക്ക് നിയമനത്തിന് യോഗ്യരായ അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം www.ceadom.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രധാനാധ്യാപകന്റെയും, സ്ക്കൂൾ മാനേജരുടെയും അംഗീകാരത്തോടെ 2021 ഫെബ്രുവരി 15 ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കണം.

2021 വർഷത്തിൽ സ്ഥലം മാറ്റത്തിന് ആഗ്രഹിക്കുന്ന അധ്യാപക-അനധ്യാപക ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷ 2021 ഫെബ്രുവരി 15 നകം കോർപ്പറേറ്റ് ഓഫീസിൽ നൽകേണ്ടതാണ്.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# വി. യൗസേപ്പ് പിതാവിനോടുള്ള പ്രാർത്ഥന

*(പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിൽ നിന്ന്)*

ഞങ്ങളുടെ രക്ഷകന്റെ സംരക്ഷകനായ വി. യൗസേപ്പ് പിതാവെ, പരിശുദ്ധ കന്യാമറിയത്തിന്റെ ജീവിതപങ്കാളിയേ, ദൈവം തന്റെ ഏകജാതനെ അങ്ങയെ ഭരമേൽപ്പിച്ചു. അങ്ങയോടുകൂടെയാണ് മിശിഹാ മനുഷ്യരൂപത്തിൽ വളർന്നത്. അങ്ങയുടെ പിതൃവാത്സല്യം ഞങ്ങളിലും ചൊരിയേണമേ, ജീവിതപാതയിൽ ഞങ്ങളെ നയിക്കേണമേ, അങ്ങ് ഞങ്ങൾക്ക് വേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥം യാചിച്ച് കൃപയും കരുണയും ധൈര്യവും വാങ്ങിതരേണമേ, തിൻമയിൽനിന്നു ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യേണമേ. ആമ്മേൻ.